പാലാ ക



ീ പ്രസിദ്ധീകരണം

T51
G765

കുഞ്ചന്റെ കവിത

പ്രസാധകന്മാർ

ദിലീപ് പബ്ലിഷേഴ്സ്

കുറുകച്ചാൽ, ചങ്ങനാശ്ശേരി.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

KUNJANTE KAVITHA

(A Critical Study)

by

Palai Gopalan Nair, M. A.

First Impression, April 1957

Rights Reserved


Publishers :

DILIP PUBLISHERS

Karukachal, Changanacherry

കുഞ്ചന്റെ കവിത

(ഒരു പഠനം)



T51/
G165

പാലാ ഗോപാലൻനായർ, എം. എ.

* 0 0
T51 G

DILIP PUBLISHERS
Karukachal, Changanacherry.

പകർപ്പവകാശം] 0-12-0

പാലാ ഗോപാലൻ നായരുടെ

കൃതികൾ

വേണുഗാനം	(കവിത)
ഒരു പൗരൻ പിറക്കുന്നു	,,
കന്യാകുമാരി—മറ്റു കവിതകളും	,,
രാഹുകാലം	(നാടകം)
നനയാത്ത കണ്ണുകൾ	,,
കവിയുടെ മകൾ	,,
യുവഹൃദയം	(നോവൽ)
എഴുത്തച്ഛന്റെ കവിത	(വിമർശനം)
ചെറുശ്ശേരിയുടെ കവിത	,,
കുഞ്ചന്റെ കവിത	,,

കുഞ്ചന്റെ കവിത

കുഞ്ചൻ നമ്പ്യാർ

അവ്യവസ്ഥിതവും എന്നാൽ അനശ്വരവുമായ കാല പ്രവാഹത്തിൽപ്പെട്ട് ബഹുസഹസ്രം ഗ്രന്ഥങ്ങൾ അടിഞ്ഞു പോകുമ്പോൾ, വാട്ടവും കോട്ടവുമശേഷമില്ലാതെ, ബഹുജ നാദരമാർജ്ജിച്ചു വിരാജിക്കുന്ന ചില മഹാഗ്രന്ഥങ്ങൾ എല്ലാ ഭാഷകളിലും കാണപ്പെടുന്നുണ്ട്. അതാതു ദേശങ്ങളിലെ സമൂഹജീവിതത്തിന്റെ ഊടുകളിലും പാവുകളിലും വ്യാപി ച്ചുനില്ക്കുന്ന ആശയങ്ങളുടെ കലവറകളായതുകൊണ്ടാണ്, അവയ്ക്കു വമ്പിച്ച വിപ്ലവങ്ങളേക്കൂടി അതിജീവിക്കുവാൻ കഴിയുന്നതു്. കേരളക്കരയെ സംബന്ധിച്ചു നോക്കുന്നതാ യാൽ, ഇത്തരം മഹാഗ്രന്ഥങ്ങളുടെ കർത്താക്കന്മാരായ രണ്ടു മഹാപുരുഷന്മാരാണ്, പെട്ടെന്നു നമ്മുടെ സ്മൃതിപഥത്തി ലുദിച്ചുയരുന്നതു്—തുഞ്ചനും, കുഞ്ചനും. ഇവർ മലയാള സാഹിത്യത്തിലെ ആദിത്യചന്ദ്രന്മാരാണ്. ഈ രണ്ടു തേജോഗോളങ്ങൾക്കെന്നപോലെ സാജാത്യങ്ങളും, അതോ ടൊപ്പം വൈജാത്യങ്ങളും ഇവർതമ്മിലുണ്ട്. ഭാവഗംഭീര നായ ഒരു യതിയുടെ മുൻപിൽ നില്ക്കുന്ന പ്രതീതിയാണ് എഴു ത്തച്ഛന്റെ കൃതികൾ വായിക്കുമ്പോൾ ഒരു സഹൃദയനനുഭാ വുക. എന്നാൽ നമ്പ്യാർ ഒരു നർമ്മസുഹൃത്താണ്; ഏതു തരക്കാരുടേയും ഏതു കാലത്തുള്ളവരുടേയും പണ്ഡിതനേയും പാമരനേയും, യജമാനനേയും, ഭൃത്യനേയും അദ്ദേഹം സമ ദൃഷ്ടിയോടെ വീക്ഷിക്കുന്നു; എല്ലാവരേയും ഒന്നുപോലെ പരി ഹസിക്കുന്നു, ചിരിപ്പിക്കുന്നു, രസിപ്പിക്കുന്നു. എഴുത്തച്ഛൻ ചില സാങ്കേതിക നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ആത്മഭാവാഹമായ കവികർമ്മം നിർവ്വഹിക്കുന്നതു്. കുഞ്ചന്റെ കവിതപോലുമാകട്ടെ, സർവ്വതന്ത്രസ്വതന്ത്രമാണ്. വടക്കുംകൂർ പ്രസ്താവിച്ചിട്ടുള്ളതുപോലെ, "തോട്ടി തട്ടിയെറിഞ്ഞുതോന്നി

യതു കാട്ടിനടക്കുന്ന ഒരു മദയാനയാണു് നമ്പ്യാരുടെ കവിതപം''. എഴുത്തച്ഛൻ അന്തർമുഖനാണെങ്കിൽ നമ്പ്യാർ ബഹിർമുഖനാണു്. ഗുരുപാദർ ആത്മചൈതന്യം നിറഞ്ഞ ഒരാദർശലോകം ചിത്രീകരിക്കുമ്പോൾ, ചുറ്റുപാടുമുള്ള ലോകത്തിന്റെ യഥാർത്ഥ ചിത്രം രചിക്കുകയാണു് കുഞ്ചൻ നമ്പ്യാർ. മഹർഷിയുടെ സ്ഥാനഭ്രംശത്തിലും വിട്ടുവീഴ്ച അല്പവും കാണിക്കാത്ത ധർമ്മകർക്കശനാണു് എഴുത്തച്ഛൻ. എന്നാൽ ചപലന്മാരുടെ ലോകത്തിൽ താനുമൊരു ചപലൻ എന്നാണു് നമ്പ്യാരുടെ ഭാവം. രണ്ടുപേരുടേയും ലക്ഷ്യം കേരളീയസമുദായത്തിന്റെ അഭിവൃദ്ധിയാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. എഴുത്തച്ഛൻ 'നാല്വമാറു'മാട്ടിക്കിട്ടിയ 'സ്നേഹ'സമ്പത്തുകൊണ്ടു് കേരളീയഗൃഹങ്ങളിൽ വാടാവിളക്കുകൾ കൊളുത്തി. എങ്കിലും അദ്ദേഹത്തിന്റെ കൃതികൾ പാമരജനങ്ങൾക്കു് അത്ര എളുപ്പത്തിൽ പ്രാപ്യങ്ങളല്ല. അവക്കു മദ്ധ്യവർത്തികളായ വഴികാട്ടികളുടെ സാഹായ്യം പല പ്പോഴും ആവശ്യമായിവരുന്നു. നമ്പ്യാരാകട്ടെ, തികഞ്ഞ ഒരു ജനകീയ കവിയാണു്. അദ്ദേഹത്തിന്റെ കൃതികൾ ഏതക്ഷരജ്ഞാനശൂന്യനും കേൾക്കുന്ന മാത്രയിൽ മനസ്സിലാകുന്നു; അവനതിൽ രസിക്കുന്നു. നമ്പ്യാർക്കവിതയുടെ ഏറ്റവും പ്രമുഖമായ വൈരിഷ്ട്യമിതാണു്.

നമ്പ്യാർ കലാസൃഷ്ടിയിലേർപ്പെട്ടിരിക്കുന്ന കാലഘട്ടത്തെപ്പറ്റി സ്മരിക്കുമ്പോഴാണു് എത്രകണ്ടു് വിപ്ലവാത്മകമായ ഒരു കർമ്മപരിപാടിയാണദ്ദേഹം കൈക്കൊണ്ടതെന്നു നമുക്കു മനസ്സിലാവുക. സംസ്കൃതഭാഷയും, സാഹിത്യത്തിനും സാഹ്വത്രികമായ പ്രാമാണികതപം കല്പിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. സംസ്കൃതമാതൃകകളിലുള്ള കൃതികൾക്കായിരുന്നു അക്കാലത്തു പ്രശസ്തിയും പ്രചാരവും. മണിപ്രവാളകവിയെ അരക്കവിയായി ഗണിക്കുന്ന പാരമ്പര്യമാണന്നു നിലവിലിരുന്നതു്. എല്ലാം സംസ്കൃതത്തിന്റെ

രുന്നലിലാണ് പുഷ്ടിപ്പെട്ടുകൊണ്ടിരുന്നതു്. ഈ സംസ്കൃതാധിപത്യം എത്രാണ്ടു് വലിയകോയിത്തമ്പുരാന്റെ കാലംവരെ നീണ്ടുനിന്നു. പണ്ഡിതന്മാർ ഭാഷാകവിതയെ ഒരവജ്ഞാദൃഷ്ടിയോടുകൂടിയാണു് വീക്ഷിച്ചുവന്നതു്. സാഹിത്യം അന്നു് സമുദായത്തിന്റെ മേലേക്കിടയിലുള്ളവരുടെ വിനോദസാധനമോ ഉറക്കമരുന്നോ മാത്രമായിരുന്നു. സാക്ഷരതപോലുമാനമോ ഇന്നത്തേതിൽ നിന്നു് എത്രയോ തുച്ഛമായിരുന്നിരിക്കണം. ഈ പശ്ചാത്തലത്തിലാണു് നമ്പ്യാരുടെ സാഹിത്യസൃഷ്ടികളെ നാം അപഗ്രഥിച്ചു പഠിക്കേണ്ടതു്.

ജീവചരിത്രം

നമ്പ്യാരുടെ ജീവിതകാലത്തെ സംബന്ധിച്ചു് എഴുത്തച്ഛനേതിനേക്കാളും വ്യക്തമായ ഒരു തെളിവുകളും നമുക്കു ലഭിച്ചിട്ടുണ്ടു്. കൊല്ലവർഷം 880-ാമാണ്ടിടയ്ക്കാണു് അദ്ദേഹത്തിന്റെ ജനനം. തിരുവിതാംകൂർ മലയാളത്തുള്ള കിള്ളിക്കുറിശ്ശിമംഗലമാണു് അദ്ദേഹത്തിന്റെ ജനനംകൊണ്ടു ധന്യമായിത്തീർന്ന ദേശം. നമ്പ്യാരുടെ അച്ഛൻ മീനച്ചിൽതാലൂക്കിൽപ്പെട്ട കിടങ്ങൂർ കല്ലമ്പള്ളി ഇല്ലത്തെ ഒരു നമ്പൂതിരിയായിരുന്നു. അദ്ദേഹത്തിനു് കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽ ശാന്തിയുണ്ടായിരുന്നു. അവിടെത്താമസിക്കുമ്പോഴാണു് അദ്ദേഹം നമ്പ്യാരുടെ മാതാവിനെ പരിണയിച്ചതു്.

നമ്പ്യാരുടെ ജനനത്തിനു കാരണഭൂതമായി പറയപ്പെടുന്ന ഒരു സംഭവത്തെപ്പറ്റി ഒരു കഥയുള്ളതിങ്ങനെയാണു്. "ഒരിക്കൽ ഒരിടുന്നും വിദേശീയനുമായ ഒരു നമ്പൂതിരി തന്റെ പെൺമക്കളെ വേളികഴിച്ചുകൊടുപ്പാനായി തിരുവിതാംകൂർ, കോഴിക്കോടു് മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരെക്കണ്ടു് സങ്കടംപറഞ്ഞു കിട്ടിയ ധനവുമായി വഴിയാത്രയിൽ കിള്ളിക്കുറിശ്ശിമംഗലത്തെത്തിച്ചേരുകയും, പണക്കിഴി കടവിൽ വെച്ചിട്ടു് ക്ഷേത്രക്കുളത്തിൽ കുളിപ്പാനിറങ്ങുകയും ചെയ്തു. അദ്ദേഹം കുളിയും ജപവുമൊക്കെ കഴിഞ്ഞു നോക്കിയ

പ്പോഴും താൻ വെച്ചിരുന്ന സഞ്ചി കണ്ടില്ല. ദുഃഖാക്രാന്തനായ നമ്പൂതിരി ദേവദർശനം കഴിഞ്ഞു് വിശ്രമിക്കുന്നതിനു് ക്ഷേത്രത്തിന്റെ അടുത്തുള്ള നമ്പ്യാർമഠത്തിൽ ചെന്നിരുന്നു. അവിടെയുള്ള പുരുഷന്മാരുമായി സംസാരിച്ചിരിക്കുമ്പോഴും നമ്പൂതിരി പ്രസംഗവശാൽ തനിക്കു പറ്റിയ ആപത്തിനെക്കുറിച്ചു പ്രസ്താവിക്കുകയും, അകത്തുനിന്നു് അതു കേട്ടുകൊണ്ടിരുന്ന നങ്ങ്യാർ, ''ഇതാണോ ആ പണസ്സഞ്ചി'' എന്നു ചോദിച്ചുകൊണ്ടു് നമ്പൂതിരിയുടെ കാണാതായ സഞ്ചി കൊണ്ടുവന്നു കൊടുക്കുകയും ചെയ്തു. നമ്പൂതിരി കുളിക്കുമ്പോഴും അവിടെ പുല്ലു തിന്നുകൊണ്ടു നടന്നിരുന്ന ഒരു പശു സഞ്ചി മൂടത്തക്കവണ്ണം ചാണകമിടുകയും ആ ചാണകം വാരിയെടുത്തപ്പോഴും അതു നങ്ങ്യാർക്കു കിട്ടുകയുമാണത്രേ ഉണ്ടായതു്. ഏതായാലും ക്ലേശിച്ചുണ്ടാക്കിയ തന്റെ പണം ഒരു പൈപോലും നഷ്ടംവരാതെ തിരിച്ചുകിട്ടിയപ്പോഴുള്ള ഒരിദ്രനായ നമ്പൂതിരിക്കുണ്ടായ സന്തോഷത്തിനു കണക്കില്ലാതായി; അദ്ദേഹം രണ്ടു കൈകളും ഉയർത്തി ''നിനക്കു യോഗ്യനായ പുത്രനുണ്ടാവട്ടെ'' എന്നു് ആ സ്ത്രീയെ അനുഗ്രഹിച്ചു; വിശിഷ്ടനായ ആ നമ്പൂതിരിയുടെ ആശംസാഫലമായുണ്ടായ സന്താനമാണു് കുഞ്ചൻനമ്പ്യാർ.''

ഈ ഐതിഹ്യം യഥാർത്ഥമോ സങ്കല്പജന്യമോ എന്നു തീർത്തു പറയുവാൻ നിവൃത്തിയില്ല. ഇതു നമ്പ്യാരുടെ പ്രശസ്തിയേയും മാതാവിന്റെ സൽസ്വഭാവത്തേയും സമ്മേളിപ്പിച്ചു് ആരുടേയോ മനോധർമ്മം മിടഞ്ഞെടുത്ത ഒരു കെട്ടുകഥയായിക്കൂടെന്നുമില്ല.

ഇതുപോലെ മറെറാരു കഥകൂടിയുള്ളതു്, കുഞ്ചനു് ഏഴു വയസ്സുള്ളപ്പോൾ സരസ്വതീദേവി പ്രത്യക്ഷപ്പെട്ടു് അനുഗ്രഹിച്ചുവെന്നും, ഉടൻതന്നെ ആ ബാലൻ ഗണപതിസ്തുതിയായി,

ഏകരദം ദ്വിരദമുഖം
ത്രിനയനതനയം ചതുർമ്മുഖാരാധ്യം
പഞ്ചമുഖോപാന്തസ്ഥം
ഷൺമുഖസഹജം നമാമി ഹേരംബം

എന്നു് തന്റെ പ്രഥമശ്ലോകം നിർമ്മിച്ച എന്നുമാണു്. (ഒറക്കൊമ്പനും, ഇരുകൊമ്പന്റെ (ആനയുടെ) മുഖത്തോടുകൂടിയവനും, മുക്കണ്ണന്റെ പുത്രനും, നാനുഖനായ ബ്രഹ്മാവിനാൽ ആരാധിക്കപ്പെട്ടവനും, പഞ്ചമുഖന്റെ (ശിവന്റെ) സമീപസ്ഥിതനും, അറുമുഖസഹോദരനുമായ ഗണപതിയെ ഞാൻ നമസ്കരിക്കുന്നു.)

നമ്പ്യാർക്കു് രാഘവൻ എന്ന നാമധേയത്തോടുകൂടി പണ്ഡിതനായ ഒരു മാതുലനും, രാമൻ എന്നൊരനന്തരവനും ഉണ്ടായിരുന്നതായിക്കാണുന്നു. നമ്മുടെ കഥാനായകനു് ഒരു സഹോദരൻകൂടി ഉണ്ടായിരുന്നുവെന്നുള്ളതും തീർച്ചയാണു്. രാമനെന്നും കൃഷ്ണനെന്നുമുള്ള പേരോടുകൂടിയ ആ സഹോദരന്മാരിൽ തുള്ളൽക്കഥാകർത്താവിന്റെ നാമധേയം ഏതായിരുന്നുവെന്ന കാര്യം വിവാദവിഷയമാണു്. കുഞ്ചൻ എന്നതു് ഒരോമനപ്പേരാണെന്നുള്ളതിനു സംശയമില്ല. നമ്പ്യാരുടെ ബാല്യവും പ്രാരംഭവിദ്യാഭ്യാസവും സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തുതന്നെയായിരുന്നുവെന്നാണു് ചില ജീവചരിത്രകാരന്മാർ അഭിപ്രായപ്പെട്ടതു്. അദ്ദേഹത്തിന്റെ ആദ്യഗുരു തൃക്കാരമണ്ണില്ലത്തെ ഒരു നാരായണഭട്ടതിരിയായിരുന്നുവെന്നും ഇവർക്കഭിപ്രായമുണ്ടു്. എന്നാൽ കൊട്ടാരത്തിൽ ശങ്കുണ്ണി പറയുന്നതു് നമ്പ്യാർ ബാല്യവും വിദ്യാഭ്യാസവും കഴിച്ചതു് കിടങ്ങൂർ, കോട്ടയം, കുടമാളൂർ എന്നീ ദിക്കുകളിലാണെന്നാണു്. കോട്ടയത്തു വിലവട്ടത്തുനമ്പ്യാരുടെ ഗൃഹത്തിലാണു് നമ്പ്യാർ അമ്മയോടൊത്തു താമസിച്ചിരുന്നതെന്നും, പ്രസിദ്ധ പണ്ഡിതനായിരുന്നതേക്കേടത്തു ഭട്ടതിരിയായിരുന്ന അദ്ദേഹത്തിന്റെ ഗുരു എന്നും ശങ്കുണ്ണി ഉറപ്പിച്ചു പറയുന്നു. ചെമ്പകശ്ശേരിരാജാവിന്റെ സഹോദരിയുടെ ഭർത്താവായിരുന്ന ഈ ഭട്ടതിരി വൈദുഷ്യനിധിയും വിദ്വത്പക്ഷപാതിയുമായിരുന്നുവെന്നു് മഹാകവി ഉള്ളൂരും പ്രസ്താവിക്കുന്നുണ്ടു്. ചെമ്പകശ്ശേരിയുടെ പതനത്തിനു

കുറെ കൊല്ലങ്ങൾക്കുമുമ്പുതന്നെ ഈ ഭട്ടതിരി രാമയ്യൻദളവയുടെ ചാരന്മാരിൽ ഒരാളായിത്തീർന്നുകഴിഞ്ഞിരുന്നുവെന്നും അറിവുണ്ട്. ഇദ്ദേഹത്തിന്റെ സാഹായ്യത്തോടുകൂടിയാണ് നമ്പ്യാർ ചെമ്പകശ്ശേരിരാജാവിന്റെ സേവകനായിത്തീർന്നത്. രാജാവിന്റെ തലസ്ഥാനം അമ്പലപ്പുഴയായിരുന്നുവെങ്കിലും അന്തഃപുരങ്ങളുംമറ്റും കോട്ടയത്തിനു സമീപമുള്ള കുടമാളൂരായിരുന്നു താമസിച്ചിരുന്നത്. അതിനാൽ രാജാവും കൂടെക്കൂടെ അവിടെ വന്നു താമസിക്കാറുണ്ടായിരുന്നു.

കുടമാളൂർത്താമസിക്കുന്ന കാലത്ത് രാജാവിന്റെ അന്തഃപുരങ്ങളുടെ ആവശ്യപ്രകാരം നമ്പ്യാർ ചില കൈകൊട്ടിക്കളിപ്പാട്ടുകൾ ഉണ്ടാക്കിയതായി പറയപ്പെടുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളം രചിക്കുവാനിടയായ സാഹചര്യത്തെക്കുറിച്ചുള്ള ഐതിഹ്യം പ്രസിദ്ധമാണല്ലോ. പാലക്കാട്ടുനിന്നും വന്ന ഒരു ശാസ്ത്രിയും ഭട്ടതിരിയുമായി രാജസദസ്സിൽവച്ചു വാദപ്രതിവാദം ഉണ്ടായി എന്നും, കുറച്ചുദിവസമായിട്ടും ആർക്കും ജയം ഉണ്ടാകാത്തതുകൊണ്ട് ഒരു നിശ്ചിതകാലത്തിനുള്ളിൽ രണ്ടുപേരും ഓരോ മണിപ്രവാളകാവ്യം നിർമ്മിക്കണമെന്ന് രാജാവ് ആവശ്യപ്പെട്ടുവെന്നും, പണ്ഡിതനെങ്കിലും കവനസാമർത്ഥ്യമില്ലാതിരുന്ന ഭട്ടതിരി വിഷാദകലുഷിതനായിക്കഴിഞ്ഞുകൂടിയെന്നും, നിശ്ചിതദിവസത്തിന്റെ തലേ രാത്രി അമ്പലപ്പുഴ വന്നുചേർന്ന നമ്പ്യാർ ഗുരുഗൃഹത്തിൽ അസമയത്തു വിളക്കുകണ്ട് അകത്തുവന്നു വിവരമന്വേഷിച്ചുവെന്നും, ഭട്ടതിരിയുടെ പതിനൊന്നു ശിഷ്യന്മാരെക്കൂടി എഴുത്തിനുവിളിച്ചുകൊണ്ട് ഓരോരുത്തർക്കും ഓരോ ശ്ലോകം എന്നമട്ടിൽ പറഞ്ഞുകൊടുത്തു പ്രഭാതമാകുന്നതിനുമുമ്പ് കാവ്യം മുഴമിച്ചു എന്നുമാണ് കഥ.

തുള്ളൽക്കഥകളിൽ പേർ പറയാതെ ഒരു ബ്രാഹ്മണഗുരുവിനെ സ്മരിച്ചിട്ടുള്ളതു് ഇദ്ദേഹത്തെ ആയിരിക്കുവാനാണ് ന്യായം. പേർ പറഞ്ഞുതന്നെ സ്മരിച്ചിട്ടുള്ള രണ്ടു ഗുരുക്കന്മാ

രാണു് ഉണ്ണിരവിക്കുറുപ്പും ദ്രോണമ്പള്ളി ആചാര്യനും. ഇവർ രണ്ടുപേരും തുള്ളലിനാവശ്യമായ കായികവും കലാപരവുമായ കാര്യങ്ങളിലാണു് നമ്പ്യാരുടെ ഗുരുസ്ഥാനം വഹിച്ചതെന്നാണു് ചിലരുടെ പക്ഷം. ദ്രോണമ്പള്ളിയെ സംബന്ധിച്ചിടത്തോളം ഈ ശരിയാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. പരമ്പരയാ ചെമ്പകശ്ശേരി രാജാവിന്റെ സേനാനായകന്മാരായിരുന്ന മാത്തൂർ പ്പണിക്കന്മാരുടെ ആയുധവിദ്യാഗുരുക്കന്മാരായിരുന്ന ദ്രോണമ്പള്ളിനായ്ന്മാർ. ''കളരിവിദ്യ'' എന്ന ഗ്രന്ഥത്തിൽ ദ്രോണമ്പള്ളിസമ്പ്രദായത്തെക്കുറിച്ചു് സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതായി കാണുന്നു. തുള്ളലിലെ നൃത്താദികൾക്കാവശ്യമായുള്ള കായികവിദ്യ ദ്രോണമ്പള്ളിയിൽനിന്നു പഠിച്ചിരിക്കുമെന്നു വിചാരിക്കാനാണു് ന്യായം.

''ക്ഷോണീമണ്ഡലംതന്നിലാകവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ''

എന്നു സഭാപ്രവേശത്തിലും,

''ദിക്കുപത്തും പുകഴ്ന്നോരു ദ്രോണമ്പള്ളി
നൽക്കുലഭ്രഷ്ടനൻ മദ്ഗുരുനായകൻ
വിക്രമവാരിധി വീരൻ വിശേഷജ്ഞൻ''

എന്നു കല്യാണസൗഗന്ധികത്തിലും കാണുന്ന സ്തുതികളിലെ 'വീരൻ', 'വിക്രമവാരിധി' എന്നീ വിശേഷണപദങ്ങളും മുൻപറഞ്ഞ നിഗമനത്തിനു് ഉദ്ബലകങ്ങളാണു്.

ഇനി ഉണ്ണിരവിക്കുറുപ്പിനെപ്പറ്റി നോക്കാം. നാരായണഭട്ടതിരിയിൽനിന്നും വ്യാകരണപര്യന്തം നമ്പ്യാർ പഠിച്ചതായി വിചാരിക്കാം. എന്നാൽ തർക്കം, ജ്യോതിഷം, വേദാന്തം മുതലായി മറ്റു ശാസ്ത്രങ്ങളിലും നമ്പ്യാർക്കു് അവഗാഹമുള്ളതായി തുള്ളലുകളിൽനിന്നും തെളിയുന്നുണ്ടു്. ഇവയിൽ ചിലതു് കുറുപ്പിന്റെ പക്കൽനിന്നും പഠിച്ചിരിക്കാം.

''ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസത്കവനന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കുമ്പി കവിചൊൽവാൻ തുടങ്ങുന്നേൻ''

എന്ന 'സഭാപ്രവേശ'ത്തിലും,

''ചണ്ഡികാദേവിയെ സേവിച്ചുമേവിടും
ഉണ്ണിരവിയെന്ന പേരായ പുരുഷൻ
പുണ്യപൂരാകരൻ നമ്മുടെ ദേശികൻ
കണ്ണിണകൊണ്ടൊന്നനുഗ്രഹിക്കേണമേ''

എന്നു 'സുന്ദോപസുന്ദോപാഖ്യാന'ത്തിലും മറ്റും വർണ്ണിച്ചിച്ചിരിക്കുന്നതു പരിശോധിച്ചാൽ ഒരു വൈദ്യം ആയുധവിദ്യാഗുരുവിന്റേയോ കലാപ്രോത്സാഹകന്റേയോ നിലയിലല്ല, നമ്പ്യാർ അദ്ദേഹത്തെ കരുതുന്നതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

വിദ്യാഭ്യാസാനന്തരം നമ്പ്യാർ ഒരു ദേശസഞ്ചാരം ചെയ്തതായി അദ്ദേഹത്തിന്റെ ചില കൃതികളിൽനിന്നും മറ്റും നമുക്കു മനസ്സിലാക്കാം. കോലത്തുനാട്ട്, വെട്ടത്തുനാട്ട്, മുള്ളക്കര, ചേന്നമംഗലം, വടക്കാഞ്ചേരി, ഗുരുവായൂർ മുതലായ സ്ഥലങ്ങളിൽ അദ്ദേഹം ചുറ്റിത്തിരിഞ്ഞതായി പറയപ്പെടുന്നു. ഇക്കൂട്ടത്തിൽ കോലത്തുനാട്ടിൽവെച്ച് തനിക്കുണ്ടായ അനുഭവത്തെ മുൻനിർത്തിയാണു്,

കോലഭൂപസ്യനഗരേ വാസരാഃ ഹരിവാസരാഃ
മശകൈർമക്ഷണെശ്ചാപി രാത്രയഃ ശിവരാത്രയഃ

(കോലഭൂപന്റെ നഗരത്തിൽ പകലുകളൊക്കെ ഏകാദശികളും, കൊതുകു്, മൂട്ട എന്നിവയെക്കൊണ്ടു് രാത്രികളൊക്കെ ശിവരാത്രികളുമാണു്.) ഈ ദേശസഞ്ചാരം അമ്പലപ്പുഴയെത്തുന്നതിനുമുമ്പു കഴിഞ്ഞുവെന്നാണു് മഹാകവി ഉള്ളൂർ, എം. ആർ. ബാലകൃഷ്ണവാര്യർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നതു്. സാഹിത്യചരിത്രകർത്താവായ ആർ. നാരായണപ്പണിക്കരുടെ അഭിപ്രായത്തിൽ

അമ്പലപ്പുഴെ അസ്വസ്ഥതകളും വർദ്ധിച്ചുതുടങ്ങിയതോടുകൂടി യായിരിക്കണം നമ്പ്യാർ വടക്കൻദിക്കുകളിലേയ്ക്കു പോയതു്. എപ്പോഴും അമ്പലപ്പുഴെത്തന്നെ കഴിഞ്ഞുകൂടുവാൻ നമ്പ്യാർ നിർബ്ബന്ധിതനല്ലായിരുന്നു. സ്വാതന്ത്ര്യശീലനും ഉത്സാഹ സമ്പന്നനുമായിരുന്ന അദ്ദേഹം മറ്റു സ്ഥലങ്ങളിലേയ്ക്കും ഇട യ്ക്കിടയ്ക്കു് പോയിക്കൂടെന്നില്ലല്ലോ. പോരെങ്കിൽ, കിള്ളിക്കുറിശ്ശി മംഗലത്തുകാരനായ അദ്ദേഹത്തിനു വല്ലപ്പോഴുമെങ്കിലും ഉത്തര കേരളത്തിലേയ്ക്കു പോകാതേയും തരമില്ലായിരുന്നുവല്ലോ.

ഏതായാലും കേരളത്തിന്റെ നാനാഭാഗങ്ങളുമായി അടുത്തു പരിചയമുള്ള ആളായിരുന്നു നമ്പ്യാർ എന്നു് അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന സ്തുതികളിൽനിന്നും ദേശ്യപദപ്രയോഗങ്ങ ളിൽനിന്നും നമുക്കു മനസ്സിലാക്കാം. കൊല്ലം 929-ലാണു് ചെമ്പകശ്ശേരി, മാത്താണ്ഡവർമ്മാവിനടങ്ങിയതു്. ഇതിനു മുമ്പു തന്നെ നമ്പ്യാർ തിരുവനന്തപുരത്തു താമസം തുടങ്ങിയതായി ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ചിലവു കണക്കുകളിൽ കാണുന്നു. 919-ാമാണ്ടു് കുംഭമാസം 30-ാംതീയതി കൊട്ടാര ത്തിൽ പാക്കുന്ന കുഞ്ഞൻനമ്പ്യാർക്കു കാലിൽ ദീനമാകയാൽ മരുന്നുവിലയ്ക്കു കൊട്ടാരത്തിൽനിന്നു് ഇരുപത്തിമൂന്നു പണം കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. 922-ലും നമ്പ്യാരെ പ്പറ്റി പ്രസ്താവിക്കുന്ന ഒരു രേഖയുണ്ടു്. ഒടുവിലത്തെ ചെമ്പക ശ്ശേരിരാജാവും മാത്താണ്ഡവർമ്മയും വളരെ കാലത്തേയ്ക്കു സുഹൃത്തു ക്കളായിരുന്നുവെന്നാണു കേൾവി. ഏതായാലും ചെമ്പകശ്ശേരി കീഴടങ്ങുന്നതിനുമുമ്പുതന്നെ നമ്പ്യാർ മാത്താണ്ഡവർമ്മയുടെ സേ വകനായിത്തീർന്നുകഴിഞ്ഞിരുന്നു എന്നുള്ളതു നിസ്സന്ദേഹമാണു്. 933-ൽ അദ്ദേഹത്തിനേറെയും 934-ൽ രാമവർമ്മാവിനേറെയും പക്കൽനിന്നു് ഓരോ വീരശൃംഖല നമ്പ്യാർക്കു സമ്മാനമായി ലഭിച്ചു എന്നതിനും രേഖയുണ്ടു്. ഈ രേഖകളിൽ "കുഞ്ഞൻ നമ്പ്യാർ" എന്ന പേർതന്നെയാണുപയോഗിച്ചിരിക്കുന്നതു്.

തിരുവനന്തപുരത്തെ താമസത്തിനിടയ്ക്കു അദ്ദേഹം പല ഫലിതങ്ങളും പ്രയോഗിച്ചു വഞ്ചിരാജാക്കന്മാരെ പ്രീതിപ്പെടുത്തിയതായി കഥകളുണ്ട്. 919-മാണ്ടു് അല്പശി ഉത്സവത്തിനു് കുഞ്ചൻനമ്പ്യാർക്കു് രണ്ടേകാലും കോപ്പും അനുവദിച്ചിരുന്നു. മാത്താണ്ഡവർമ്മയുടെ കാലമതുമുതൽ ഈ അനുഭവം അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. എന്നാൽ പില്ക്കാലത്തു് ഇതിനു ചില അറകറാങ്ങളും കണ്ടുതുടങ്ങി. ഇതിനെപ്പറ്റിയാണു്,

രണ്ടേകാലെന്നു കല്പിച്ചു—രണ്ടേകാലെന്നിതെന്നും
ഉണ്ടോകാലെന്നു പണ്ടാല—ഉണ്ടില്ലിന്നിതുനേരവും.

എന്നു മഹാരാജാവിന്റെ അടുക്കൽ പരാതിപറഞ്ഞതു്. ഇതുപോലെതന്നെ, ''അരുതുപൊരുതുകൊംവാൻ കൊട്ടണത്തോടനിക്കു'' എന്ന ആവലാതിയുടെ ഫലമായിട്ടായിരുന്നുവത്രെ മാത്താണ്ഡവർമ്മ പക്കത്തുതു് ഊണേർപ്പാടുചെയ്തതു്. കാലാന്തരത്തിൽ ഇതും അസഹ്യമായിത്തീർന്നപ്പോഴാണു്, ''അല്ലാ പയ്യേ! നിനക്കും പക്കത്താണോ ചോറു'' എന്ന ഫലിതപ്രയോഗം കൊണ്ടു് കാർത്തികതിരുനാളിൽനിന്നും ഭക്ഷണസംബന്ധമായ കൂടുതൽ ആനുകൂല്യങ്ങളും അദ്ദേഹത്തിനു ലഭിച്ചതെന്നു പറയപ്പെടുന്നു. ''ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം'', ''കളഭം കലക്കിയ കുളം'', ''കാതിലോല, നല്ലതാളി,''

''നമ്പിയാരെന്നു ചോദിച്ചു—നമ്പിയാരെന്നുചൊല്ലിനേൻ
നമ്പികേട്ടഥകോപിച്ചു—തമ്പുരാനെ പൊറുക്കണേ!'',

''പൂജ്യസ്വം സുജനൈരഹംച വടുഭിഃ ശത്രുക്കളാലനവഹം....'' ''പത്തും വിസ്തൃതം'' എന്നാരംഭിക്കുന്ന പദ്യത്തിന്റെ ആവർത്തനവും വ്യാഖ്യാനവും, ''കരിക്കാടിക്കാഞ്ഞാൽ ശിവശിരസി ജന്മാന്തരമതിൽ'' എന്നു തുടങ്ങുന്ന പദ്യം എന്നിങ്ങനെ നിരവധി പൊടിക്കൈകളും ഇക്കാലത്തു പ്രയോഗിച്ചതായി ഐതിഹ്യമുണ്ടു്. കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിലെ ബലിക്കൽപ്പുരയിൽ കാണുന്നു.

ശ്രീ ബലിപ്രസ്ഥരശ്ശംഭോഃ—ശ്രീ ശുകാലയ വാസിനഃ
രാമേണ പാണിവാദേന—കാരിതോ ഭ്രതയേ ധ്രുവം.

എന്ന പദ്യത്തെ ആസ്പദമാക്കിയുള്ള ഐതിഹ്യവും ഇക്കൂട്ടത്തിൽ സ്മരണീയമാണ്. എന്നാൽ ഇതിനു കുഞ്ചൻനമ്പ്യാരുമായി ഒരു ബന്ധവുമില്ലെന്നാണുള്ളൂരിന്റെ അഭിപ്രായം.

വാഗ്ധ്യമായതോട്ടകൂടി നമ്പ്യാർ രാജധാനിയിലെ സേവാവൃത്തി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും,

"നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻപാദം തലോടീചിരം
പാലഞ്ചുംമൊഴിതന്നപാംഗവലയിൽ ചാടീട്ടഴന്നേൻ ചിരം
കോലംകെട്ടുക കോലകങ്ങളിൽ നടക്കെന്നുള്ള വേലയ്ക്കിനി-
ക്കാലം വാഗ്ധ്യമകകൊണ്ടടിയനെ ചാടിക്കൊലാ ഭ്രുപതേ!"

എന്നിങ്ങനെ ഒരു പദ്യം മഹാരാജാവിനു് അടിയറവെയ്ക്കുകയും, അദ്ദേഹം സന്തുഷ്ടനായി അമ്പലപ്പുഴ ക്ഷേത്രത്തിൽ ചില അവകാശങ്ങളും നമ്പ്യാർക്കു് അനുവദിച്ചുകൊടുക്കുകയും ചെയ്തതായി പറയപ്പെടുന്നു. 940–ാമാണ്ടോടുകൂടിയാണു് അദ്ദേഹം തിരുവനന്തപുരത്തുനിന്നും അമ്പലപ്പുഴത്താമസമാക്കിയതു്. 945–ൽ ഒരു പേപ്പട്ടിയുടെ കടിയേറ്റു ചികിത്സയിലിരിക്കേ അമ്പലപ്പുഴ തിരുമൽപ്പാടിന്റെ ഗൃഹത്തിൽ മാംസമടിയന്തിരത്തിനു് മൃഷ്ടാന്നമായി ഊണുകഴിച്ചതിനാൽ രോഗം മൂർച്ഛിച്ചു മൃതിയടഞ്ഞുവെന്നാണു് വിശ്വസിക്കപ്പെടുന്നതു്.

എന്നാൽ നമ്പ്യാരുടെ ഭവനത്തിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ഒരു ചരമശ്ലോകത്തെ മുൻനിർത്തി നോക്കുമ്പോൾ അദ്ദേഹത്തിന്റെ ചരമം 956 മിഥുനത്തിലായിരുന്നുവെന്നാണു് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം.

"കൊല്ലം തൊള്ളായിരത്താണ്ടിരുപതുമിരുപ-
ത്താറുമേവഞ്ച പത്തും

ചെന്നീട്ടന്നോരുകാലം മിഥുനമുപഗതേ
ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേ പക്ഷേ ചതുർത്ഥീചതയയുതദിനേ
മാതുലഃ കൃഷ്ണനാമാ
വിഷ്ണോസ്സായുജ്യമാപ്നോ ദ്വിഹിതഹരിനമ-
സ്യാദികോ ദോഷഹീനം''

എന്നതാണാ പദ്യം. പി. കെ. ഈ കാലഗണനയെ അംഗീകരിക്കുന്നില്ല. കൊല്ലം 945-ൽ ചൊക്കട്ടാമണ്ഡപത്തിലിരുന്ന മഹാരാജാവും തേക്കേടത്തു ഭട്ടതിരിയും മേലെഴുത്തുപിള്ളയും, ഋഷിനമ്പൂതിരിപ്പാട്ടുംകൂടി വ്യവസ്ഥയാക്കിയ പായസപ്പുകർച്ച ക്കണക്കിൽ നമ്പ്യാരുടെ ഇനം കാണാതിരിക്കകൊണ്ട് അപ്പോഴേയ്ക്കും നമ്പ്യാർ മരിച്ചിരിക്കുന്നതായി വിചാരിക്കാമെന്നാണ ദ്ദേഹത്തിന്റെ അഭിപ്രായം. എന്നാൽ പായസക്കണക്കിൽ പേരില്ലെന്നുള്ളതുകൊണ്ടുമാത്രം അതിനുമുമ്പു മരിച്ചിരിക്കുമെന്നു വിശ്വസിക്കുന്നതു കുറെ സാഹസമാണ്. ഭരണകാര്യങ്ങളും ആകെപ്പാടെ കുഴഞ്ഞുമറിഞ്ഞു കിടന്ന ആ കാലത്തു് മറവുവല്ല കാരണവശാലും അങ്ങനെ സംഭവിക്കാൻ പാടില്ലായ്കയില്ല. തുള്ളൽക്കഥയുടെ കർത്താവായിരുന്ന ഈ കൃഷ്ണൻനമ്പ്യാരെങ്കിൽ അദ്ദേഹത്തിന്റെ സംഹിതുസിദ്ധികളെപ്പറ്റി അനന്തരവൻ ഒരക്ഷരംപോലും പറയാതിരിക്കുമായിരുന്നോ എന്നും നുമയമായി ചോദിക്കാവുന്നതാണ്. ഒരു വിഷ്ണുഭക്തനായിരുന്നുവെന്ന മാത്രമേ ഈ പദ്യംകൊണ്ടു കിട്ടുന്നുള്ളൂ. ഇതിനും സമാധാനം പറയാൻ വയ്യായ്കയില്ല. ചരമശ്ലോകമെഴുതിയ ആൾക്കു് ചരമദിനം കുറിക്കണമെന്നില്ലാതെ മാതുലന്റെ ഗുണഗണങ്ങളും വാസ്തവമെന്നുദ്ദേശമുണ്ടായിരുന്നില്ലെന്നു വരാമല്ലോ. പോരെങ്കിൽ ഈ പദ്യത്തിന്റെ കർത്താവു് അപ്രഗത്ഭനായ ഒരെഴുത്തുകാരനാണെന്നുള്ളതിലും സംശയമില്ല. മാത്രമല്ല. കലക്കത്തുനമ്പ്യരുടെ 'പ്രബോധചന്ദ്രോദയ'ത്തിനു് 'നാടകാഭരണം' എന്ന പേരോടു

കൂടിയ ഒരു വ്യാഖ്യാനം ഈ കൃഷ്ണൻനമ്പ്യാർ എഴുതിയിട്ടുള്ളതായി കാണുന്നുമുണ്ട്.

കുഞ്ചൻനമ്പ്യാരും രാമപാണിവാദനും

നമ്പ്യാരുടെ ജീവചരിത്രത്തിലെ ഏറ്റവും വിവാദവിഷയമായിട്ടുള്ള ഒന്നാണ് അദ്ദേഹത്തിന്റെ നാമധേയം. കൊല്ലം പത്താംശതകത്തിൽ കലക്ത്തുകുടുംബത്തിൽ രാഘവൻ, രാമൻ, കൃഷ്ണൻ, രാമൻ എന്നിങ്ങനെ നാലുപേരുണ്ടായിരുന്നുവെന്നും അവിടെനിന്നും കിട്ടിയിട്ടുള്ള ചില പദ്യങ്ങളിൽനിന്നു മനസ്സിലാക്കാം. ഇവരിൽ രാമകൃഷ്ണന്മാർ സഹോദരന്മാരും ദ്വിതീയരാമൻ അവരുടെ അനന്തരവനും രാഘവൻ മാതുലനും ആയിരുന്നു. ഈ രാഘവൻനമ്പ്യാരായിരിക്കാം ശുകസന്ദേശം ആട്ടക്കഥയുടെ കർത്താവ്. ജ്യേഷ്ഠാനുജന്മാരായ രാമകൃഷ്ണന്മാരെപ്പറ്റിയാണ് അഭിപ്രായവ്യത്യാസം. സീതാരാഘവം, രാഘവീയം, ചന്ദ്രികാവീഥി, ലീലാവതീവീഥി, വിഷ്ണുവിലാസം, കംസവധം, ധാതുകാവ്യവ്യാഖ്യ, പ്രാകൃതപ്രകാശവൃത്തി എന്നിങ്ങനെ ഒരു ഡസനിൽ കൂടുതൽ പ്രൌഢസംസ്കൃതകൃതികളുടെ രചയിതാവായിരുന്നു പ്രഥമരാമൻ. മേൽപ്രസ്താവിക്കപ്പെട്ട കൃതികളിലെ ആഭ്യന്തരതെളിവുകളിൽനിന്നും അദ്ദേഹം വെട്ടത്തുനാട്ട്, ചേന്നമംഗലം, മുകുന്ദപുരം, അമ്പലപ്പുഴ, തിരുവനന്തപുരം എന്നീ രാജധാനികളിൽ അതാതു ഭരണാധിപന്മാരെ ആശ്രയിച്ചു ജീവിച്ചിട്ടുണ്ടെന്നു വ്യക്തമാകുന്നു. ഈ കാലത്തുതന്നെയാണ് കുഞ്ചൻനമ്പ്യാർ അമ്പലപ്പുഴ, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ താമസിച്ച് തുള്ളൽക്കഥകളും നിർമ്മിച്ചിട്ടുള്ളതും.

തിരുവനന്തപുരത്തുള്ള വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽനിന്നും, ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽനിന്നും കിട്ടിയിട്ടുള്ള ചില രേഖകളിൽനിന്ന് മാത്താണ്ഡവർമ്മാവും, രാമവർമ്മാവും കുഞ്ചൻനമ്പ്യാർക്കു പല സമ്മാനങ്ങളും നൽകിയതായി തെളി

യുന്നു. എന്നാൽ രാഘവീയാദികൃതികളുടെ കർത്താവും മഹാപണ്ഡിതനുമായ രാമപാണിവാദനു് ഒരു സംഭാവനയും ചെയ്യുതായിക്കാണുന്നില്ല. ഇതിൽനിന്നു് മഹാകവി ഉള്ളൂരിന്റെ നിഗമനം കുഞ്ചൻനമ്പ്യാരും രാമപാണിവാദനും അഭിന്നരാണെന്നാണു്. കുഞ്ചൻനമ്പ്യാരുടേതെന്നു് പ്രസിദ്ധിയുള്ള ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെയും പഞ്ചതന്ത്രം കിളിപ്പാട്ടിന്റേയും തുള്ളിയോലപ്പകർപ്പുകളിൽക്കാണുന്ന കുറിപ്പുകളിൽ അവ രാമപാണിവാദനിർമ്മിതമെന്നു പറഞ്ഞിരിക്കുന്നതു് മഹാകവിയുടെ വാദത്തിനുപോദ്ബലകമാണുതാനും. രുക്മാംഗദചരിതം, നളചരിതം കിളിപ്പാട്ടു്, ശിവപുരാണം കിളിപ്പാട്ടു് എന്നീ കൃതികളുടെ ചില പകർപ്പുകളിലും ഈ മാതിരി കുറിപ്പുകളുള്ളതായി അദ്ദേഹം പറയുന്നു. അതുകൊണ്ടു് രാമകൃഷ്ണന്മാരിൽ കൃഷ്ണൻ കുടുംബഭരണവുമായിക്കഴിഞ്ഞുകൂടിയ ഒരു സാധാരികനായിരുന്നുവെന്നും രാമപാണിവാദനാകുന്ന കുഞ്ചൻനമ്പ്യാരാണു് സംസ്കൃതത്തിലും മലയാളത്തിലുമുള്ള ഗ്രന്ഥങ്ങളെല്ലാം രചിച്ചതു് എന്നുമുള്ള തീരുമാനത്തിലാണു് മഹാകവി ഉള്ളൂർ എത്തിച്ചേരുന്നതു്. രാമൻനമ്പ്യാർ ജ്യേഷ്ഠനും സംസ്കൃതകൃതികളുടെ കർത്താവുമായിരുന്നുവെന്നു് വിചാരിക്കുകയാണെങ്കിൽ, അനുജൻ മഹാകവി മൂർദ്ധന്യനായ രാമപാണിവാദനെ തന്റെ കവിതകളിൽ സ്മരിക്കുകപോലും ചെയ്യാതിരിക്കുമോ എന്നു് മഹാകവി ചോദിക്കുന്നു. നേരേമറിച്ചു്, തുള്ളൽക്കഥാകർത്താവായ കുഞ്ചൻനമ്പ്യാർ ജ്യേഷ്ഠനായിരുന്നുവെങ്കിലും ഇങ്ങനെയൊരു സംശയമുണ്ടാകാം. സംസ്കൃതകവിയല്ലെങ്കിലും അക്കാലത്തെ ഏറ്റവും വലിയ ഭാഷാകവിയായിരുന്ന തന്റെ ജ്യേഷ്ഠനെ രാമപാണിവാദനും എപ്പോഴെങ്കിലും സ്മരിക്കേണ്ടതാണല്ലോ. ഇതു ന്യായമായ സംശയമാണെന്നു തോന്നാമെങ്കിലും ചില സമാധാനങ്ങളും പറയാനില്ലാതില്ല. രണ്ടുപേരുടേയും മാതുലനായിരുന്ന രാഘവൻനമ്പ്യാരെ രണ്ടുപേരും സ്മരിച്ചുകാണുന്നില്ല. മാത്രമല്ല, ഗ്രന്ഥങ്ങളുടെ പ്രാരം

ഭത്തിൽ സ്തുതിക്കാറുള്ളതു് പ്രായേണ ഗുരുക്കന്മാരേയും, സംരക്ഷകന്മാരേയുമാണെന്നുള്ളതും നാം ഓർക്കേണ്ടതാണു്.

സാഹിത്യചരിത്രകർത്താവായ ശ്രീ ആർ. നാരായണപ്പണിക്കരും, 'കുഞ്ചൻനമ്പ്യാർ' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ശ്രീ എം. ആർ. ബാലകൃഷ്ണവാര്യരും മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തോടു യോജിക്കുന്നുണ്ടു്. എന്നാൽ വടക്കുംകൂർ രാജരാജവർമ്മ, ഡാക്ടർ ഗോദവർമ്മ, ആറന്മുർ കൃഷ്ണപ്പിഷാരടി, ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ തുടങ്ങിയ ഒട്ടധികം പണ്ഡിതന്മാർ ഉള്ളൂരിന്റെ അഭിപ്രായത്തോടു വിയോജിക്കുന്നു. ശ്രീ ഡി. പി. ഉണ്ണി പറയുന്നതു്, കുഞ്ചൻനമ്പ്യാർതന്നെ തന്റെ മുൻപിൽവന്നു്, താനാണു് സീതാരാഘവാദി സംസ്കൃതഗ്രന്ഥങ്ങളും രചിച്ചതെന്നു പറഞ്ഞാൽക്കൂടി താനതു വിശ്വസിക്കയില്ലെന്നാണു്. ഉള്ളൂലിലും സംസ്കൃതഗ്രന്ഥങ്ങളിലും കാണുന്ന വ്യക്തിപ്രഭാവങ്ങളും, ശൈലീവിശേഷങ്ങളും ഒരുവിധത്തിലും പൊരുത്തപ്പെടുന്നവയല്ലെന്നുള്ളതാണു് ഈ അഭിപ്രായക്കാരുടെ പ്രധാനമായ വാദം. എന്നാൽ നമ്പ്യാരുടെ കൃതികളിൽനിന്നു് അദ്ദേഹത്തിനു് സംസ്കൃതത്തിൽ വിപുലമായ ഗ്രന്ഥപരിചയമുണ്ടെന്നു തീരുമാനിക്കാമെന്നും അദ്ദേഹം 'ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കു' കൂട്ടുവാനായിട്ടാണു് ലളിതവും നാടോടിയുമായ ഭാഷാരീതി സ്വീകരിച്ചിരിക്കുന്നതെന്നുമാണു് ഉള്ളൂർ പ്രസ്താവിക്കുന്നതു്.

കുഞ്ചനും രാമപാണിവാദനും ഭിന്നരാണെന്നു വാദിക്കുന്നവരുടെ മറ്റു വാദമുഖങ്ങളും ഇങ്ങനെ സംഗ്രഹിക്കാം (1) കിള്ളിക്കുറിശ്ശിമംഗലത്തിന്റെ സംസ്കൃതരൂപമായി നമ്പ്യാർ അംഗീകരിച്ചിട്ടുള്ളതു് ''ശുകപുര''മാണു്. എന്നാൽ രാമപാണിവാദൻ ''മംഗലഗ്രാമം'' എന്ന രൂപമാണു് സ്വീകരിച്ചിരിക്കുന്നതു്. (2) രാമപാണിവാദൻ ശ്രീനാരായണഭട്ടപാദരെ എല്ലാ കൃതികളിലും സ്തുതിക്കുന്നു. എന്നാൽ കുഞ്ചൻനമ്പ്യാർ ഉണ്ണിരചിക്കു

പ്പ്, ദ്രോണമ്പള്ളിആചായ്യൻ എന്നിവരെയാണ് സ്മരിക്കുന്നത്. നാമനിർദ്ദേശംചെയ്യാതെ ഒരു ഗുരുവിനെ സ്മരിച്ചിട്ടുണ്ടെങ്കിലും അതു നാരായണഭട്ടതിരിയെ ആണെന്നു തീരുമാനിക്കുവാൻ നിവൃത്തിയില്ല. (3) തുള്ളൽക്കഥകളിൽ ആപാദചൂഡം കാണുന്ന രസികതയും പരിഹാസധോരണിയും രാമപാണിവാദകൃതികളിൽ കാണുന്നില്ല. (4) ശ്രീകൃഷ്ണചരിതം, പഞ്ചതന്ത്രം തുടങ്ങിയ ഗ്രന്ഥങ്ങളുടെ ചില പകർപ്പുകളിൽ കാണുന്നതായി പറയപ്പെടുന്ന കുറിപ്പുകളുടെ വിശ്വാസ്യത സംശയാസ്പദമാണ്. (5) രാമപാണിവാദൻ തന്റെ നാമധേയം പല കൃതികളിലും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും തുള്ളൽക്കഥകളിലൊരിടത്തുപോലും അങ്ങനെ ചെയ്യുന്നില്ല. (6) ''കൊല്ലം തൊള്ളായിത്താണ്ട്'' എന്നു തുടങ്ങുന്ന പദ്യം സാക്ഷാൽ കുഞ്ചന്റെ ചരമത്തെത്തന്നെയാണ് കുറിയ്ക്കുന്നത്.

ആറാമർ കൃഷ്ണപ്പിഷാരടി 1956-ലെ 'മാതൃഭൂമി' വിശേഷാൽപ്രതിയിൽ കലക്കത്തെ ഒരു മുത്തശ്ശി പറഞ്ഞ കഥ ഉദ്ധരിക്കുകയുണ്ടായി. കഥയിതാണ്. ''ഞങ്ങളുടെ കുടുംബത്തിൽ പരമ്പരയായിത്തന്നെ കൃഷ്ണൻ എന്ന പേരിട്ടാൽ എത്ര കേമനായാലും തറവാട്ടിലേക്കു ഗ്രഹണം കുറവാണ്; സാക്ഷാൽ കുഞ്ചൻനമ്പ്യാരുടെ കഥതന്നെ അങ്ങനെതന്നെയായിരുന്നുവത്രേ. കൃഷ്ണനെന്നായിരുന്ന ആ അമ്മാമനം പേരു്. ആ അമ്മാമന്റെ അനുജൻ രാമനമ്മാവനാണ് കുടുംബത്തിൽ ചെലവിനുവേണ്ട മുതൽ സമ്പാദിച്ചിട്ടുള്ളതെന്നു -എന്റെ മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്. കുഞ്ചൻനമ്പ്യർ കലശേഖരപ്പെരുമാളുടേയും മറവും സേവകനായിരുന്നുവെങ്കിലും അതുകൊണ്ട് തറവാട്ടിലേയ്ക്കധികം ഗ്രഹണമൊന്നും ഉണ്ടായിട്ടില്ലത്രേ. രാമനമ്മാമനെ അദ്ദേഹം അമ്പലപ്പുഴയ്ക്കു കൂട്ടിക്കൊണ്ടുപോയതു് ഉപകാരമായെന്നുമാത്രം വേണമെങ്കിൽ പറയാം; അതുയേ ഉള്ളൂ.''

ഇതിനും പുറമേ, മറെറാരു രേഖകൂടി ഡാക്ടർ അച്യുതമേനോൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. കലക്കത്തു ഭവനത്തിലുള്ള

സീതാരാഘവം നാടകത്തിന്റെ അവസാനത്തിൽ ''രാമപാണിവാദനാകുന്ന ഗുരുവിനേയും കുഞ്ചൻനമ്പ്യാരാകുന്ന പരമഗുരുവിനേയും'' വേറേവേറെ എഴുത്തുകാരൻ സ്മരിച്ചിട്ടുള്ളതായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.* ഇതിൽനിന്നും രാമപാണിവാദൻ കുഞ്ചൻനമ്പ്യാരുടെ അനുജനായിരുന്നുവെന്നു് അദ്ദേഹം നിസ്സന്ദേഹം തീരുമാനിക്കുന്നു.

ഏതായാലും ഈ തെളിവുകൊണ്ടൊന്നും സന്ദേഹാതീതമായ ഒരു തീരുമാനം ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നുള്ളതിനു് 1951 ജൂൺ ഭാഷാപോഷിണിമാസികത്തിൽ കെ ആർ. കൃഷ്ണപിള്ള പ്രസിദ്ധീകരിച്ചിട്ടുള്ള ''ഒരു നളബാഹുകം'' എന്ന ദീർഘലേഖനം ദൃഷ്ടാന്തമാണു്. രാമപാണിവാദനേറതെന്നും കുഞ്ചൻനമ്പ്യാരുടേതെന്നും തീർച്ചയുള്ള സംസ്കൃതമലയാളകൃതികളിൽ സമാന്തരമായ പല ഭാഗങ്ങളും എടുത്തുകാണിച്ചുകൊണ്ടുള്ള ആ വിജ്ഞേയപ്രബന്ധത്തിൽ അദ്ദേഹം മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തോടു യോജിക്കുകയാണു് ചെയ്യുന്നതു്.

നമ്പ്യാരുടെ കൃതികൾ

തന്റെ കാലത്തു പ്രചാരമുണ്ടായിരുന്ന എല്ലാ പ്രസ്ഥാനങ്ങളിലും നമ്പ്യാർ കൈവെയ്ക്കാതിരുന്നിട്ടില്ല. കിളിപ്പാട്ടു്, വഞ്ചിപ്പാട്ടു്, കൈകൊട്ടിക്കളിപ്പാട്ടു്, ആട്ടക്കഥ, മണിപ്രവാളകാവ്യം എന്നീ രീതികളിലെല്ലാം അദ്ദേഹം കാവ്യരചന നിർവ്വഹിച്ചിട്ടുണ്ടു്. രുക്മിണീസ്വയംവരം പത്തുവൃത്തം, ശീലാവതി നാലുവൃത്തം, ഭഗവദ്ദൂതു പതിനാലുവൃത്തം മുതലായ ഗീതങ്ങളും നമ്പ്യാർ ഓരോ അവസരത്തിൽ രചിച്ചതായി പറയപ്പെടുന്നു. ശിവപുരാണം എഴുത്തച്ഛന്റെ കൃതിയാണെന്നാണു് ഭാഷാചരിത്രകാരന്റെ അഭിപ്രായമെങ്കിലും അതു നമ്പ്യാരുടേതുതന്നെ എന്നു സ്ഥാപിതമായി കഴിഞ്ഞിട്ടുണ്ടു്.

---

* പ്രഭക്ഷിണം പേജു് 164.

നളചരിതം, പഞ്ചതന്ത്രം, ചാണക്യസൂത്രം എന്നിവയും നമ്പ്യാരുടെ കൃതികളാണെന്നു വിചാരിക്കാൻ ധാരാളം ന്യായമുണ്ട്. സംസ്കൃതത്തിലെ **സാ**ങ്കേതികനിയമങ്ങളെ അതേപടി അംഗീകരിച്ചുകൊണ്ടുള്ള ആദ്യത്തെ മണിപ്രവാളമഹാകാവ്യമായ ശ്രീകൃഷ്ണചരിതം മണിപ്രവാളവും കുഞ്ചൻനമ്പ്യാരുടെ കൃതിതന്നെയാണ്. പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ എന്നപോലെ ശ്രീകൃഷ്ണചരിതത്തിന്റെയും ചില താളിയോലപ്രതികളിൽ രാമപാണിവാദനിർമ്മിതമാണെന്നുള്ള സൂചനകളും കാണുന്നുണ്ടെങ്കിലും പിൽക്കാലത്തു് ഗ്രന്ഥപകർത്തുകാരുടെ കൈക്കുറ്റപ്പാടുകളെന്നു വിചാരിക്കേണ്ടിയിരിക്കുന്ന പ്രസ്തുത കുറിപ്പുകളെമാത്രം മുൻനിർത്തി ഗ്രന്ഥകർത്തൃത്വം തീരുമാനിക്കുന്നതു ശരിയല്ലെന്നുള്ളതുകൂടി നാം ഓർക്കേണ്ടതുണ്ട്. മുൻപറഞ്ഞ കൃതികളിൽ പുറമെ, കുമാരപുരേശ്വരീസ്തോത്രം, കിരാതം വഞ്ചിപ്പാട്ടു്, രാസക്രീഡ നാലുവൃത്തം, ദ്രൌപദീഭാഗ്യമഞ്ജരി എന്നീ കൃതികളുടേയും കർത്താവു് കുഞ്ചൻനമ്പ്യാരാണു്. ശംബരവധം, പാലാഴിമഥനം, രാസക്രീഡ, ബാണയുദ്ധം എന്നു നാലു് ആട്ടക്കഥകളും നമ്പ്യാരുടെ കൃതികളാണെന്നു പറയപ്പെട്ടുന്നു. എന്നാൽ നമ്പ്യാരുടെ ശാശ്വതയശസ്സംഭങ്ങളായി നില്ക്കുന്നതു് അദ്ദേഹത്തിന്റെ തുള്ളൽക്കഥകളാണെന്നതന്നെയാണു്. ആകെക്കൂടി 57 തുള്ളൽക്കഥകളാണു് ഇന്നു് നമ്പ്യാരുടേതായി പറഞ്ഞുവരുന്നതു്. എന്നാൽ ഇവയിൽ 42 എണ്ണമേ നമ്പ്യാരുടെ കൃതികളായി ഗണിക്കുവാൻ തരമുള്ളു. കൃഷ്ണാർജ്ജുനവിജയം, ഐരാവതപൂജ, സുന്ദരീസ്വയംവരം എന്നിവ നമ്പ്യാരുടെ ശിഷ്യന്മാരുടെ കൃതികളാണെന്നു സൂക്ഷ്മമായി അറിവുണ്ടു്. നിവാതകവചവധം ശീതങ്കനം അംബരീഷചരിതവും ഒരു പൂന്തോട്ടത്തു നമ്പൂതിരിയുടെ കൃതികളാണു്. ഗജേന്ദ്രമോക്ഷം വെണ്മണിമഹനാണു രചിച്ചിട്ടുള്ളതു്. ഐരാവണവധം, ദുര്യോധനവധം, അന്തകവധം, പ്രഹ്ലാദചരിതം, പാഞ്ചാലീസ്വയംവരം തുടങ്ങിയുള്ള മറ്റു ചിലതും അദ്ദേഹത്തിന്റെ കൃതികളല്ലെന്നു തീരുമാനിക്കാൻ ധാരാളം ന്യായമുണ്ടു്.

ആകെക്കൂടി നോക്കിയാൽ, നമ്പ്യാരുടെ തുള്ളൽക്കഥകളെ ഇങ്ങനെ തരംതിരിയ്ക്കാം. ഓട്ടൻ (1) സ്യമന്തകം (2) ഘോഷയാത്ര (3) നളചരിതം (4) കിരാതം (5) കാത്തവീര്യാർജ്ജുനവിജയം (6) രുക്മിണീസ്വയംവരം (7) പ്രദോഷമഹാത്മ്യം (8) രാമാനുചരിതം (9) ബാണയുദ്ധം (10) അഹല്യാമോക്ഷം (11) സീതാസ്വയംവരം (12) ശീലാവതീചരിതം (13) പാതുചരിതം (14) രാവണോദ്ഭവം (15) ചന്ദ്രാംഗദചരിതം (16) നിവാതകവചവധം (17) ബകവധം (18) സന്താനഗോപാലം (19) ബാലിവിജയം (20) സത്യസയംവരം (21) ഹിഡിംബവധം (22) ഗോവർദ്ധനചരിതം. ശീതങ്കൻ (23) കല്യാണസൌഗന്ധികം (24) പൌണ്ഡ്രകവധം (25) ഹനുമദുദ്ഭവം (26) കാളിയമർദ്ദനം (27) ധ്രുവചരിതം (28) ഹരിണീസ്വയംവരം (29) കൃഷ്ണലീല (30) നൃഗമോക്ഷം (31) ഗണപതിപ്രാതൽ (32) ബാല്യോദ്ഭവം. പറയൻ (33) സഭാപ്രവേശം (34) പുളിന്ദീമോക്ഷം (35) പഞ്ചേന്ദ്രോപാഖ്യാനം (36) ദക്ഷയാഗം (37) കീചകവധം (38) സുന്ദോപസുന്ദോപാഖ്യാനം (39) നാളായണീചരിതം (40) ത്രിപുരദഹനം (41) കുംഭകർണ്ണവധം (42) ഹരിശ്ചന്ദ്രചരിതം.

തുള്ളൽപ്രസ്ഥാനം

എഴുത്തച്ഛനും കിളിപ്പാട്ടിനും തമ്മിലുള്ള ബന്ധമാണ് കുഞ്ചൻനമ്പ്യാർക്കും തുള്ളലിനും തമ്മിലുള്ളത്. ഈ രണ്ടുപ്രസ്ഥാനങ്ങളിലും ഈ രണ്ടു പ്രതിഭാശാലികളെ സമീപിക്കുവാൻപോലും മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്നുള്ളതു് അത്ഭുതകരമായ ഒരു പരമാർത്ഥമാണ്. തുള്ളൽസാമ്രാജ്യത്തിലെ ശാശ്വതസാർവ്വഭൌമനാണ് നമ്പ്യാർ. വിദ്വാൻ കോയിത്തമ്പുരാൻ, വെണ്മണിമഹൻ തുടങ്ങിയ ചുരുക്കം ചിലരേ ഈ പ്രസ്ഥാനത്തിൽ കൈവയ്ക്കുവാൻതന്നെ ധൈര്യമുണ്ടായുള്ളൂ. അവർക്കുതന്നെ അനുകരണസീമയെ അതിലംഘിച്ച് തങ്ങളുടെ വ്യക്തിത്വം കാഴ്ചയായി പ്രകടിപ്പിക്കുവാൻ കഴിഞ്ഞിട്ടുമില്ല.

തുള്ളൽക്കഥയുടെ ആവിർഭാവത്തെപ്പറ്റിയുള്ള ഐതിഹ്യം പ്രസിദ്ധമാണല്ലോ. ഒരിക്കൽ അമ്പലപ്പുഴ ഉത്സവക്കാലത്ത് ചാക്യാർകൂത്തിനു് നമ്പ്യാർ മിഴാവുകൊട്ടേണ്ടതായിവന്നു. പതിവുകാരനു് ആശൗചംവന്നതിനാലായിരുന്നുവത്രേ മിഴാവുകൊട്ടിൽ നല്ല പരിചയമില്ലാത്ത നമ്പ്യാർ ഈ കൃത്യം വൈമനസ്യത്തോടുകൂടിയെങ്കിലും കൈയ്യേൽക്കേണ്ടിവന്നതു്. എന്നാൽ കൂത്തുതുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ നമ്പ്യാർ അവതാളം പിണയ്ക്കുകയും രംഗത്തുവെച്ചു് ആരെയും പരിഹസിക്കുവാൻ അവകാശമുള്ള ചാക്യാർ അദ്ദേഹത്തെ കണക്കിനു ശകാരിക്കുകയുംചെയ്തുവത്രേ. ഇങ്ങനെ അവമാനിതനായ നമ്പ്യാർ ചാക്യാരോടു പകവീട്ടുന്നതിനായി അന്നുരാത്രിതന്നെ കല്യാണസൗഗന്ധികം തുള്ളൽ രചിച്ചു് വേഷഭൂഷാദികളും മറ്റും സജ്ജീകരിച്ചു് പിറ്റേദിവസം കൂത്തിനു സമയമായപ്പോൾ ക്ഷേത്രത്തിന്റെ മറ്റൊരുഭാഗത്തു് തുള്ളൽ പ്രകടനം ആരംഭിക്കുകയും ജനങ്ങളെ അങ്ങോട്ടാകർഷിക്കുകയും ചെയ്തുവത്രേ. ഇതിനെപ്പറ്റി ചാക്യാർ രാജാവിന്റെയടുത്തു പരാതി പറയുകയും അമ്പലപ്പുഴ ക്ഷേത്രത്തിൽ മേലാൽ തുള്ളൽ പാടില്ലെന്നു കല്പിക്കുകയും അതിനുശേഷം നമ്പ്യാർ തന്റെ കലാപ്രകടനങ്ങൾക്കായി തകഴി മുതലായ സമീപ സ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്തുവെന്നു് കഥ തുടരുന്നു.

ഈ ഐതിഹ്യത്തിൽ എത്രമാത്രം പരമാർത്ഥമുണ്ടെന്നു തീരുമാനിക്കാൻ നിവൃത്തിയില്ല. നിരുപണപരാക്രമം കാട്ടുവാനായി ഇതു കേവലം കെട്ടുകഥയെന്നു തള്ളുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ചാക്യാർകൂത്തിനോടു് നമ്പ്യാർക്കു് വളരെയധികം പരിചയവും കടപ്പാടുകളുമുണ്ടായിരുന്നുവെന്നതിനു സംശയമില്ല. രാജാവിന്റെ ഒരു പ്രധാന സദസ്യൻ മിഴാവു കൊട്ടിയിരിക്കുമോ എന്ന സംശയവും അസ്ഥാനത്താണു്. കലവൃത്തി ആചരിക്കുന്നതു് ആക്ഷേപകരമായി ആ കാലത്തു കരുതപ്പെട്ടിരുന്നില്ല. എങ്കിലും സാഹിത്യപഞ്ചാനനൻ പറഞ്ഞിട്ടുള്ളതു

പോലെ ''ദക്ഷൻ ആക്ഷേപിച്ചതുകൊണ്ട് കോപിഷ്ടനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടിവീണതു പോലെ, ചാക്യാർ അധിക്ഷിപ്തനായ നമ്പ്യാർ അമ്പലപ്പുഴ എണ്ണക്കളിത്തട്ടിൽ കയറി നിന്നപ്പോൾ തുള്ളലിനു വേണ്ടതായ സകല സാമഗ്രികളും വന്നുകൂടി എന്നു ഭാവിക്കുന്നതു് ഭാഷയുടെ പൂർവ്വചരിത്രത്തേക്കുറിച്ചു് ദയനീയമായ അജ്ഞതയെ പ്രദർശിപ്പിക്കുകയേകുന്നു.''

ചാക്യാർ നമ്പ്യാരെ പരിഹസിച്ചിരിക്കാം. ഈ പരിഹാസം ഒരു നൂതന കലാസൃഷ്ടിക്കു പ്രചോദനം നൽകുകയും ചെയ്തിരിക്കാം. ഒരു രാത്രികൊണ്ടു് കല്യാണസൗഗന്ധികം രചിക്കുക നമ്പ്യാരെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമല്ലെങ്കിലും, തുള്ളലിനാവശ്യമുള്ള വേഷവിധാനങ്ങളും താളമേളങ്ങളും മറ്റും ഒരു രാത്രികൊണ്ടു ശരിയാക്കി എന്നതു് അവിശ്വസനീയമാണു്. യഥാർത്ഥത്തിൽ ഒരുമാതിരി പ്രാകൃതരൂപത്തിലുള്ള തുള്ളൽ ഇതിനു മുമ്പുതന്നെയുണ്ടായിരുന്നു. ചില ഭദ്രകാളിക്ഷേത്രങ്ങളിലും ശാസ്താംകോവിലുകളിലും പടയണിയാഘോഷത്തോടനുബന്ധിച്ചാണു് ഈ തുള്ളലുകൾ അഭിനയിക്കപ്പെട്ടുവന്നതു്.

ശ്രീ. വി. എം. കുട്ടിക്കൃഷ്ണമേനോൻ തുള്ളലിന്റെ ആഗമത്തെപ്പറ്റി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണു്. ''തകഴി ശാസ്താംക്ഷേത്രത്തിലെ 'പടയണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെടുമ്പോൾ ചൊല്ലുവാനായി ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപ്പാട്ടുകൾ കാലക്രമേണ മലയാളത്തിലെ ഒരു മുഖ്യ വിനോദമായിത്തീർന്നു. പണ്ടൊരുദിവസം നടന്നിട്ടില്ലാത്ത ഈ അടിയന്തിരക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചേവേൻ, പരദേശി എന്നിങ്ങനെ പല വേഷങ്ങളും പുറപ്പെടുന്നു. ശീതങ്കന്റെ കുരുത്തോലയും ഗാനരീതിയും അതിലും കാണുന്നുണ്ട്. ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നൊക്കെയാണു് അതിനും പറയുക. ഈ പടേണിക്ക് തുള്ളുവാൻവേണ്ടി ഉണ്ടാക്കിക്കൊടുത്ത പേക്കഥകളാണു് പിന്നീടു് തുള്ളലായി രൂപാന്തരപ്പെട്ടതു്.

"ഭടജനങ്ങടെയിടയിലുള്ളൊരു—പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരുകേരള—ഭാഷതന്നെ ചിതംവര്യ."

എന്നു നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ പറഞ്ഞിരിക്കുന്നതും ഈ പടയണിയടിയന്തിരത്തെക്കുറിച്ചാണെന്നുള്ളതിനു സംശയമൊന്നുമില്ല. വെറും സേനാംപംക്തിയെന്നേ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിൽ 'ഭടജനങ്ങൾ' എന്നും 'പടയണി'യെന്നും ഉള്ള പുനരുക്തിയുടെ ആവശ്യമുണ്ടാകുമായിരുന്നോ?"

ഈ അഭിപ്രായം യുക്തിയുക്തമായ ഒന്നാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നമ്പ്യാരുടെ ഒന്നാമത്തെ തുള്ളൽക്കഥയെന്നു വെച്ചിട്ടുള്ള കല്യാണസൗഗന്ധികത്തിൽ പടയണിക്കു പ്രസിദ്ധിയുള്ള തകഴിയിലെ "ഹരിഹരസുതനയൻ തിരുവടി"യെ പ്രത്യേകം സ്തുതിക്കുന്നുണ്ടെന്നുംകൂടി ഇവിടെ സ്മരണീയമാണ്. നമ്പ്യാരുടെ തുള്ളലുകളിൽ ഓട്ടൻതുള്ളൽ, പറയൻതുള്ളൽ എന്നിവയെപ്പറ്റി പ്രസ്താവമുണ്ട്.

"ഇങ്ങനെയുള്ളൊരു തുള്ളൽക്കാരൻ
തെക്കേത്തട്ടേൽ വന്നുകേറി
പറയൻകഥചൊൽവാനൊരു ഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ-
ത്തട്ടേൽക്കേറിത്തുള്ളൽ തുടങ്ങി
ശുണ്ഠികടിച്ചുറിക്കാർതമ്മിൽ
ശണ്ഠതുടങ്ങി പ്രഹരംകൂട്ടി."

എന്നു രുക്മിണീസ്വയംവരം തുള്ളലിലുള്ള പംക്തികഥനോക്കുക. ഇതിൽനിന്നും പടയണി തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് പറയൻതുള്ളൽ അഭിനയിക്കുക പതിവായിരുന്നുവെന്നു തെളിയുന്നുണ്ടല്ലോ.

പ്രാകൃതജനങ്ങളുടെ ഇടയ്ക്കു നൃത്തത്തിനു ധാരാളം പ്രചാരമുണ്ടായിരുന്നതായി ചരിത്രഗവേഷകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. "നൃത്തമാണു സകല കലകളുടേയും മാതാവു്" എന്ന അഭിജ്ഞ

വചനം സർവ്വഥാ ശ്രദ്ധേയമാണ്. കേരളത്തിലെ ആദിമ നിവാസികളായ പറയർ, പുലയർ തുടങ്ങിയ വർഗ്ഗക്കാരുടെ ഇടയ്ക്ക് അതിപ്രാചീനകാലംമുതൽതന്നെ വിവിധരീതിയിലുള്ള നൃത്തങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഇവയെ അനുകരിച്ചുകൊണ്ട്, ഒരായോധനനൃത്തമായിരുന്ന പടയണിയിൽ പറയൻ, ശീതങ്കൻ (പുലയൻ) തുടങ്ങിയവരുടെ നൃത്തങ്ങളും പാട്ടുകളും ഉത്സാഹസമ്പന്നരായ യുവാക്കൾ അനുകരിച്ചുവന്നു. ഇവയാണ് തുള്ളലിന്റെ പ്രാഗ്രൂപങ്ങൾ എന്നൂഹിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. കേരളത്തിൽ അക്കാലത്തു പ്രചാരമുണ്ടായിരുന്ന മറ്റു ദൃശ്യകലകളോടും തുള്ളൽക്കഥയ്ക്കു കടപ്പാടുകളുണ്ട്. കണിയാന്മാരുടെ കോലംതുള്ളലും ഓട്ടൻതുള്ളലും തമ്മിലുള്ള അടുത്ത ബന്ധവും ഇവിടെ സ്മരണീയമാണ്.

തുള്ളൽക്കഥകളിലുപയോഗിച്ചിട്ടുള്ള വൃത്തങ്ങളും നമ്പ്യാരുടെ കണ്ടുപിടിത്തങ്ങളല്ലായിരുന്നു. കേരളത്തിൽ പ്രാചീനകാലം മുതല്ക്കേ പ്രചരിച്ചിരുന്ന വൃത്തങ്ങൾതന്നെയാണദ്ദേഹം സ്വീകരിച്ചതു്. നോക്കുക:—

നളനെന്നൊരുനൃപനുളവായ്വന്നു
ലളിതകളേബരനതിസുകുമാരൻ

എന്ന 'തരംഗിണി' വൃത്തമാണ്,

അസ്തഗിരീശ്വരമസ്തകസീമനി
ഭാസ്വരഭഗവാൻ മറയുന്നേരം
ഗതവതി സവിതരി ഗൃഹകളിൽനിന്നാ—
ത്തിമിരകരീശ്വരിളകുന്നേരം

എന്നിങ്ങനെ നൈഷധം ചമ്പുവിലും,

ആയതബാഹുചതുഷ്ടയശോഭിത—
രായതിനിർമ്മലഭസ്മോദ്ധൂളിത—

എന്നിങ്ങനെ നിരണംകൃതികളിലും കാണുന്നതു്

കല്യാണശീലനാം കാർമുകിൽ വണ്ണനെ–
ക്കല്യാത്മഭാവേന വന്ദിച്ചുകൊണ്ടേഞാൻ

എന്നിങ്ങനെ ശീതങ്കൻതുള്ളലുകളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള വൃത്തം, എഴുത്തച്ഛന്റെ ''ശാരികപ്പൈതലേ, ചാരുശീലേ, വരി–കാരോമലേ, കഥാശേഷവും ചൊല്ലുനീ'' എന്ന കാകളിതന്നെ. അമ്പലപ്പുഴ വേലകളിയുടെ ''ഒരുവേല യ്ക്കീരുവേല തകഴിലെ പകൽവേല'' എന്ന രീതിതന്നെയാണ് ''കുലഗിരിസമനായ കൊലയാനത്തലവന്റെ'' എന്നിങ്ങനെയുള്ള തുള്ളൽവൃത്തം. 'കായാമ്പൂമലക്കുള്ളിലായാസം വളർക്കുന്ന' എന്ന വൃത്തമാകട്ടെ കേകാവൃത്തത്തിന്റെ ഒരുവകഭേദം തന്നെ. കേകയുടെ ഓരോ പദവും രണ്ടായി മുറിച്ച് ദ്വിതീയാക്ഷരപ്രാസവും ചേർത്തിരിക്കുന്നതിനാൽ ഇതിനു് അർദ്ധകേക എന്നു് കേരളപാണിനി സംജ്ഞ നൽകിയിരിക്കുന്നു. ഇതുതന്നെയാണു് മറ്റു തുള്ളൽവൃത്തങ്ങളുടേയും അവസ്ഥ.

മേൽപറഞ്ഞവയിൽനിന്നു് ഒരു തുള്ളൽക്കല നമ്പ്യാർക്കു് അസംസ്കൃതവിഭവമായുണ്ടായിരുന്നു എന്നു തെളിയുന്നു. വശ്യവചസ്സായ നമ്പ്യാർ പഴയ പ്രാകൃതഗാനങ്ങളുടെ സ്ഥാനത്തു് ഹൃദ്യോവർജ്ജകമായ സരസഗാനങ്ങളും ഘടിപ്പിച്ചു. വേഷവിധാനത്തിലും താളമേളങ്ങളിലും അദ്ദേഹം പരിഷ്കാരം വരുത്തിയിരിക്കണം. ഇതിനുംപുറമേ അക്കാലത്തു പ്രചാരത്തിലിരുന്ന കഥകളിയിൽനിന്നു നൃത്തവും കൈമുദ്രകളും അദ്ദേഹം സ്വീകരിച്ചു. തുള്ളലിലെ ഗാനാത്മകതയും ഭക്തിസന്ദേശവും നമ്പ്യാർക്കു കിളിപ്പാട്ടുകളിൽനിന്നായിരിക്കാം ലഭിച്ചതു്. എന്നാൽ ഇതിലെല്ലാം ഉപരിയായ ആധമർണ്ണ്യം ചാക്യാർകൂത്തിനോടാണു്. തുള്ളലിലെ ആഖ്യാനരീതി, പരിസരവിമർശം, ഫലിതപരിഹാസങ്ങൾ എന്നീ അംശങ്ങളും കൂത്തിൽനിന്നും സ്വീകരിച്ചവയാണു്. വേഷവിധാനം, പ്രകടനരീതി എന്നിവയിലും

ഈ രണ്ടു കലകൾക്കുംതമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. ഗാനാത്മകമായ കൂത്താണ് തുള്ളൽ എന്നതന്നെ പറയാം.

കുഞ്ചൻനമ്പ്യാർക്കു മുമ്പ് തുള്ളലുണ്ടായിരുന്നുവെന്നുള്ളതിനു തെളിവാണ് തിരുവിതാംകൂർ സംസ്കൃതകലാശാലയിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള കൃഷ്ണാജ്ജുനയുദ്ധം തുള്ളൽ. ഉരത്തു (ഉരച്ചു) പുകഴ്ത്തു, അരയൻ (രാജാവ്), മടന്ത എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽനിന്നും കവി കുഞ്ചൻനമ്പ്യാർക്കു പ്രാചീനനാണെന്നു കരുതാം. പറയൻതുള്ളലിലെ വൃത്തങ്ങളാണിതിലും പ്രയോഗിച്ചിട്ടുള്ളതു്. ചില ഗ്രന്ഥങ്ങളുടെ അവസാനത്തിൽ "കൃഷ്ണാജ്ജുനയുദ്ധം പറശ്ശാസ്യം സമാപ്തം" എന്നു കണ്ടിട്ടുള്ളതായി ഉള്ളൂർ പറയുന്നുമുണ്ട്.

1. അണഞ്ഞു ധർമ്മജൻതന്നെ വണങ്ങിയജ്ജുനൻമെല്ലെ
വണങ്ങിയങ്ങിനെതന്നെ ഗയനും ഭൂപതിതന്നെ
2. യാദവകുല ജാതനാകിയ കൃഷ്ണനംബുജലോചനൻ
ദേവകീസുതനാദരാലതി ബാലരോടു കളിച്ചനാഥം.
3. രഥത്തിലും മദഗജത്തിലും ഖരഗളത്തിലും
[വൃഷ്ഭഗളത്തിലും
ഉറച്ച സിംഹഗളത്തിലും പടതിരിച്ചു ഭൂപതിവീരരും.

എന്നിങ്ങനെയുള്ള പംക്തികളും നോക്കിയാൽ വൃത്തവിഷയകമായും മറ്റും നമ്പ്യാരുടെ കാലത്തിനു മുമ്പുതന്നെ തുള്ളലിനു കുറച്ചൊക്കെ പുരോഗതിയുണ്ടായതായി വിചാരിക്കേണ്ടിയിരിക്കുന്നു. നമ്പ്യാർതന്നെ ഓട്ടൻതുള്ളലിനെപ്പറ്റിയും പറയൻതുള്ളലിനെപ്പറ്റിയും തന്റെ കൃതികളിൽ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ശീതങ്കൻതുള്ളലിനെപ്പറ്റി ഒരിടത്തും സൂചനയില്ല.

കൊല്ലം 919-ൽതന്നെ ശ്രീ പദ്മനാഭസ്വാമിക്ഷേത്രത്തിലെ അല്പശി ഉത്സവത്തിനു് ഓട്ടൻതുള്ളൽ നടത്തുവാൻ മാത്തൂർപണിക്കർ ശിഷ്യൻ ഇട്ടിക്കോതപ്പണിക്കരോടുകൂടി

വന്നിരുന്നു എന്നതിനു് രേഖയുണ്ടു്. 921-ലെ ഉത്സവത്തിനു് അമ്പലപ്പുഴ കുഞ്ചുനാരായണക്കുറുപ്പും ശ്രീനാട്ടു പൂവാണക്കുറുപ്പും അവരുടെ തുള്ളൽക്കാരോടുകൂടി വന്നിരുന്നതായി കാണുന്നു. 926 ആയപ്പോഴേക്കും മുൻപറഞ്ഞ രണ്ടുപേർക്കു പുറമേ തലവൂർ, കാട്ടുർ, ഞാറയ്ക്കാട്ടു്, മാന്നാറു്, ഇലഞ്ഞിയൂർ, മാറനാട്ടു്, നൂറനാട്ടു്, പന്തളം മുതലായ സ്ഥലങ്ങളിൽനിന്നും ഓട്ടൻതുള്ളൽക്കാർ എത്തിയതായി രേഖയുണ്ടു്. എന്നാൽ ഇതെല്ലാം നമ്പ്യാർ തുള്ളൽപ്രസ്ഥാനത്തിൽ കൈവയ്ക്കുന്നതിനു മുമ്പാണു് നടന്നതെന്നു വിചാരിക്കുന്നതബദ്ധമാണു്. 919-ാമാണ്ടോടുകൂടിത്തന്നെ നമ്പ്യാർ തിരുവനന്തപുരത്തു് കൊട്ടാരത്തിൽ താമസിക്കുന്നതായി നാം കണ്ടുകഴിഞ്ഞുവല്ലോ. അപ്പോഴേക്കും അതിനു മുമ്പുതന്നെ പല കഥകളും രചിക്കപ്പെട്ടുകഴിഞ്ഞിരിക്കണം. നമ്പ്യാരുടെ നവീകരണത്തിനു ശേഷം തുള്ളൽക്കലയ്ക്കു് വളരെ വേഗം നാടൊട്ടുക്കു് പ്രചാരംസിദ്ധിച്ചു എന്നാണിതിൽനിന്നും മനസ്സിലാക്കാവുന്നതു്.

മുന്നാലോചിച്ചാൽ, ഈ വിധത്തിലുള്ള ഒരു നൂതന കലാരൂപത്തിന്റെ ആവിർഭാവം അത്യാവശ്യകംതന്നെയായിരുന്നു. കൂത്തമ്പലങ്ങളിൽവെച്ചു നടത്തപ്പെട്ടിരുന്ന കൂത്തു കേട്ടു രസിക്കുവാനുള്ള സൌകര്യം സാധാരണ ജനങ്ങൾക്കു കുറവായിരുന്നു. ബ്രാഹ്മണർക്കുമാത്രമേ സദസ്സിൽ ഇരിക്കുവാൻ അവകാശമുണ്ടായിരുന്നുള്ളു. മാത്രമല്ല, കൂത്തു കേട്ടു രസിക്കുവാൻ സാഹിത്യത്തിൽ കുറച്ചെങ്കിലും പിടിപാടുണ്ടായിരിക്കേണ്ടതും ആവശ്യമാണല്ലോ. പാമരജനങ്ങളും പടയണി തുടങ്ങിയവയിലാണു് അവരുടെ കലാപരമായ പിപാസയ്ക്കു ശമനം കണ്ടെത്തിയതു്. പടയണിയുടെ നിലയോ വളരെ പ്രാകൃതവുമായിരുന്നു. അതിനാൽ ഇതിനെക്കാളും കുറേക്കൂടി മെച്ചപ്പെട്ട ഒരു പ്രത്യേക കലയുടെ അത്യാവശ്യംതന്നെയുണ്ടായിരുന്നു. ആ കലയുണ്ടായി; അതാണു് തുള്ളൽ.

II. നമ്പ്യാരുടെ കവിത

സാധാരണക്കാരന്റെ കവി

നമ്പ്യാരുടെ കവിത പഠിക്കുവാനും നിരൂപണംചെയ്യുവാനും പുറപ്പെട്ടാൽ ഏതൊരാളും പ്രഥമവും പ്രധാനവുമായി ധരിക്കേണ്ട ഒരു വസ്തുതയാണ് അദ്ദേഹം തികച്ചും ഒരു സാധാരണക്കാരന്റെ കവിയായിരുന്നുവെന്നത്. പ്രാചീനമോ, ആധുനികമോ, പൌരസ്ത്യമോ പാശ്ചാത്യമോ ആയ ഏതൊരു നിരൂപണ മാനദണ്ഡംകൊണ്ടും അദ്ദേഹത്തെ അളന്നുകൊള്ളുക. പക്ഷേ, നമ്പ്യാർക്കവിതയുടെ ഈ മൌലിക സ്വഭാവം മാത്രം മറക്കരുത്. പണ്ഡിതപാരിജാതങ്ങളും പണ്ഡിത പക്ഷപാതികളുമായിരുന്ന നാടുവാഴികളുടെ ''പക്കത്തോറി''നെ ആശ്രയിച്ചു ജീവിച്ച ഒരു കവി കൊട്ടാരത്തിൽ താമസിച്ചുകൊണ്ട് ശങ്കരച്ചാരേയും നീലിപ്പെണ്ണിനേയുംമറ്റും പറ്റി പാടി. അവരുടെ പ്രണയചാപല്യങ്ങളെപ്പറ്റി, അവരുടെ കുടുംബവൃത്തികളെപ്പറ്റി, അവരുടെ ന്യൂനതകളെപ്പറ്റി, അവരെ വലയ്ക്കുന്ന ഉദ്യോഗസ്ഥപ്രശ്നങ്ങളെപ്പറ്റി അദ്ദേഹം പാടി. സ്വർഗ്ഗവും, അളകയും, ദേവകയുമൊക്കെ വർണ്ണിക്കുമ്പോഴും അദ്ദേഹത്തിന്റെ കണ്ണ് ആ സാധാരണക്കാരുടെ മേലായിരുന്നു. പണ്ഡിതന്റേയും വ്യാകരണന്റേയും എതിർപ്പുകളെ അവഗണിച്ചുകൊണ്ട് അദ്ദേഹം അവരുടെ ഭാഷയിൽതന്നെയാണ് പാടിയതും. ദൃശ്യകലാവിഷയകമായും അദ്ദേഹത്തിനുണ്ടായിരുന്ന ലക്ഷ്യം ഇതായിരുന്നുവെന്ന് മുൻപു പ്രസ്താവിച്ചുവല്ലോ. തുള്ളലുകളിൽ കാണുന്ന എല്ലാ പ്രത്യേകതകളുടേയും പരമലക്ഷ്യം ഇതാണ്. പരിഹാസം, ഫലിതം, ലളിതഭാഷ, കേരളീയത, ദീർഘവർണ്ണനകം, ഉപകഥകം, സംസ്കൃതപദ്യപരാവർത്തനങ്ങൾ, പഴഞ്ചൊല്ലുകൾ, പരിചയപരിധിയിൽ നിന്നുകൊണ്ടുള്ള അലങ്കാര കല്പനകൾ, ഇടയ്ക്കിടയ്ക്കുള്ള ഈശ്വരസ്തുതികൾ, സുലഭമായ ദേശ്യപദങ്ങൾ,

അങ്ങിങ്ങായുള്ള സഭ്യേതരപ്രയോഗങ്ങളും, അങ്ങോളമിങ്ങോളം കാണുന്ന ദേശകാലാനൌചിത്യങ്ങളും എന്നിവയെല്ലാം സാധാരണ ജനങ്ങൾക്കുവേണ്ടി ജീവകാരുണ്യവാനായ കവി മനഃപൂർവ്വം സ്വീകരിച്ച പരിപാടികളാണു്. ഇതദ്ദേഹം വ്യക്തമായ ഭാഷയിൽ പലേടത്തും പ്രസ്താവിച്ചിട്ടുമുണ്ടു്. എന്നാൽ നമ്പ്യാർ സാധാരണക്കാരന്റെ തലത്തിലേയ്ക്കിറങ്ങിച്ചെല്ലുന്നതു് അവിടെത്തന്നെ വിലയംപ്രാപിക്കുവാനല്ല; അവരെക്കൂടി ഉയർത്തുവാനാണു്. ഇതിനിടയ്ക്കു വന്നുകൂടുന്ന കുറവുകളെല്ലാം അദ്ദേഹത്തിന്റെ അത്ഭുതാവഹമായ പ്രതിഭാപ്രസരത്തിൽ മങ്ങി മറയുകയും, ഒടുവിൽ പാമരനെന്നപോലെ പണ്ഡിതനും അകമഴിഞ്ഞാനന്ദിക്കാവുന്ന അഭൌമമായ കലാസൃഷ്ടികളായി തൽക്കൃതികളും ഉയരുകയും ചെയ്യുന്നു.

കുഞ്ചൻനമ്പ്യാർ സംസ്കൃതകൃതികളും രചിച്ചിരുന്നുവോ എന്നറിഞ്ഞിട്ടില്ലാത്ത പല പണ്ഡിതന്മാരും അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടെന്നുകൂടി നാം ഓർക്കേണ്ടതുണ്ടു്. "ഉന്മേഷവത്തായ പ്രജ്ഞാശക്തികൊണ്ടു് കേരളഭാഷയ്ക്കു വികാസവും വിശാലതയും, സാഹിത്യത്തിനു് അസാമാന്യമായ സമ്പത്തുകളും സമ്പാദിച്ചുകൊടുത്തിട്ടുള്ള" ഒരു മഹാനായാണു് സാഹിത്യപഞ്ചാനൻ നമ്പ്യാരെ ദർശിക്കുന്നതു്. നിരുപകാഗ്രേസരനായ കേരളപാണിനി അദ്ദേഹത്തെ കാളിദാസനോടും ഷേക്സ്പീയരോടും തുല്യപ്പെടുത്തിയിരിക്കുന്നു. അപ്പൻതമ്പുരാനാകട്ടെ, "കുഞ്ചൻനമ്പ്യാരുടെ ദിവ്യമായ കവിതാചാതുര്യത്തെപ്പറ്റി ഇദാനീന്തനന്മാർ അഭിപ്രായപ്രകടനം ചെയ്യുന്നതിൽ ദൈവദോഷശങ്കകൂടിയുണ്ടായേക്കാം" എന്നുവരെ പറയാൻ ഭാവമുണ്ടു്.

നമ്പ്യാരുടെ സാഹിത്യദർശം

സാമാന്യജനങ്ങൾക്കുവേണ്ടിയാണു് നമ്പ്യാർ തുള്ളൽക്കഥകളെഴുതിയെങ്കിലും, സാഹിത്യമൂല്യങ്ങളും ഒരുതരത്തിലും അവഗണിക്കപ്പെടരുതെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു.

അത്യുന്നതമായ ഒരു സാഹിത്യാദർശമാണു് നമ്പ്യാർക്കുണ്ടായിരുന്നതെന്നു് അദ്ദേഹത്തിന്റെ കൃതികളിൽത്തന്നെയുള്ള ചില പ്രസ്താവനകളം തെളിയിക്കുന്നു.

കോലു്ത്തേനോലേണമോരോ പദമതിനെ നവം–
പാലിൽ നീരെന്നപോലെ
ചേത്തീടേണം വിശേഷിച്ചുടനതിലൊരല–
ങ്കാരമുണ്ടായു്വരേണം
പേത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോ–
ന്നേണമെന്നിത്രവന്നേ
തീർത്തീടാവൂ ശിലോകം ശിവ! ശിവ! കവിതാ–
രീതി വൈഷമ്യമത്രേ.

എന്ന പദ്യത്തിൽ നമ്പ്യാർ തന്റെ സാഹിത്യാദർശങ്ങളം ഒട്ടുമുക്കാലും ക്രോഡീകരിച്ചിട്ടുണ്ടു്. ഇതിലന്തർഭവിച്ചിട്ടുള്ള എല്ലാ ഗുണങ്ങളുടേയും വിളനിലമാണദ്ദേഹത്തിന്റെ കൃതികളം. സാഹിത്യത്തിന്റെ ആനന്ദദായകത്വത്തിലും, അതിനു ജീവിതത്തിലുള്ള അടിയുറച്ച സ്ഥാനത്തിലും അദ്ദേഹം സുദൃഢമായി വിശ്വസിച്ചിരുന്നതുകൊണ്ടാണു് അതിന്റെ അനുഗ്രഹങ്ങളം സാധാരണക്കാർക്കുംകൂടി പകർന്നുകൊടുക്കുവാൻ അദ്ദേഹം ഒരുമ്പെട്ടതു്.

''ഭവിവന്നുജനിക്കുന്ന ജനങ്ങൾക്കൊക്കെയും മോദം
ഭവിപ്പാനുള്ള വസ്തുക്കളം പലതുണ്ടെങ്കിലും നല്ല
കവിതാചാതുര്യമുള്ള കവിവാണീപ്രയോഗത്തെ
ശ്രവിക്കുന്ന സുഖംപോലെ ചെവിക്കു പിന്നെയെത്തുള്ളൂ?''

എന്ന 'കൃഷ്ണലീല'യിലും,

''നല്ലോരമൃതരസകല്ലോലജാലങ്ങളംകു
തുല്യങ്ങളംകവികളം ചൊല്ലും ജനങ്ങളുടെ
ചൊല്ലുകളം കേൾക്കുന്നതന്നെ നല്ലൂ''

എന്നു 'ഘോഷയാത്ര'യിലും സാഹിത്യത്തിന്റെ സവ്വോൽ ക്കൃഷ്ടതയെ നമ്പ്യാർ വാഴ്ത്തുന്നതു നോക്കുക. സൽക്കവികളും ദുഷ്കവികളും തമ്മിലുള്ള വ്യത്യാസം 'സുമന്തക'ത്തിൽ അദ്ദേഹം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

''അക്ഷരമീവകകൂട്ടിച്ചേർത്തതിലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തതിലുള്ളാസ്വരസങ്ങളുമങ്ങുളവാക്കി
തീക്കും നല്ലൊരു കവിയുടെ കവിതകളം കേളംകും
പരിഷ്കളങ്ങു രസിക്കും
കണ്ണങ്ങടംക്കു സഹിക്കാതുള്ളൊരുവണ്ണമതാക്കിച്ചൊല്ലും ദുഷ്കവി
ഇത്ഥംസൽക്കവി ദുഷ്കവിഭേദം സിദ്ധമതായ്–
വരുമെന്നിതിനർത്ഥം.''

ഒരു സൽക്കവിയായിത്തീരണമെങ്കിൽ പ്രതിഭയുടെ പുറമേ നിരന്തരമായ പരിശീലനവും നിസ്തന്ദ്രമായ ശിക്ഷണവുമാവശ്യമാണെന്നദ്ദേഹം വിശ്വസിച്ചിരുന്നു. 'വായുവന്നതു കോതയുടെ പാട്ട്' എന്ന മട്ടിൽ അശ്രദ്ധമായി കൈകായ്ം ചെയ്യാവുന്ന ഒന്നാണു കവനകല എന്ന അലസമനോഭാവം അദ്ദേഹത്തെ ഒരിക്കലും തീണ്ടിയിരുന്നില്ല. ഈ വിശ്വാസമാണ്,

''വാണീഭംഗിവിലാസങ്ങളം വേണമെങ്കിൽ ബുധജനം
ഊണുറക്കം നിനയ്ക്കാതെ, കാണിനേരമിളയ്ക്കാതെ
ഏണശാബമിഴിയാളുടം വാണിതന്റെ ചരണാന്തേ
പാണിരണ്ടും കൂപ്പിമെല്ലെത്താണുവീണു വണങ്ങേണം''

എന്ന പംക്തികളിൽ അദ്ദേഹം വ്യക്തമാക്കുന്നതു്.

ഭാഷാരീതി

തുള്ളൽക്കഥകളിലെ കവിതയുടെ സവിശേഷതകളെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ ശ്രദ്ധയെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നതു് ഭാഷാലാളിത്യമാണു്. കോഴിക്കോട്ടു പതിനെട്ടരക്കവികളുടെ വളരെ മുൻപുമുതൽ എത്താണ്ടൊരനൂറാണ്ടു മുൻപുവരെ പണ്ഡിതന്മാർക്കു് മലയാളകവിതയെപ്പറ്റി ഒരപകർഷ

2606

ബോധമാണുണ്ടായിരുന്നതു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻപോലും ''കുഞ്ചൻനമ്പ്യാരുടെ തുള്ളക്കഥകളും ചില തുള്ളക്കാരും ചൊല്ലിക്കേട്ടിട്ടുള്ള''തായി മാത്രം ഒരിടത്തു പ്രസ്താവിച്ചിരിക്കുന്നു. 1082-ാമാണ്ടു് ഒരു സദസ്സിൽ പ്രസംഗിച്ച കൂട്ടത്തിൽ അദ്ദേഹം പറയുന്നതിങ്ങനെയാണു്. ''ഒരു കാലത്തു് എനിക്കും എന്റെ പ്രിയ ഭാഗിനേയശിഷ്യനായ രാജരാജവർമ്മ കോയിത്തമ്പുരാനുംകൂടി മലയാളഭാഷയോടു് അത്ര പ്രതിപത്തിയുണ്ടായിരുന്നോ എന്നു സംശയമാണു്''. വലിയകോയിത്തമ്പുരാന്റെ കാലത്തെ അവസ്ഥ ഇതാണെങ്കിൽ നമ്പ്യാരുടെ കാലത്തെ കഥ പറയാനുമില്ലല്ലോ. ഈ വിധത്തിൽ സർവ്വത്ര പ്രതികൂലമായ ഒരന്തരീക്ഷത്തിലാണു് വെറും സാധാരണക്കാരനെ രസിപ്പിക്കുവാൻവേണ്ടി നമ്പ്യാർ അരയും തലയും മുറുക്കി രംഗപ്രവേശംചെയ്തതു്. മണിപ്രവാളകവിതയിൽനിന്നു കൂടി ഒരുപടി താഴോട്ടിറങ്ങി നാടോടിബ്ഭാഷയിൽ കവിപാടിയ ആ ബൃഹച്ഛാസ്ത്രവിശാരദന്റെ ചങ്കൂറ്റപ്പു് അത്ഭുതാവഹമെന്നേ പറയാനുള്ളൂ.

യഥാസ്ഥിതിയെ അതിലംഘിച്ചുകൊണ്ടുള്ള ഓരോ കാൽവെപ്പിനും എതിരുകളുണ്ടാവുമെന്നു നിശ്ചയമാണു്. ഇതു വിപ്ലവാത്മകമായ ഒരു പരിപാടിസ്വീകരിച്ചാൽ പിന്നെ പറയാനുമില്ലല്ലോ. കാലത്തേയും ദൂരത്തേയും മനുഷ്യൻ ജയിച്ചടക്കിക്കഴിഞ്ഞിരിക്കുന്ന ഇക്കാലത്തു് ലോകത്തിലുള്ള മറവു സാഹിത്യങ്ങളുമായി സമ്പർക്കം പുലർത്തുവാനും, അവയിലെ സദംശങ്ങളെ നമ്മുടെ ഭാഷയിലേക്കു പകർത്തുവാനും കഴിയും. എന്നാൽ നമ്പ്യാരുടെ കാലത്തു് ഈ വിധത്തിലുള്ള സൗകര്യമൊന്നും ഉണ്ടായിരുന്നില്ല. സംസ്കൃതം, തമിഴു് എന്നിങ്ങനെ ചുരുക്കം ചില ഭാരതീയ ഭാഷകളെ മാത്രമേ അന്നുള്ളവർക്കു് അറിവുണ്ടായിരുന്നുള്ളൂ. ആ ഭാഷകളിലെ മാതൃകകളെ മാത്രം അംഗീകരിക്കുന്നതിലാണു് പണ്ഡിതന്മാർ ശ്രദ്ധിച്ചിരുന്നതു്. ഒരാളെ

അവയിൽനിന്നും ഭിന്നമായ രീതി അംഗീകരിച്ചാൽ അതൊരു കടന്ന കൈയ്യായിക്കരുതി അവർ വക്കാണത്തിന്നിറങ്ങുക സ്വാഭാവികമാണല്ലോ

അപകടപൂർണ്ണമായ തറയിലാണ് താൻ കാൽ വെയ്ക്കുന്നതെന്ന് നമ്പ്യാർക്ക് നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ടാണദ്ദേഹം കൂടക്കൂടെ തന്റെ ഉദ്ദേശ്യം വിവരിക്കുകയും ആക്ഷേപങ്ങൾക്കു സമാധാനം പറയുകയും ചെയ്യുന്നത്. ചിലേടത്തു് പ്രത്യുസ്സങ്ങളും മറ്റുചിലേടത്തു് വെല്ലുവിളികളും അദ്ദേഹം പ്രയോഗിക്കാതിരുന്നിട്ടില്ല.

ഭാഷയായിട്ടു ചമയ്ക്കുന്ന വാക്കുകളം
ദോഷമകന്നു വരുത്തുവാൻ ദുർഘടം

എന്നു ''കല്യാണസൗഗന്ധിക''ത്തിലും,

ഭടജനങ്ങടെയിടയിലുള്ളൊരു — പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള — ഭാഷതന്നെ ചിതംവരു;
കട്ടപടപ്പട കഠിനസംസ്കൃത — വികടകട്കവി കേറിയാൽ
ഭടജനങ്ങളം ധരിക്കയില്ല — തിരിക്കുമൊക്കെയുമേ വടൻ
ഭാഷയേറിവരുന്ന നല്ല — മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല വി — ശേഷഭൂഷണമായ് വരും

എന്നു് ''സഭാപ്രവേശ''ത്തിലും,

പാൽക്കടൽത്തിര തള്ളിയേറി വ — രുന്നപോലെ പദങ്ങളെൻ
നാക്കിലങ്ങനെ നൃത്തമാണൊരു —
ഭോഷ്ക്കു ചൊല്ലുകയല്ലുഞാൻ.....

എന്നു ''കീചകവധ''ത്തിലും കാണുന്ന വിശദീകരണങ്ങളംതന്നെ വിമർശകന്മാരെ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്. പാണ്ഡിത്യക്കുറവുകൊണ്ടല്ല, താനീ നാടോടിഭാഷയംഗീകരിച്ചതു്. പിന്നെയോ, നിരക്ഷരരായ പാമരസഹസ്രങ്ങളെ ഉദ്ദേശിച്ചാണ് എന്നദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. തനിക്കു സംസ്കൃതത്തിലും മലയാളത്തിലും ഒരുപോലെ തികഞ്ഞ കവനകലാ

ചിലാസമുണ്ടെന്നും കവി നമ്മെ ഓർമ്മപ്പെടുത്തുന്നു. തന്റെ നാക്കിൽ, പാൽക്കടൽത്തിരപോലെ പദങ്ങളും തുള്ളിയേറി വരികയാണെന്നു് അദ്ദേഹം പറയുന്നതു് അല്പംപോലും ഭോഷ്കല്ല, നിറഞ്ഞ സത്യമാണു് എന്നു് നമുക്കു സമ്മതിച്ചു കൊടുക്കാതെ തരമില്ല ഈ ആത്മവിശ്വാസം എവിടെനിന്നുണ്ടായി? കിടയറ്റ പ്രതിഭയിൽനിന്നും കറയറ്റ പാണ്ഡിത്യത്തിൽനിന്നും തന്നെ.

തുള്ളൽക്കഥ ഒരു നൂതന കവനപ്രസ്ഥാനം ആയിരിക്കുന്നതുപോലെ, ഒരു നൂതന ദൃശ്യകലാപ്രസ്ഥാനവുമാണെന്ന വസ്തുതനാം പ്രത്യേകം ഓർക്കേണ്ടതാണു്. ഈ വിഷയത്തിൽ കിളിപ്പാട്ടു്, മണിപ്രവാളകവിത തുടങ്ങിയവയിൽനിന്നു വ്യത്യസ്തമായ ഒരു നിലയാണു് തുള്ളലിനുള്ളതു്. കഥകളി, കൂത്തു് എന്നിവയിൽ പൂർണ്ണമായി രസിക്കണമെങ്കിൽ കുറച്ചൊരു സാഹിത്യസംസ്കാരം ആവശ്യമാണു്. പണ്ഡിതന്മാരെ രസിപ്പിക്കുവാൻ ഇവ തികച്ചും സമർത്ഥങ്ങളായിരുന്നതാനും. അവക്കു വേണ്ടിയല്ല നമ്പ്യാർ തുള്ളൽക്കല സംവിധാനംചെയ്തതു്. അദ്ദേഹത്തിന്റെ സദസ്യർ വെറും സാധാരണക്കാരാണു്. രാജധാനിയിലെ തഴ്ന്നതരം ജോലിക്കാരും, ഉത്സവകാലങ്ങളിൽ ക്ഷേത്രപരിസരങ്ങളിൽ തടിച്ചുകൂടുന്ന ഗ്രാമീണജനങ്ങളും മറ്റുമായിരുന്ന അദ്ദേഹത്തിന്റെ മുൻപിൽ വന്നുകൂടിയവരിൽ ഭൂരിപക്ഷവും. അവക്കു മനസ്സിലാകണമെങ്കിൽ അവരുടെ ഭാഷയിൽതന്നെ കഥ പറയണം. ഇക്കാരണത്താലാണു് ഭാഷാശുദ്ധിയിൽപോലും നമ്പ്യാർ ചിലേടത്തു് വേണ്ടത്ര ശ്രദ്ധിക്കാതിരുന്നിട്ടുള്ളതു്. ദേശ്യപ്രയോഗങ്ങളും ഗ്രാമ്യപദങ്ങളും തുള്ളൽക്കഥയിലെപ്പോലെ നമ്പ്യാരുടെ മറ്റു കൃതികളിൽ കാണുന്നില്ലെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്.

മുഞ്ഞി, മേലാ, ചെണ്ടത്തം, കൂവാ, അമളി, വല്ലന്തി, വരത്തില്ല, പോടി, മങ്ങലി, ചെകതി, കയ്യാളിക്കുക, വാശ്ശു്,

കുരള എന്നിവ നമ്പ്യാർക്കു വളരെ പ്രിയപ്പെട്ട ദേശ്യപദങ്ങളാണു്. പടലിൽ, നിച്ചിരയം, തവി, തുമ്പാ, കിളരം, കിണ്ണൻ, തോപ്പനാരു്, അനത്തുക, കോയിക്കൽ, പടിക്കം, കുഴിയന്മാർ, തമ്പലം മുതലായ പദങ്ങളും അദ്ദേഹം ഉപയോഗിച്ചിട്ടുണ്ടു്. ചെയ്യണകണ്ടൻ, കൊല്ലണകണ്ടൻ, പുക്കോണ്ടാട്ടെ, ഒഴിച്ചേച്ചാട്ടേ, ഇവിടുണ്ടാക്കീടാം, വേണ്ടെന്നു്, മരത്തേലേറി, മൂന്നാലില്ലേ, ദേവകീടെ, ഉവ്വീന്നു്, നമ്മുടാംക്കു്, ഞാനിമ്പിടിങ്ങനെ, നടന്നൂടാ, ഇവിടാരംഭിച്ചു എന്നിങ്ങനെ സംഭാഷണത്തിൽ മാത്രം ഉപയോഗിക്കാവുള്ള സന്ധികളും, സങ്കുചിതരൂപങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ സുലഭാണു്. ചിതംവരിക, തരംകെടുക, തണ്ടതപ്പുക, വേണ്ടാസനംതുടങ്ങുക, തായം തെറുക, ആനകളിക്കുക, ചെണ്ടകൊട്ടിക്കുക, ശ്രുണികടിക്കുക, പൊക്കം പിടിപ്പിക്കുക എന്നിങ്ങനെയുള്ളനിരവധി ശൈലികളും അദ്ദേഹത്തിന്റെ തുള്ളക്കഥകളിൽ അങ്ങോളമിങ്ങോളം കണ്ടെത്താവുന്നതാണു്. അമ്മേത്തു്, പഴയരി, എറാൻ തുടങ്ങിയ ആചാരപദങ്ങളും രാജസേവകനായ നമ്പ്യാർ സന്ദർഭോചിതം പ്രയോഗിച്ചിട്ടുണ്ടു്. ഓടി എന്ന അർത്ഥത്തിൽ 'ധാവതി ചെയ്യു' എന്ന നമ്പ്യാർ പലേടത്തും പ്രയോഗിച്ചിരിക്കുന്നതു് ഒരു ഫലീത പ്രയോഗമായേ കണക്കാക്കാൻ തരമുള്ള 'ധാവതി' എന്ന സംസ്കൃതപദത്തിനു് ഓടുന്നു എന്ന വർത്തമാനാർത്ഥമാണുള്ളതു്. ഇതിനോടു് 'ചെയ്യു' എന്ന മലയാളക്രിയകൂടി ചേർത്താണു് ധാവതിചെയ്യു എന്നു പ്രയോഗിച്ചിരിക്കുന്നതു്. ചരതിച്ചു, വിചരിതിച്ചു, ശ്രുണിച്ചു എന്നിങ്ങനെയുള്ള ക്രിയാരൂപങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നുണ്ടു്. കവിതയെ സംഭാഷണഭാഷയോടു് ഇതുയധികം അടുപ്പിച്ച ഒരു കവി മലയാളത്തിലില്ല എന്നതന്നെ ഉറപ്പായി പറയാം. മറ്റുചില കവികളുടെ കൃതികളിൽ സന്ദർഭത്തിനനുസരിച്ചു് ചില ദേശ്യപ്രയോഗങ്ങളും കാണ-

പ്പെട്ടുണ്ടെങ്കിലും ഇതു ബോധപൂർവ്വമായി ആ കൃത്യം നിർവ്വഹിച്ച മറ്റൊരു കവിയും ഇതേവരെയുണ്ടായിട്ടില്ല.

ഇതുയേറെ ജീവത്തായ പച്ചമലയാളപദങ്ങളും പ്രയോഗിച്ചിട്ടുള്ള നമ്പ്യാരും തനി സംസ്കൃതരൂപത്തിലുള്ള പദങ്ങളും അങ്ങിങ്ങായെങ്കിലും ഉപയോഗിക്കാതിരുന്നിട്ടില്ല. ശ്രുണു, കഥയാമി, ജഗാമ, ഊചേ, ബഭാഷേ, ഉക്തവാ, ജനാനാം, തരുശാഖായാം, സന്തുജ്യ മുതലായ പദങ്ങളും ദുഷ്ടാന്തമാണ്. തള്ളിയലച്ചു വരുന്ന ശബ്ദപ്രവാഹത്തിൽ പണ്ഡിതനായിരുന്ന കവി അറിയാതെ ഇഴഞ്ഞുകയറിയ പദങ്ങളായേ ഇവയെ ഗണിക്കേണ്ടതുള്ളൂ. ഇതുപോലെ അങ്ങിങ്ങായി ചില നിരർത്ഥകശബ്ദങ്ങളും പുനരുക്തങ്ങളും കാണപ്പെടുന്നുണ്ട്. ശബ്ദാലങ്കാരങ്ങളെ സംബന്ധിച്ചു പ്രത്യേകം താത്പര്യമുള്ള ഒരു കവിയായിരുന്ന നമ്പ്യാർ. അനുപ്രാസബാഹുല്യം ഇതുപോലെ മറ്റൊരു മലയാളകവിതയിലും കാണുകയില്ല. ചിലേടത്തു ശബ്ദാഡംബരം അല്പം കൂടിപ്പോയോ എന്നുപോലും തോന്നാവുന്നതാണ്. എങ്കിലും താളമേളങ്ങളോടുകൂടി രംഗത്തു പ്രയോഗിക്കപ്പെടുമ്പോൾ അവ വളരെ രസകരങ്ങളായി മാത്രമേ അനുഭവപ്പെടാവുള്ളൂ എന്നതും ഒരു പരമാർത്ഥമാണല്ലോ. ''ഉന്നതമായ പർവ്വതശിഖരത്തിൽ നിന്നു് അഹങ്കാരത്തോടും അതിശക്തിയോടുംകൂടി കുത്തിപ്പാഞ്ഞുതുള്ളിച്ചാടി കൂറയിടിച്ചുതകർത്തു പ്രവഹിക്കുന്ന ഒരു മഹാനദിയോടു കുഞ്ചൻനമ്പ്യാരുടെ കവിതയെ ഉപമിക്കാം. ആ നദിയിൽ കരടുകളും കലക്കങ്ങളും ഉണ്ടായിരിക്കും; എങ്കിലും സാരസ്വതവിലാസവിശേഷത്താൽ അതൊന്നും ആക്ഷേപാർഹമായി തോന്നുകയില്ല'' എന്നു് വടക്കുംകൂർ നമ്പ്യാരുടെ ഭാഷാരീതിയെ സംബന്ധിച്ചു പ്രസ്താവിക്കുന്നതും ഇവിടെ സ്മരണീയമാണ്.

പൊതുവേ ലളിതമായ ഭാഷയാണു് നമ്പ്യാർക്കു് ഹിതകരമെങ്കിലും സന്ദർഭത്തിനൊത്തു് ഭാഷാരീതിക്കും മാറ്റം വരുത്തുവാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്.

''അക്കാലങ്ങളിലതിഭൂജവിക്രമ-
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതി രാവണനെന്നൊരു
ശക്തൻവന്നുപിറന്ന ധരായാം''

എന്ന കാത്ത്വീയ്യാർജ്ജുനവിജയത്തിലും,

''വർദ്ധിതതാധവളഹിമാചലസന്നിഭോഗശരീരൻ
നെടുതാകിനകൊടിമരമെന്നകണക്കെ തടിച്ചൊരുവാലും
പരിഘത്തൊട്ട പടപൊരുതീടിന പൃഥുകരദണ്ഡയുഗം''

എന്നിങ്ങനെ കല്യാണസൌഗന്ധികത്തിലും മറ്റും അദ്ദേഹത്തിന്റെ ഭാഷാരീതിയ്ക്കു സ്വാഭാവികമായി വരുന്ന മാറ്റം നോക്കുക.

ജനസമുദായമദ്ധ്യത്തിൽ പ്രചുരപ്രചാരമുള്ള പഴഞ്ചൊല്ലുകളും പ്രയോഗിച്ച് കവിതയ്ക്കു ഈടും അഴകും വരുത്തുവാൻ നമ്പ്യാർ സദാ ജാഗരൂകനായിരുന്നു. 'വീട്ടിലുണ്ടെങ്കിൽ വിരുന്നു ചോറും കിട്ടും', 'വല്ലാമക്കളിലില്ലാമക്കളെല്ലാവക്കും സമ്മത മല്ലോ', 'താനണ്ണാത്തൊരു തേവർ വരത്തെ—ദാനംചെയ്യാനാളായ്വരുമോ?', 'യഷ്ടികളെ! ഭയമില്ല കരയ്ക്കും—പട്ടി കടിയ്ക്കില്ലെന്ന പ്രസിദ്ധം', 'ഗതികെട്ടാൽ പുലി പുല്ലുംതിന്നും', 'കടിയാപ്പട്ടി കരയ്ക്കുമ്പോളൊരു—വടിയാൽനില്ക്കുമതല്ലാതുണ്ടോ', 'പടിക്കൽപ്പാറ പൊന്നെങ്കിൽ പാതി തേവക്കെന്നപോലെ', 'വാളെട്ടുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ' എന്നിങ്ങനെ എത്രയെത്ര പഴഞ്ചൊല്ലുകളും വേണമെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽനിന്നും നമുക്കുദ്ധരിക്കുവാൻ കഴിയും.

ഹാസ്യസാഹിത്യകാരൻ

നമ്പ്യാരുടെ ശാശ്വതമായ സാഹിത്യയശസ്സിന്റെ പ്രധാനസ്തംഭങ്ങളിലോരോന്നും പ്രധാനമായ കാരണം ഹാസ്യരസാവിഷ്കരണപാടവം. ഹാസ്യസാഹിത്യത്തിന്റെ ഒരു പുഷ്കലകാലമായിരുന്നു അദ്ദേഹത്തിന്റെ സാഹിത്യജീവിതകാലം. അതിനു

മുമ്പും ഹാസ്യരസപ്രാധാന്യമുള്ള കൃതികളുണ്ടായിട്ടുണ്ട്. എന്നാൽ പ്രസ്തുത രസത്തിനു് ഇത്രമാത്രം സർവ്വപ്രധാനമായ സ്ഥാനം കൊടുത്തുകൊണ്ടുള്ള കലാസൃഷ്ടികളുടെ പരമ്പര ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ല. സംസ്കൃതത്തിലോ മറ്റേതെങ്കിലും ഭാരതീയഭാഷയിലോ ഹാസസാഹിത്യം ഒരു പ്രത്യേകശാഖയായി വേർതിരിക്കപ്പോലും ചെയ്യാത്ത കാലത്താണു് മലയാളഭാഷയിൽ ഈ ശാഖയ്ക്കു് ഇത്രമാത്രം വികാസവും സമൃദ്ധിയും ഉണ്ടായതെന്നവസ്തുത കേരളീയർക്കു് അഭിമാനകരം തന്നെ.

പ്രാചീനഭാരതീയാചാര്യന്മാർ മറ്റു രസങ്ങളോടൊപ്പം ഹാസ്യരസത്തിനും ഒരു മാന്യസ്ഥാനം നല്കിയിരുന്നുവെന്നതിൽ തർക്കമില്ല. സംസ്കൃതഭാഷയിലെ മിക്ക പ്രശസ്ത കവികളും സന്ദർഭത്തിനൊത്തു് ഈ രസം പ്രയോഗിച്ചു ഫലിപ്പിച്ചിട്ടുമുണ്ടു്. രസത്തെ കാവ്യജീവനായിഗണിച്ചിരുന്ന അവർക്കു് ഹാസ്യത്തെ മാനിക്കാതെ നിവൃത്തിയില്ലായിരുന്നുവല്ലോ. ഈ രസത്തെപ്പറ്റി അവർക്കുണ്ടായിരുന്ന അഭിപ്രായം സാഹിത്യശാസ്ത്രഗ്രന്ഥങ്ങളെ ആസ്പദമാക്കി ഡാക്ടർ ഗോദവർമ്മ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു. ‘ചിരിക്കുവാൻ അനുകൂലമായ മനോഭാവമാണു് ഹാസം. ദേശകാലാചാരാദികളോടു പൊരുത്തമില്ലാത്ത വേഷം, അന്യരുടെ നടപ്പിനേറയും സംഭാഷണത്തിനേറയും അനുകരണം തുടങ്ങിയ വയാണു് അതിന്റെ വിഭാവങ്ങൾ. ചുണ്ടുകൂർപ്പിക്കും കവിൾത്തടത്തിനും സംഭവിക്കുന്ന സ്പന്ദനം, കണ്ണുകൂമ്പുകയോ കൃഷ്ണമണികളുടെ സങ്കോചവികാസങ്ങൾ, മുഖത്തിൽ രക്തത്തുടിപ്പു് എന്നിവ ഹാസത്തിന്റെ അനുഭാവങ്ങളായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിദ്വേഷകാദികളുടെ അസ്ഥാനത്തിലുള്ള നിദ്ര, അനാദരസൂചകമായ ആലസ്യം, ആകാരഗോപനസൂചകമായ അവഹിത്ഥം എന്നിവയാണു് ഹാസാത്മകമായ സ്ഥായീഭാവത്തിന്റെ സഹചാരികളായി വർത്തിക്കുന്ന വ്യഭിചാരിഭാവങ്ങൾ. ഇപ്രകാരമുള്ള വിഭാവാനുഭാവവ്യഭിചാരികളാൽ രസമാനസത്തിലെത്തിച്ചേരുന്ന ഹാസമെന്ന സ്ഥായീഭാവമാണു് ഹാസ്യം.’’

ഹാസ്യരസപ്രകടനത്തിനു് ഏറ്റവും യോജിച്ച ഒരു ഭാഷയാണു് മലയാളം. അതിപ്രാചീനകാലംതൊട്ടു് ഇന്നോവരെയുള്ള സാഹിത്യസൃഷ്ടികളിൽ ഈ രസത്തിനു് ഒരു മാന്യമായ സ്ഥാനമാണു് മലയാളികൾ കല്പിച്ചുകൊടുത്തിട്ടുള്ളതു്. നമ്മുടെ മലയാളികളുടെ കൂടെപ്പിറപ്പാണെന്നുതന്നെ പറയാം. പ്രാചീനകാലത്തെ നാടൻപാട്ടുകളിലും മറ്റും ഹാസ്യപ്രയോഗങ്ങൾ കാണുവാനുണ്ടെങ്കിലും, ആയ്മന്മാരുടെ ആധിപത്യത്തോടുകൂടിയാണു് ഇതിനു കൂടുതൽ പ്രചാരമുണ്ടായതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അനുദിനജീവിതവൈഷമ്യങ്ങളുമായി ഏറ്റുമുട്ടേണ്ട ആവശ്യമില്ലാത്ത ബുദ്ധിജീവികളായിരുന്ന നമ്പൂതിരിമാർക്കു് ജീവിതത്തെ ഒരു വിവിധ വിനോദരംഗമാക്കുവാൻ വളരെയൊന്നും യത്നിക്കേണ്ടിവന്നില്ല. ക്രമേണ കേരളീയസമുദായത്തിന്റെ മേലേപ്പടിയിൽ സ്ഥാനമുറപ്പിച്ച അവർക്കു് നാടുവാഴികളുടേയും തദ്വാരാ നാട്ടാരുടേയും ബഹുമാനാദരങ്ങളും ആജ്ഞിച്ചുകൊണ്ടു് സാംസ്കാരികകാര്യങ്ങളിലേർപ്പെടുവാനും, ജീവിതത്തെ സംബന്ധിച്ചു് ഒരു സരസമനോഭാവം കൈക്കൊള്ളുവാനും കഴിഞ്ഞതു് ഒട്ടും അദ്ഭുതകരമല്ലല്ലോ. നമ്മുടെ കേരളീയചിത്തവൃത്തിയുടെ ഒരു അവിഭാജ്യഘടകമാക്കിത്തീർക്കുവാൻ മറ്റാരേയുംകാൾ സഹായിച്ചതു് മലയാളബ്രാഹ്മണരാണെന്നുള്ള വസ്തുത അവിതർക്കിതമാണു്. എത്രയെത്ര നർമ്മോക്തികളാണു്, തത്തൽപ്രവർത്തകന്മാരുടെ ഭൌതികശരീരങ്ങൾ മണ്ണോടുമണ്ണായിക്കഴിഞ്ഞിട്ടും കേരളോദ്യാനത്തിൽ നറുമണം പരത്തിക്കൊണ്ടു് ഇന്നും വിരാജിക്കുന്നതു്.

മലയാളബ്രാഹ്മണരുടെ ഏറ്റവും പ്രധാനമായ ഒരു ദൃശ്യകലയാണല്ലോ സംഘക്കളി. ഉദ്ദേശ്യം ഈശ്വരാരാധനയാണെങ്കിലും ഹാസ്യരസത്തിനാണു് ഇതിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നതു്. ക്ഷേത്രത്തിലും കൂടിയാട്ടത്തിലും ഇതുതന്നെ അവസ്ഥ.

സംഘക്കളിയുടേയും കൂടിയാട്ടത്തിന്റേയും മറവും ആവശ്യത്തിനുവേണ്ടി നിരവധി പദ്യങ്ങളും ഓരോ കാലത്തായി മലയാളത്തിൽ ഓരോ രസികാഗ്രേസരന്മാർ രചിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ തോലന്റെ വികടപദ്യങ്ങളും വളരെ പ്രസിദ്ധമാണല്ലോ. ചമ്പുക്കളിലും കൃഷ്ണഗാഥയിലും മറവും ഹാസ്യത്തിനു് ഒരു നല്ല സ്ഥാനം നൽകപ്പെട്ടിട്ടുണ്ട്. ഭാവഗംഭീരനായ എഴുത്തച്ഛന്റെ കൃതികളിലും അങ്ങിങ്ങായി ഹാസ്യരസപ്രയോഗങ്ങളും ഇല്ലെന്നില്ല. എന്നാൽ നമ്പ്യാരുടെ കൈയ്യിലെത്തിയപ്പോഴാണു് ഹാസസാഹിത്യം വികസിച്ചു് ഒരു പ്രത്യേക സാഹിത്യശാഖയായുന്നതു്.

പാശ്ചാത്യഭാഷകളിൽ ഹാസസാഹിത്യം നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഒരു പ്രത്യേകശാഖയായി വികസിച്ചിരുന്നു. ഈഷദ്വ്യത്യാസങ്ങളോടുകൂടിയ അതിസൂക്ഷ്മങ്ങളായ ഹാസ്യഭേദങ്ങൾക്കു പ്രത്യേക നാമധേയങ്ങളും അവർ നൽകിയിട്ടുണ്ട്. ഉക്തിഹാസം (Wit), ഫലിതം (Humour), ഹാസ്യാനുകരണം (Parody), ഖണ്ഡനാനുകരണം (Burlesque), ആക്ഷേപഹാസം (Satire), പ്രച്ഛന്നഹാസം (Irony) എന്നിവയാണാവിഭാഗങ്ങളും. നമ്പ്യാരുടെ കവിതകളും പരിശോധിച്ചാൽ ഈ പറഞ്ഞ എല്ലാ ഹാസ്യവിഭാഗങ്ങൾക്കും ദൃഷ്ടാന്തങ്ങളും ധാരാളം കാണാവുന്നതാണു്. മലയാളത്തിൽ പ്രായേണ ഹാസ്യസാഹിത്യം മുഴുവൻ ഫലിതം എന്ന പേരിലടങ്ങുന്നതായിട്ടാണു് ധാരണ. എങ്കിലും ഫലിതം, പരിഹാസം എന്നിങ്ങനെ രണ്ടു വകുപ്പുകളായിത്തിരിച്ചെങ്കിലും ഇതു വ്യവഹരിക്കപ്പെടേണ്ടതാണു്.

ഫലിതം

ബന്ധമില്ലാത്തവയെ തമ്മിൽ പൊട്ടന്നനവെ ബന്ധിപ്പിച്ചു പാഞ്ഞുകേൾക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ അത്ഭുതം, ആനന്ദം എന്നിങ്ങനെയുള്ള വികാരങ്ങൾ ഒരേ സമയത്തുതന്നെ

ഉണ്ടാകുന്നു. ഇങ്ങനെ അദ്ഭുതാനന്ദാദി വികാരങ്ങളും ഒന്നിച്ചുദ്ദീപ്പിക്കുവാൻ പോന്ന ഒരു സരസപ്രയോഗമാണ് ഫലിതം. ഈ ഫലിതം ഹാസ്യരസത്തിന്റെ പരിശുദ്ധ രൂപമാണ്. മറ്റു രസങ്ങളെ സംബന്ധിച്ച് ആളുകൾ ഭിന്നാഭിപ്രായക്കാരാണെന്നു വരാം. എന്നാൽ പണ്ഡിതനും പാമരനും ഒന്നുപോലെ രസിക്കാവുന്ന ഒന്നാണ് ഫലിതം.

ഒരു ഫലിതം ഏതെങ്കിലും ഒരു വ്യക്തിക്കോ, ഒരു സമൂഹത്തിനോ മറ്റോ എതിരായുള്ള ഒരു പ്രയോഗമല്ല. ആ വിധത്തിലുള്ള വാക്ശരപ്രയോഗത്തിനു പരിഹാസം എന്നാണ് പേർ. ഫലിതം സാമാന്യമാണ്. അതു മൂടുവും, പരിഹാസം മിക്കപ്പോഴും നിശിതവുമായിട്ടാണ് നമുക്കനുഭവപ്പെടുക. മനുഷ്യമനസ്സിലുള്ള സന്തോഷത്തിന്റെ ബഹിർപ്രകടനമാണല്ലോ ഹാസം. അതു് സംസ്കാരത്തിന്റെ ചിഹ്നവുമാണ്. നവനവോന്മേഷശാലിനിയായ പ്രതിഭ തന്നെയാണ് ഫലിതകല്പനകളുടെ ഉറവിടം.

ശബ്ദശക്തി, അർത്ഥശക്തി, സന്ദർഭശക്തി എന്നീ അംശങ്ങളെ ആസ്പദമാക്കി ഫലിതത്തെ മൂന്നായി തരംതിരിക്കാം. ഇതിൽ ശബ്ദശക്ത്യുത്ഥമായ ഫലിതമാണ് പ്രയോഗിക്കുവാൻ ഏറ്റവും പ്രയാസം കുറഞ്ഞതു്.. ചില വാക്കുകളുടെ തകിടം മറിക്കലുകൊണ്ടും, വക്രോക്തിപ്രകടനങ്ങൾ മുതലായവകൊണ്ടു് ഈ മാതിരി ഫലിതങ്ങളും പ്രയോഗിക്കുവാൻ വലിയ വിഷമമില്ല. എന്നാൽ അർത്ഥശക്തി പ്രധാനമായ ഫലിതം അന്തർമുഖസ്വഭാവമുള്ളതാണ്. പ്രതിഭയുമായി അതേറ്റവും ബന്ധപ്പെട്ടിരിക്കുന്നു. സന്ദർഭത്തിൽനിന്നുണ്ടാകുന്ന ഫലിതവും ഉൽക്കൃഷ്ടകോടിയിൽപ്പെടുന്നു. ആഖ്യാനകാവ്യങ്ങളിൽ ഇതു കഥാഗാത്രത്തിന്റെ അവയവമായിത്തന്നെ സ്ഥിതിചെയ്യുന്നതുകൊണ്ട് സ്വാഭാവികത ഇതിനു കൂടുതലുണ്ട്.

കുഞ്ചന്റെ നാമധേയം മലയാളികൾക്ക് ഫലിതത്തിന്റെ ഒരു പര്യായംതന്നെയാണ്. അദ്ദേഹം അമ്പലപ്പുഴയും തിരുവനന്തപുരത്തും താമസിച്ചിരുന്ന കാലത്തു് ഓരോ അവസരത്തിൽ ചെയ്തിട്ടുള്ള ഫലിതപ്രയോഗങ്ങളെ സംബന്ധിക്കുന്ന എത്രയെത്രയോ ഐതിഹ്യകഥകളാണുള്ളതു്. തന്റെ ഓരോ വാക്കിലും പോക്കിലും ഫലിതം കലർത്തിയ ഒരു മഹാനുഭാവനായിരുന്നു നമ്പ്യാർ. ചിരിച്ചുകൊണ്ടു് ലോകത്തിലവതരിച്ചു്, ചിരിച്ചും ചിരിപ്പിച്ചും ജീവിതം നയിച്ചു്, മരണാനന്തരവും മലയാളിയെ ചിരിപ്പിച്ചുകൊണ്ടു് നില്ക്കുന്ന ഒരു യശശ്ശരീരനാണദ്ദേഹം.

തുള്ളൽക്കഥകളുടെ ഏതു പുറം മറിച്ചുനോക്കിയാലും രസനിഷ്യന്ദികളായ ഫലിതപ്രയോഗങ്ങളും കണ്ടെത്തുവാൻ യാതൊരു വിഷമവുമില്ല. വീരരസപ്രധാനമായിരിക്കേണ്ട കഥകളിൽപ്പോലും, സന്ദർഭമില്ലെങ്കിൽ സന്ദർഭമുണ്ടാക്കിയും, ഉപകഥകളും സ്വീകരിച്ചും, ശാഖാചംക്രമണം ചെയ്തും മറ്റും അദ്ദേഹം ഫലിതത്തിനു വഴിയുണ്ടാക്കാതിരിക്കില്ല. ഇതിന്റെ ഫലമായി ചില അനൌചിത്യങ്ങളും വന്നുപോയിട്ടില്ലെന്നില്ല. എങ്കിലും അവയെല്ലാം സർവ്വാംഗീണവും സരളമധുരവുമായ ഒരു രസികത്വത്തിൽ മുങ്ങിമറഞ്ഞുപോകുന്നു. കൃത്രിമത്വത്തിന്റെ ഒരു ലാഞ്ഛനംപോലും ഈ ഘട്ടത്തിലെങ്ങും കാണാനില്ലതാനും. ഏതു സംഗതിയും ഹാസ്യരസത്തിന്റെ വെളിച്ചത്തിൽ കാണുവാനുള്ള കണ്ണു് നമ്പ്യാർക്കുണ്ടു്. കഥാകഥനത്തിലും അലങ്കാരപ്രയോഗത്തിലും, വർണ്ണനയിലും, എന്നുവേണ്ടാ എല്ലാ അംശങ്ങളിലും ഫലിതം പ്രയോഗിച്ച കവിതയ്ക്കു് ആകപ്പാടെ ഒരാകർഷകത്വം വരുത്തുന്നതിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്. തുള്ളൽക്കഥകളിലെ പരിഹാസത്തിന്റെ മൂർച്ച ഒന്നു മയപ്പെടുത്തുന്നതു ഫലിതമാണു്.

നമ്പ്യാരുടെ ഫലിതപ്രയോഗത്തിന്റെ സവിശേഷത ഗ്രഹിക്കുവാൻ തുള്ളലിലെ ഏതെങ്കിലും ഒരു ഭാഗം പരിശോധിച്ചാൽ

മതി. 'ഘോഷയാത്ര'യിൽ ഗന്ധർവ്വന്മാരോടേറ്റ തോറ്റ കൌരവസൈന്യത്തിന്റെ പലായനവും പരിഭ്രാന്തിയും വർണ്ണിക്കുന്ന ഘട്ടം ഇതിനൊരു മകുടോദാഹരണമാണ്. ചിലർ കരിയിലകൊണ്ടു മൂടിക്കിടക്കുന്നു, മറ്റുചിലർ വെള്ളത്തിൽ ചാടിയൊളിക്കുന്നു, വേറെ ചിലർ മണ്ണിൽ പലപല കുഴിയുണ്ടാക്കി അവിടെയൊളിക്കുന്നു. ഇതിലേറെ രസകരമായിട്ടുള്ളതു് 'മട്ടള മരയിലുറപ്പിച്ച വിടപ'ന്റെ ഓട്ടമാണ്. വല്ലപാട്ട, മട്ടളം വേർപെടുത്തിക്കാട്ടിലെറിഞ്ഞിട്ടു് ആ പാവപ്പെട്ട മട്ടളക്കാരൻ ഓടിക്കയറിവിട്ടു. എന്നാൽ ഏറ്റവും രസകരമായിട്ടുള്ളതു് ഒരു ഭാഗത്തെത്തോലു പിളർന്നിട്ടു് ചെണ്ടയ്ക്കകത്തു പ്രവേശിച്ച ഒരുവന്റെ കഥയാണ്. ആ ചെണ്ട ഇളകാതെ അതിന്റെ സ്ഥാനത്തിരിക്കുകയാണോ ചെയ്തതു്? അല്ല. അതു പെരുവഴിയിൽ ഉരുണ്ടു തിരിച്ചുതുടങ്ങി; അകത്തു ചെണ്ടക്കാരനും. പൊതുനിരത്തിൽക്കൂടി ചെണ്ടയങ്ങനെ ഉരുണ്ടുരുണ്ടു പോകുകയാണ്. ഈ രംഗം വായിക്കുമ്പോഴും ചിരിക്കാതിരിക്കുവാൻ ഏതു ഗൌരവക്കാരനും കഴിയുമെന്നു തോന്നുന്നില്ല.

'സഭാപ്രവേശ'ത്തിൽ ദുര്യോധനനും അനുജന്മാർക്കും ഉണ്ടാകുന്ന സ്ഥലജലഭ്രമം കുഞ്ചന്റെ നർമ്മബോധത്തെ എത്രമാത്രം ഉന്മേഷിപ്പിക്കുന്നുവെന്നു നോക്കുക. സ്ഫടികനിർമ്മിതമായ തറകണ്ടു് അവിടെ ജലമുണ്ടെന്നു ഭ്രമിച്ചു് ആ ജലപ്രതീതി വീരാളിപ്പട്ടു ചൊരിച്ചു കരേറി', പതുക്കെപ്പുടംകൊണ്ടു തപ്പി' നടക്കുന്നതും, പിൻപിൽ വരുന്ന അനുജന്മാർ മുൻപിൽ നടക്കുന്ന ജ്യേഷ്ഠനെപ്പോലെ 'ചന്തത്തിലുള്ളൊരു പട്ടുമയത്തി കുന്തിച്ചുകുന്തിച്ചു' യാത്ര ചെയ്യുന്നതും മറ്റും ഫലിതരസം തുളുമ്പിനില്ക്കുന്ന രംഗങ്ങളാണ്. നമ്പ്യാരുടെ നൈസർഗ്ഗികഫലിതത്തിനു മറ്റൊരുദ്ദാഹരണമാണ് 'നളചരിതത്തിൽ പുരയുടെ മുറ്റം മണ്ടിനടക്കുന്ന ശുണ്ഠിക്കാരനായ നായർ.

കോപകലുഷിതനായ ആ അന്തസ്സാരശൂന്യൻ കാറിൽ ച്ചിതറിയ മുടിയുമായി പല്ലുകടിച്ചുകൊണ്ടങ്ങനെ പുരയുടെ ചുറ്റും മണ്ടിനടക്കുന്ന ആ ചിത്രം എത്രമാത്രം രസികത്വം നിറഞ്ഞതാണെന്നു് എടുത്തു പറയേണ്ടതില്ലല്ലോ.

'സ്യമന്തകത്ത'ൽ രണ്ടു ബ്രാഹ്മണർതമ്മിൽ പാക്കേറ്റം മൂത്തുണ്ടായ കൈയ്യേറ്റം ഫലിതപൂർണ്ണമായ രീതിയിലാണു് നമ്പ്യാർ വർണ്ണിക്കുന്നതു്.

'കിടുകിടെ മേനി വിറച്ചുതുടങ്ങി
കുടുകുടെയുടലുവിയത്തുവിയത്തും
വടിവൊട്ടതങ്ങളിൽ മുണ്ടുപിടിച്ചും
തണ്ടുതടഞ്ഞവർ മണ്ടിനടന്നൊരു
രണ്ടുംകൂടി മറിഞ്ഞഥ വീണു'

ഇങ്ങനെയാണു് ആ ബ്രാഹ്മണക്ഷാത്രം അവസാനിക്കുന്നതു്.

പട വന്നു കയറിയപ്പോഴുണ്ടായ കോലാഹലങ്ങൾക്കിടയിൽ,

'കണ്ടച്ചാരുടെ മുണ്ടംപോയി
ചെണ്ടക്കാരുടെ ചെണ്ടകളം പോയി
ചക്കിപ്പെണ്ണിനു ചരടും മിന്നും—
ലക്കിയ തോരൻ മുണ്ടും പോയി'

എന്നുകൂടി വർണ്ണിക്കുവാൻ നമ്പ്യാർ ഉത്സുകനായിക്കാണുന്നു. ത്രിപുരന്മാരുടെ അനുയായികളായ പത്തുനൂറസുരന്മാർ വന്നു് തന്റെ വീട്ടു കുത്തിത്തകർത്തപ്പോൾ ഗൃഹനായകനായ കുഞ്ഞുരാമൻ എന്താണു് ചെയ്തതു്?

'ഉത്തരത്തിൻ മുകളേറി പ്പാത്തുപോലും കുഞ്ഞുരാമൻ
കൊത്തിവെച്ച പാവയെന്നങ്ങോത്തുപോയാരസുരന്മാർ'

ഉത്തരത്തിന്റെ മുകളിൽ കയറി കൊത്തിവെച്ച പാവയെപ്പോലെ ശ്വാസംപിടിച്ചിരിക്കുന്ന കുഞ്ഞുരാമന്റെ ചിത്രം

ആരെയെങ്കിലും ചിരിപ്പിക്കാതുണ്ടെങ്കിൽ അതു് പേടിത്തൊണ്ടനായ അയാളെ മാത്രമാണു്.

'പഞ്ചതന്ത്രോപാഖ്യാന'ത്തിൽ കാലനില്ലാത്ത കാലവും, 'ഹനുമദുത്തര'ത്തിൽ വായുവില്ലാതായാലുള്ള അവസ്ഥയും വണ്ണിച്ചിരിക്കുന്നതു് നമ്പ്യാരുടെ ഫലിതകല്പനയുടെ ആഴവും പരപ്പും നമ്മെ വിളിച്ചറിയിക്കുന്നു. അജ്ഞാതമണ്ഡലങ്ങളും തേടിപ്പോകുന്ന അപഭാനോത്സുകനായ ഒരു സഞ്ചാരിയുടെ ഉത്സാഹപ്രകർഷമാണു് ഇതുപോലുള്ള ഘട്ടങ്ങളിൽ കവി പ്രദർശിപ്പിക്കുന്നതു്. സ്വയംവരം, ഉത്സവാഘോഷങ്ങളും എന്നിവയെ വണ്ണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലാണു് നമ്പ്യാരുടെ ഹാസ്യഭാവനയുടെ വേലിയേറ്റം.

'ചോളമഹീശനു കൊറവിനു കമ്പ–
ച്ചോളമതല്ലാതില്ലൊരുവസ്തു
കുരുരാജാക്കന്മാക്കിഹ ചക്ക–
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ'

എന്നിങ്ങനെ കേവലം ശബ്ദശക്തികൊണ്ടു മാത്രം സരസമായിത്തീരുന്ന പ്രയോഗവിശേഷങ്ങളും തുള്ളൽക്കഥകളിൽ സുലഭമാണു്. അലങ്കാരപ്രയോഗത്തിൽപോലും കുഞ്ചൻ ഫലിതത്തിനാണു് പ്രഥമസ്ഥാനം നൽകിയിട്ടുള്ളതു്.

ഇങ്ങനെ ഏതേതംശം എടുത്തു നോക്കിയാലും അവിടെയെല്ലാം നമ്പ്യാരുടെ നർമ്മബോധം അതിന്റെ വിജയക്കൊടി പാറിക്കുന്നതായിക്കാണാം. അപ്രഗത്ഭന്മാരുടെ കൈയ്യിൽ വിരസമാകുമായിരുന്ന പല വസ്തുക്കളും സംഭവങ്ങളും കുഞ്ചന്റെ മായാദണ്ഡസ്പർശമേറ്റു് രസകരങ്ങളായി മാറുന്നു. തൊട്ടതൊക്കെ സ്വർണ്ണമാക്കാൻ കഴിഞ്ഞ മിഡാസിനെപ്പോലെ, തൊട്ടതെല്ലാം ഫലിതമയമാക്കുവാൻ നമ്പ്യാർക്കു കഴിഞ്ഞിട്ടുണ്ടു്. ഇതുകൊണ്ടുതന്നെയാണു് "കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കു് ജീവൻ നൽകു

ന്നതു് ഫലിതമാണു്'' എന്നു് സാഹിത്യചിന്തകന്മാരെല്ലാം നിസ്സന്ദേഹമായി പ്രഖ്യാപനംചെയ്തിരിക്കുന്നതു്.

പരിഹാസം

ആനന്ദദായകത്വം മാത്രമാണു് സാഹിത്യോദ്ദേശ്യം എന്ന വിശ്വാസക്കാരനായിരുന്നില്ല കുഞ്ചൻനമ്പ്യാർ. നേരേമറിച്ചു്, സാഹിത്യം ഒരു സമുദായികോൽപന്നമായതിനാൽ സമുദായത്തിലെ ന്യൂനതകളെ ചൂണ്ടിക്കാണിച്ചു്, അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ വേണ്ട പ്രേരണ നൽകേണ്ട കർത്തവ്യംകൂടി കവിക്കുണ്ടെന്നു് അദ്ദേഹത്തിന്നഭിപ്രായമുണ്ടായിരുന്നു. ചുറ്റുപാടുകളെ വിസ്മരിച്ചു്, അന്തർമ്മുഖനായി കഴിഞ്ഞുകൂടുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സമദർശിതയും സഹാനുഭൂതിയും നിറഞ്ഞ ഒരു ഹൃദയമായിരുന്നു കുഞ്ചന്റേതു്.

ഒന്നേമുക്കാൽ നൂറ്റാണ്ടുമുമ്പു് ജീവിച്ചിരുന്ന ഒരു കവിക്കു് ഇത്രമാത്രം സാമൂഹ്യബോധം ഉണ്ടായതു് വളരെ അത്ഭുതകരംതന്നെയാണു്. നാട്ടുവാഴിത്തം അങ്ങേയറ്റം അധഃപതിച്ച ഒരു കാലഘട്ടമായിരുന്നു അതു്. അല്പരാജാക്കന്മാരുടേയും ദേശവാഴികളുടേയും കിടമത്സരങ്ങൾകൊണ്ടുള്ള രാഷ്ട്രീയാസ്വാസ്ഥ്യങ്ങളും, പാശ്ചാത്യരുടേയും മറുനാടൻ കച്ചവടക്കാരുടേയും ചൂഷണംകൊണ്ടുള്ള സാമ്പത്തികത്തകർച്ചയും, മറുമക്കത്തായത്തിന്റെ അധഃപതനത്തിന്റെ ഫലമായുണ്ടായ കുടുംബശൈഥില്യങ്ങളുമാണു് നമ്പ്യാർക്കവിതയുടെ പശ്ചാത്തലം. സമുദായശരീരത്തിലുണ്ടായിരുന്ന ഇത്തരം വ്രണങ്ങൾ വിരോപണം ചെയ്യുന്നതിനായിട്ടാണു് നമ്പ്യാർ പരിഹാസശസ്ത്രം കൈയ്യിലെടുത്തതു്. 'ഹാസേന ലജ്ജിതോത്യന്തം ന ദോഷേഷു പ്രവർത്തതേ' (പരിഹാസംകൊണ്ടു് അത്യന്തം ലജ്ജിതനായിത്തീർന്ന ഒരാൾ ദുഷിച്ച പ്രവൃത്തനങ്ങളിലേർപ്പെടുകയില്ല) എന്ന ക്ഷേമേന്ദ്രവചനവും ഇവിടെ സ്മർത്തവ്യമാണു്.

പരിഹാസമാർഗ്ഗത്തിൽ ചരിക്കുന്ന ഒരു കവിക്കുണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും നമ്പ്യാർക്കുണ്ടായിരുന്നു. സാമൂഹ്യബോധം, നിരീക്ഷണകുശലത, സമദർശിത എന്നീ ഗുണങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം ഒളിവിതറിനില്ക്കുന്നുണ്ട്. ഇതിലേറെ പ്രകടമായിട്ടുള്ളതു് അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയാണു്. സമുദായമദ്ധ്യത്തിലുള്ള ദുരാചാരങ്ങളേയും, ചാപല്യങ്ങളേയും, കുചേഷ്ടിതങ്ങളേയും അധിക്ഷേപിച്ചു്, വിനോദത്തിനു് വകയുണ്ടാക്കണമെന്നും, ഇത്തരം വൈകല്യങ്ങളാൽ സാമുദായികജീവിതത്തിൽനിന്നും നിർമ്മാർജ്ജനംചെയ്തു് ഈശ്വരഭക്തിയും, സന്മാർഗ്ഗനിഷ്ഠയും, കർത്തവ്യബോധവും, സമാധാനബുദ്ധിയും നിറഞ്ഞതും, സത്യവും നീതിയും പുലരുന്നതുമായ ഒരു സമുദായവ്യവസ്ഥിതിയുണ്ടാകണമെന്നുള്ളതായിരുന്നു നമ്പ്യാരുടെ ഉദ്ദേശ്യം.

സമുദായത്തിലെ പന്തികേടുകളെ അതിശയോക്തി കലർത്തി കൂടുതൽ അപഹാസ്യമായി ചിത്രീകരിച്ചാണല്ലോ ഹാസ്യകവി സമുദായപരിഷ്കരണത്തിനു ശ്രമിക്കുക. ഇതു ചിലർക്കു് അരോചകമായിത്തോന്നിയേക്കാം.

> ''കഥയിൽ സംഗതിചേർത്തു കഥിക്കുമ്പോളതിൽക്കൂടി
> കഥിക്കേണ്ടിവരും കുത്തുകവികളും ചില ദിക്കിൽ
> അതുകൊണ്ടു ഭവാന്മാർക്കു വൈരമാർക്കും വരിക്കൊല്ലേ
> ഹിതജ്ഞന്മാരറിഞ്ഞെല്ലാം സഹിക്കേണം വണങ്ങുന്നേൻ''

എന്നദ്ദേഹം അപേക്ഷിക്കുന്നതു നോക്കുക. തന്റെ നിലപാടിനെ അദ്ദേഹം വിശദീകരിക്കുന്നതു്,

> ''ഒരുത്തർക്കും ലാഘവത്വത്തെ വരുത്തുവാൻ മോഹമില്ല
> ഒരുത്തനു പ്രിയമായിപ്പറവാനും ഭാവമില്ല''

എന്നിങ്ങനെയാണു്. പുരാണകഥാകഥനരൂപേണ പരിതഃസ്ഥിതികളെ നിരൂപണംചെയ്യുന്ന ആ പരിഹാസകവി

മൂഢന്യൻ പൊരുത്തക്കേടോ, ചാപല്യമോ എവിടെക്കണ്ടാലും തല്ലയ്ക്കൊരു കൊട്ടു കൊടുക്കാതിരിക്കില്ല. അതിനനുകൂലമായ കഥയും കഥാപാത്രങ്ങളുമായിരിക്കും അദ്ദേഹം കണ്ടുപിടിക്കുക. സന്ദർഭങ്ങളും സംഭവങ്ങളും കഥയിലില്ലെങ്കിൽ ഉണ്ടാക്കുന്നതിനും അദ്ദേഹം മടിക്കാറില്ല. ഇടയ്ക്കിടയ്ക്കുള്ള സ്വാഭിപ്രായപ്രകടനങ്ങളും പരിഹാസരസത്തെ പൂർവ്വാധികം പുഷ്ടിപ്പെടുത്തുകയും ചെയ്യും.

ആയുസ്സിന്റെ ഭൂരിഭാഗവും രാജധാനികളിൽ കഴിച്ച നമ്പ്യാർക്ക് അവിടത്തെ ജീവിതത്തെപ്പറ്റിയാണ് കൂടുതൽ പറയുവാനുള്ളതു്. അടിച്ചുതളിക്കാർ, കാവൽക്കാർ, അരിവെപ്പുകാർ, അകമ്പടിക്കാർ, കായ്ക്കാർ മേനോക്കിയച്ചന്മാർ, ചുങംപിരിവുകാർ, സാധികായ്ക്കാരന്മാർ, ഉമ്മന്തിമാർ എന്നിങ്ങനെ രാജധാനിയിലെ എല്ലാത്തരക്കാരുമായി നമ്പ്യാർക്ക് അടുത്തു പരിചയമുണ്ടായിരുന്നതുകൊണ്ട് അവരുടെ ചെയ്തികളും സജീവമായിക്കവിതയിൽപ്പകർത്തുവാനും പരിഹസിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. അഹങ്കാരികളായ ഉപ്പേഭക്കന്മാരും അദ്ദേഹത്തിന്റെ നിശിതമായ വാക്ശരം ഏല്ക്കാതിരുന്നിട്ടില്ല. 'കല്യാണസൌഗന്ധിക'ത്തിൽ ഭീമനേറെയും, 'കാത്തവീര്യാർജ്ജുനവിജയ'ത്തിൽ രാവണനേറെയും, 'ഘോഷയാത്ര'യിലും 'സഭാപ്രവേശ'ത്തിലും ദുര്യോധനനേറെയും 'പഞ്ചേന്ദ്രോപാഖ്യാന'ത്തിൽ ദേവേന്ദ്രനേറെയും മറും അഹങ്കാരവും പരാക്രമനാട്യങ്ങളും തച്ചുടയ്ക്കുന്നതിൽ കുഞ്ചൻ കാണിക്കുന്ന ഉത്സാഹപ്രകർഷം നോക്കുക ധർമ്മരക്ഷകന്മാരായി ജീവിക്കേണ്ട രാജാക്കന്മാർ ചപലന്മാരും, തണ്ടുതപ്പികളുമായിത്തീരുകയാണെങ്കിൽ അവരുടെ സംരക്ഷണത്തിൽ കഴിഞ്ഞുകൂട്ടുന്ന പ്രജകളുടെ സ്ഥിതിയേപ്പറ്റി ആശങ്കിക്കുന്ന ഏതൊരാൾക്കും ആ ദുശ്ശീലങ്ങളോട് വെറുപ്പു തോന്നാതിരിക്കുമോ? ഉച്ചാവചനും, പരിഹാസശീലനുമായ നമ്പ്യാരുടെകഥ പിന്നെ പറയാനുണ്ടോ?

'കല്ലുപേറിത്തലക്കത്തും പിടിപെട്ട
ചെല്ലുന്നനേരത്തു കാട്ടാളമന്നവൻ
നല്ലൊരു വാക്കു പറകയില്ലെന്നല്ല
വല്ലാത്തവല്ലായ്മയുണ്ടാക്കുമപ്പോഴേ
കൊള്ളിവാക്കല്ലാതെ ചൊൽകയുമില്ലവൻ'

എന്നീ വരികളിൽക്കാണുന്ന കാട്ടാളമന്നവൻ യഥാർത്ഥത്തിൽ നിഷ്ണുരനും, മർദ്ദകനുമായ ഒരു കേരളീയനാടുവാഴി തന്നെയാണു്.

ഉദ്യോഗസ്ഥന്മാരുടെ മേൽ ഇതിനേക്കാളും മൂച്ചുകൂടിയ പരിഹാസശരങ്ങളാണു നമ്പ്യാർ പ്രയോഗിക്കുന്നതു്. രാജാവിനും ജനങ്ങൾക്കു മദ്ധ്യേ വഞ്ചിച്ചുകൊണ്ടു് രണ്ടുകൂട്ടരേയും വഞ്ചിച്ചു് സ്വാർത്ഥലാഭം നേടുകയാണിവരുടെ തൊഴിൽ. കല്പിച്ചതിൽ പത്തു മടങ്ങു കവിഞ്ഞുനടക്കുന്ന ഈ ഉദ്യോഗസ്ഥന്മാർ സാധുക്കളോടു പിടിച്ചുപറിക്കുന്ന അൻപതു രാശിയിൽ ഒരുപക്ഷേ ഒൻപതായിരിക്കും രാജഭണ്ഡാരത്തിലടയ്ക്കുക. 'ചുങ്കമെടുത്തും പിഴ ചെയ്യിച്ചും, കൈക്കാണത്തിനു കൺകൂനയിട്ടും' കഴിയുന്ന ഇക്കൂട്ടരെപ്പറ്റി നമ്പ്യാർ 'നളചരിതം' തുള്ളലിൽ പ്രസ്താവിക്കുന്നതു നോക്കുക. കൊട്ടാരത്തിലെത്തുന്ന വാദിപ്രതികളിലാകട്ടെ രാജാവിനെച്ചെന്നു കാണാൻ അനുവാദം കൊടുക്കാതെ കൈക്കാണത്തിനു വക്കാണംകൂട്ടുന്ന കായ്ക്കാരെ ശീലാവതിചരിതം തുള്ളലിൽ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. ''പാലുകുടിച്ചു തടിച്ചൊരുകൂട്ടം വാലില്ലാത്ത കുരങ്ങച്ചന്മാരാ'' യിട്ടാണദ്ദേഹം അവരെ കാണുന്നതു്.

അഹങ്കാരം, ഭീരുത്വം എന്നിവയാണു് നമ്പ്യാരുടെ പരിഹാസത്തിനു് ഏറ്റവും കൂടുതൽ ശരവ്യമായിട്ടുള്ള വ്യക്തിദോഷങ്ങളും. സ്ത്രീലമ്പടത്വവും അദ്ദേഹം അങ്ങേയറ്റംവരെ വെറു

ത്തിരുന്നു. ''അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ–കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം'' എന്ന വാക്കുകളിലെ നിശിതത്വം നോക്കുക. ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം എന്നീ ദുർഗ്ഗുണങ്ങളേയും തരംകിട്ടുമ്പോഴൊക്കെ അദ്ദേഹം പരിഹസിച്ചിട്ടുണ്ട്.

''നാലഞ്ചുഭർത്താവൊരുത്തിക്കുതാനതു
നാലുജാതിക്കും വിധിച്ചതല്ലോക്കണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതംവരാ''

എന്ന കല്യാണസൗഗന്ധികത്തിലും,

''രണ്ടു കളത്രത്തെയുണ്ടാക്കിവെയ്ക്കുന്ന
തണ്ടതപ്പിക്കു സുഖമില്ലൊരിക്കലും''

എന്ന ധ്രുവചരിതത്തിലും പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്.

വ്യക്തിദോഷങ്ങളെന്നപോലെ സാമുദായികദോഷങ്ങളും നമ്പ്യാരുടെ പരിഹാസത്തിനു ലക്ഷ്യമായിട്ടുണ്ട്. നായന്മാർ, പട്ടന്മാർ, നമ്പൂതിരിമാർ എന്നിങ്ങനെ നമ്പ്യാർക്കിഷ്ടത്തറവുള്ള എല്ലാ ജന്മവിഭാഗങ്ങളും പരിഹാസത്താൽ സമ്മാനിതരാകാതിരുന്നിട്ടില്ല കുറെ നായന്മാർകൂടി തകഴിയിൽവെച്ച് നമ്പ്യാരെ അടികലശൽ ചെയ്തതിനാലാണ് തുള്ളലുകളിൽ അവരെ കണക്കിലേറെ അധിക്ഷേപിച്ചിരിക്കുന്നതെന്ന് ഒരു കഥയുണ്ട്. അതുപോലെ പരദേശബ്രാഹ്മണരോടും വിരോധംതോന്നുവാനിടയാക്കിയതായി പറയപ്പെടുന്ന ഒരു സംഭവമുണ്ട്. എന്നാൽ തന്റെ ചൂരവപാട്ടമുണ്ടായിരുന്ന കുറവുകളെ മൂടിക്കാണിക്കുവാൻ ഉത്സുകനായിരുന്ന ഒരു ഹാസകവിക്ക് ഈമാതിരി പ്രത്യേകാനുഭവങ്ങൾകൊണ്ടേ എഴുതുവാനുള്ള പ്രചോദനം ലഭിക്കൂ എന്നു വിചാരിക്കുന്നതു മൌഢ്യമാണ്.

നായന്മാരുടെ മുഖ്യദോഷങ്ങളായി അദ്ദേഹം മൂണ്ടിക്കാണിക്കുന്നതു മദ്യപാനം, അടക്കമില്ലായ്മ, അലസത, ഉപ്പുയശീ

ലം, കുടുംബകലഹങ്ങളും എന്നിവയാണു്. ചിലസ്ഥലങ്ങളിൽ അവരുടെ ഭീരുത വണ്ണിക്കുന്നുണ്ടെങ്കിലും മറ്റു പലടത്തും അവരുടെ ആയോധന സാമർത്ഥ്യത്തെ പ്രശംസിച്ചിട്ടുമുണ്ടു്. 'കള്ളക്കുടിക്കുംനായന്മാക്കടികൊള്ളുംതാനുമതോത്തീടേണം' എന്നു 'കാത്തുവീയ്ച്ചാജ്ഞാവിജയ'ത്തിലും,

''ന്യായംനോക്കിനടപ്പാൻ നമ്മുടെ നായന്മാരുപഠിച്ചിട്ടില്ല
നായും നായരുമൊക്കുമെന്നിക്കൊരുപായം വരുമെന്നുള്ളവിചാരം
രണ്ടുവിധത്തിനുമില്ല തരിമ്പതു മിണ്ടുകിലായവർ ശൂണ്ടികടിക്കും''

എന്നു ''പ്രദോഷമാഹാത്മ്യ''ത്തിലും,

''നായന്മാരെക്കൊണ്ടൊരുഫലമില്ലായുധമുള്ളവർതന്നെചുരുക്കം''

എന്നു 'കിരാത'ത്തിലും മറ്റും നിരവധി പ്രസ്താവനകളും അവരെപ്പറ്റി കാണുന്നുണ്ടു്.

പരദേശബ്രാഹ്മണരാണു് നമ്പ്യാരുടെ പരിഹാസത്തിനു ലക്ഷ്യമായ മറ്റൊരു സമുദായം. അവരുടെ ഭോജനപ്രിയതാ, ധനദുർമ്മോഹം തുടങ്ങിയുള്ള ദുശ്ശീലങ്ങളാണു് അദ്ദേഹത്തിന്റെ ശരവ്യം. ''കിട്ടിയതൊന്നും മതിയാകില്ല പട്ടന്മാക്കു ബോധിക്കേണം'' എന്നു രുഗ്മിണീസ്വയംവരത്തിലും,

പട്ടന്മാരൊട്ടവസ്തുമെട്ടത്താൽ പൊട്ടന്മാരിഹതോൽക്കേയുള്ളു;
എട്ടുപണംമുതലുള്ളതിനവർപതിനെട്ടുപണംവിലവെച്ചുകൊടുക്കും

എന്നു 'പ്രദോഷമാഹാത്മ്യ'ത്തിലും

രണ്ടുവല്ലംനിറച്ചുള്ള പപ്പടത്തെപ്പൊടിച്ചിട്ടു
രണ്ടുകൊട്ടപ്പുഴുക്കുടെ തൊലിച്ചുണ്ണാനമത്തിട്ടു്
അഷ്ടഗന്ധംപോലെയാക്കിയൊട്ടശേഷിച്ചൊട്ടതിനും
പട്ടരുണ്ണുന്നതുകണ്ടാൽ ഗോഷ്ടിയല്ലാതെന്നുമില്ല.

എന്നു 'പഞ്ചേന്ദ്രോപാഖ്യാന'ത്തിലും അദ്ദേഹം പട്ടന്മാരെ പരിഹസിച്ചിട്ടുള്ളതായി കാണുന്നു. നമ്പ്യാർ ഒരു ബ്രാഹ്മണഭക്തനായിരുന്നെങ്കിലും ബ്രാഹ്മണ്യത്തിനു് അശേഷം നിരക്കാത്ത

തുണിക്കച്ചവടം, ഉണ്ടികവ്യാപാരം മുതലായ ലൌകികവൃത്തികളിലേർപ്പെട്ട് ധനസമ്പാദനവ്യഗ്രരായിക്കഴിയുന്നവർ ആരുടേയും ആദരം അർഹിക്കുന്നില്ലെന്ന അഭിപ്രായമാണദ്ദേഹത്തിനുണ്ടായിരുന്നതെന്നു വിചാരിക്കാം. ഇതുപോലെതന്നെ മലയാള ബ്രാഹ്മണരുടെ അലസത, സ്ത്രീലമ്പടത്വം, കഥയില്ലായ്മ എന്നിവയേയും അദ്ദേഹം അധിക്ഷേപിച്ചിട്ടുണ്ട്. എമ്പ്രാന്മാർ, അമ്പല വാസികൾ എന്നിവർക്കും അല്പം ചില സമ്മാനങ്ങൾ അദ്ദേഹം നൽകാതിരുന്നിട്ടില്ല. ചുരുക്കത്തിൽ ‘,അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ’’ എന്നു് നമ്പ്യാരുടെ വാക്ശരങ്ങളെപ്പറ്റിയും പറഞ്ഞാൽ ഏറെക്കുറെ ശരിയായിരിക്കും.

ഇതിനുംപുറമെ,സമുദായത്തിലെ ഇത്തിൾക്കണ്ണികളും ബഹുജനോപദ്രവകാരികളുമായ മൂരിവൈദ്യന്മാർ, വ്യാജജ്യോതിഷക്കാർ, ഉമ്മൻതുവാദികൾ, കള്ളക്കണക്കെഴുത്തുകാർ തുടങ്ങിയവരേയും വാക്പ്രഹരമേല്പിക്കുവാൻ കിട്ടിയ സന്ദർഭങ്ങളൊക്കെ അദ്ദേഹം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സാഹിത്യപഞ്ചാനനൻ പറയുന്നതുപോലെ—‘‘ജനസമുദായത്തെ, വിശിഷ്യ അതിലുള്ള ‘ചെണ്ടക്കാരെയും’ തണ്ടുതപ്പികളെയും തൊണ്ടന്മാരേയും പോറകളെയും മാററികളെയും മരഞ്ചാടികളെയും രസികച്ചാരന്മാരെയും പാഴന്മാരെയും’ ‘കുഴിയരെയും’ ‘തുടതുള്ളുന്നവരെയും, ‘ആണത്തമില്ലാത്തവരേയും’ ‘ദുഷ്ടവികണ്ടകന്മാരേയും’ അശാന്തമായ പുച്ഛരസത്തോടെ കടാക്ഷിച്ചുകൊണ്ടുനിൽക്കുന്ന ഊർജ്ജിതാശയനായ കവി തുള്ളക്കഥകളിൽനിന്നുകൊണ്ട് ഒന്നര ശതവർഷകാലമാകുന്ന ജവനികയുടെ ഇടയിൽക്കൂടി നമ്മെ നോക്കുന്നതുപോലെ തോന്നുന്നു.’’

കഥാപാത്രങ്ങളുടെയും കഥാസന്ദർഭങ്ങളുടെയും ചിത്രീകരണത്തിൽ മാത്രമല്ല, മറെറല്ലാ അംശങ്ങളിലും അദ്ദേഹത്തിന്റെ പരിഹാസപ്രവണത കളിയാടുന്നുണ്ട്. അലങ്കാരപ്രയോഗങ്ങളും കഴിയുന്നത്ര ഹാസ്യരസദ്യോതകമാക്കുവാൻ അദ്ദേ

ഹം എഴുപ്പുഴം ശ്രദ്ധിക്കുന്നതായിക്കാണുന്നു. നളനും ദമയന്തിയും തമ്മിലുള്ള ദാമ്പത്യം, നല്ല മിനുത്ത കഷ്ണങ്ങിക്കാരൻ മുല്ലപ്പൂമലർ മൂടിയപോലെ, പൊരുത്തമില്ലാത്തതാണതെ. ദുര്യോധനന്റെ ദുഷ്ടയിൽ ഭീമൻ 'വണ്ണൻവാഴകണക്കെ തടിച്ചൊരു പൊണ്ണൻ' ആണു്. കുറുംപറവാൻ 'കുറുകിണക്കേ' ഇരിക്കുന്നവരും, 'പേരാൽതന്നുടെ വേരുകണക്കെ'യുള്ള കൈകളുമെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. പട്ടരച്ചൻ, നമ്പൂരിയച്ചൻ കേളച്ചനു്, മാക്കോച്ചനു്, മക്കടത്താൻ, പൂച്ചത്തടിയൻ, കുരുടച്ചാർ, കുംഭച്ചെവിയൻ (കുംഭകർണ്ണൻ) എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ ശബ്ദശക്തികൊണ്ടുമാത്രം പരിഹാസരസം പരിസ്ഫുരിക്കുന്നുണ്ടല്ലൊ.

തുള്ളൽക്കഥകളെ അപഗ്രഥിച്ചു പഠിക്കുമ്പോൾ, ഹാസസാഹിത്യത്തിന്റെ ധർമ്മമർമ്മങ്ങളെ ഇത്രമാത്രം ഗ്രഹിച്ചിട്ടുള്ള ഒരു കവി മലയാളത്തിലെന്നല്ല ഭാരതീയഭാഷകളിലൊന്നിലുംതന്നെ ഇല്ലെന്നവസ്തുത വ്യക്തമാകുന്നതാണു്. ആച്ചിലോക്കസു്, അരിസ്റ്റോഫനീസു് എന്നിവർക്കു യവനരാജ്യത്തും, ജ്യൂവനൽ, ലൂസിലസു് എന്നിവർക്കു് റോമാരാജ്യത്തും, ഡ്രൈഡൻ, പോപ്പു്, അഡിസൻ, സ്വിഫ്റ്റു് തുടങ്ങിയവർക്കു് ഇംഗ്ലണ്ടിലും, വോൾട്ടയർ, മോളിയർ എന്നിവർക്കു ഫ്രാൻസിലും ഉള്ള സ്ഥാനമാണു് കുഞ്ചൻനമ്പ്യാർക്കു് മലയാളനാട്ടിലുമുള്ളതെന്നു നിസ്സന്ദേഹം പറയാം.

കേരളീയത

നമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് തുള്ളൽക്കഥകളിൽ കാണുന്ന കേരളീയത. അതിപ്രാചീനകാലംതൊട്ടു് ഈ അടുത്തകാലം വരെ മലയാളകവികളും പുരാണങ്ങളെ ആസ്പദമാക്കിയാണു് കൃതികളും രചിച്ചിട്ടുള്ളതു്. രാമായണഭാരതാദികഥകളും ഏതെങ്കിലും രൂപത്തിൽ കേൾക്കുവാൻ ജനങ്ങൾക്കു് എല്ലാക്കാലത്തുമുണ്ടായിട്ടുള്ള തൃഷ്ണ

യുടെ ശമനത്തിനായിട്ടാണ് നവംനവങ്ങളായ പല പ്രസ്ഥാനങ്ങളും കേരളഭാഷയിലുണ്ടായിട്ടുള്ളതും. നമ്പ്യാരും പുരാണകഥകളെത്തന്നെ പ്രതിപാദ്യമായി സ്വീകരിച്ചു എന്നാൽ മറ്റു കവികളിൽനിന്നും വിഭിന്നമായ മാർഗ്ഗമാണദ്ദേഹം അവലംബിച്ചതു്.

പൂർവ്വകവിസങ്കേതങ്ങളെ അതേപടി അംഗീകരിക്കുവാൻ നമ്പ്യാർ തയ്യാറില്ലായിരുന്നു. എഴുത്തച്ഛൻ തുടങ്ങിയ കവികളും അവയെ മാനിച്ചിരുന്നു. എന്നാൽ നമ്പ്യാരാകട്ടെ, സ്വപരിചയപരിധിയിൽനിന്നുകൊണ്ടാണ് കഥാകഥനം ചെയ്യുന്നതു്. സാധാരണക്കാർക്കുവേണ്ടിയായിരുന്നല്ലോ അദ്ദേഹം തുള്ളൽക്കഥകളെഴുതിയതു്. അവക്കു രസിക്കണമെങ്കിൽ അവരെ സംബന്ധിക്കുന്നതും, അവരുടെ അറിവിൽപ്പെട്ടതുമായ കാര്യങ്ങളും പറയണം. മാത്രമല്ല, തന്റെ ചുറ്റുപാടുമുള്ള സമുദായജീവിതത്തിലെ ന്യൂനതകളെ അതിശയോക്തി കലർത്തി അപഹാസ്യരൂപത്തിൽ ചിത്രീകരിച്ചു സമുദായപരിഷ്കരണം നടത്തണമെന്നും അദ്ദേഹത്തിനുദ്ദേശ്യമുണ്ടായിരുന്നു. ഇതിന്റെയെല്ലാം ഫലമായാണ് അദ്ദേഹം പൂർവ്വകവിസങ്കേതങ്ങളെവിട്ട് പരിസരപ്രത്യക്ഷഫലനത്തിലും, പരിസരവിമർശനത്തിലും ഏർപ്പെട്ടതു്.

ലങ്കയിലോ, ദ്വാരകയിലോ, ഹസ്തിനപുരത്തോവച്ചു നടക്കുന്ന പൌരാണികസംഭവങ്ങളെ അമ്പലപ്പുഴയോ തിരുവനന്തപുരത്തോ വെച്ചു നടക്കുന്നതായി സങ്കല്പിച്ചുകൊണ്ടാണദ്ദേഹം എഴുതിയിട്ടുള്ളതു്. ശാസ്ത്രീയാഭിവൃദ്ധിനിമിത്തം ഗതാഗതസൌകര്യങ്ങളും വർദ്ധിച്ചിട്ടുള്ള ഇക്കാലത്തു് ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും മലയാളികളെക്കണ്ടെത്തുവാൻ സാധിക്കും. എന്നാൽ നമ്പ്യാരുടെ കാവ്യലോകത്തിലാകട്ടെ, സ്വർഗ്ഗത്തിലും അളകയിലും പാതാളത്തിലുംകൂടി കാളിപ്പെണ്ണും, നീലിപ്പെണ്ണും, മാക്കാച്ചാരും, നമ്പൂരിയച്ചനും, ശൂപ്പുവയ്യനും മറ്റുമുണ്ടു്. കല്യാണസൌഗന്ധികത്തിൽ കുബേരന്റെ രാജധാനിയായ അളകയിലും;

"കാരിയക്കാരുണ്ട് മേനോക്കിയച്ചനു-
ണ്ടാരിയപ്പട്ടരച്ചന്മാർ പലരുണ്ട്
കോയിമ്മമാരുണ്ടടുക്കളക്കാരുണ്ട്
നായന്മാരായുള്ളകമ്പടിക്കാരുണ്ട്
ലന്തക്കുഴൽക്കാർ പതിനെട്ടുപുള്ളിയുണ്ട്"

എന്നു് നമ്പ്യാർ വർണ്ണിച്ചിരിക്കുന്നു. നായാട്ടിനെത്തുന്ന കാട്ടാളന്മാരുടെ സംഭാഷണം അക്കാലത്തെ നായന്മാരുടെ സംഭാഷണമാണു്.

"തോക്കും പണയത്തിലാക്കിയെന്നമ്മാവ-
നോക്കുമ്പോളീവകയ്ക്കുമില്ലായുധം"

എന്നിങ്ങനെ 'പരാധീനം' പറയുന്നതു് വനചരന്മാരായ നായാടികളല്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. 'കാത്തവീര്യാർജ്ജുനവിജയ'ത്തിൽ രാവണൻ ശിവപൂജയ്ക്കിരിയ്ക്കുന്നതു് കേരളീയമായ പൂജാവിധാനങ്ങളോടുകൂടിയാണു്. പൂജാസമയത്തു് മലയാളബ്രാഹ്മണരുടെ രീതിയനുസരിച്ചു്, ദേവഭാഷയായ സംസ്കൃതത്തിൽതന്നെയാണു് രാവണനും സംസാരിക്കുന്നതു്. രാവണൻ ചിത്രയോധിമുഖേന കാത്തവീര്യനോടാവശ്യപ്പെടുന്നതു്,

"വിളവിൽപ്പാതി നമുക്കുതരേണം
മുളകുസമസ്തവുമേല്പിക്കേണം
തെങ്ങുകവുങ്ങുകമാവും പ്ലാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം"

എന്നാണു്. കരുമുളകുമുഴുവൻ കൃഷിക്കാർ സക്കാരിൽ ഏല്പിച്ചു് നിശ്ചിതവില വാങ്ങിക്കൊള്ളണമെന്നായിരുന്ന അക്കാലത്തെ നിയമം. സക്കാരിൽനിന്നു നേരിട്ടാണു് പടിഞ്ഞാറൻ കമ്പനിക്കാർക്കു വില്പന നടത്തിവന്നതു്. മുപ്പറ, എട്ടൊന്നു്, വിത്തിലിരട്ടി എന്നിങ്ങനെ അക്കാലത്തു കേരളത്തിൽ നടപ്പി

ലിരുന്ന നികുതിസമ്പ്രദായത്തെപ്പറ്റിയുള്ള പരാമർശവും നോക്കുക. കാത്തവീയ്യൻ സാമന്തപദവി സ്വീകരിക്കാതിരുന്നാൽ രാവണസൈന്യം,

> ''അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
> നമ്പൂരാരുടെ ഭവനം ചുട്ടും
> എമ്പ്രാന്തിരിയെത്താഡിച്ചും പുന—
> രമ്പലവാസികളെക്കൊലചെയ്തും—''

മറവുമാണ് പ്രതികാരനടപടികളും കൈക്കൊള്ളുവാൻ പോകുന്നതത്രേ.

'സഭാപ്രവേശ'ത്തിൽ മയൻ നിർമ്മിച്ച രാജസഭയിൽ ഒരു തിക്കുനമ്പൂതിരിമാർക്കുപോലും തങ്ങളുടെ സാധാരണ രീതിയനുസരിച്ച് ബോധിച്ചുപോലെ ഉള്ളിൽ കടക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. 'നോക്കുന്നടിക്കിലേ വാതുക്കൽവാതുക്കൽ—തോക്കും പിടിച്ചുള്ള കാവൽക്കാരു'ണ്ടായിരുന്നതാണതിന്റെ കാരണം. അസുരശില്പിയായ മയൻ തുള്ളലിൽ കേരളീയനായ ഒരു മൂത്താശാരിതന്നെ. ഹസ്തിനപുരത്തിലെ ഊട്ടുപുരയിൽ സ്ഥലംപിടിച്ചിരിക്കുന്നതു്, ''പട്ടന്മാർ, പരിപ്പുകാർ, മടപ്പുള്ളിബ്രാഹ്മണർ'' തുടങ്ങിയവരാണു്. അവരുടെ സദ്യയ്ക്കുള്ള വിഭവങ്ങളോ തനി കേരളീയം. പാണ്ഡവരാജധാനിയിലെ വിനോദങ്ങളുടെ കൂട്ടത്തിൽ ചാക്യാർ കൂത്തും ഉൾപ്പെട്ടിരുന്നുവത്രേ.

'ഘോഷയാത്ര'യിൽ വനത്തിലേയ്ക്കു പുറപ്പെടുന്നതിനുമുമ്പു് പടയാളികളായ നായന്മാരെ വരുത്തുവാനാണു് ദുര്യോധനൻ ആജ്ഞാപിക്കുന്നതു്. ഇതനുസരിച്ചു് നായന്മാർ തോക്കുമായി വെടിക്കോട്ടയ്ക്കൽചെന്നു് വെടിമരുന്നു സംഭരിക്കുന്നതിനു വലിയ തിക്കും തിരക്കും കൂട്ടുന്നു. അനന്തരമുള്ള സദ്യ അമ്പലപ്പുഴ നാടകശാലയിൽവെച്ചു് ചെമ്പകശ്ശേരിരാജാവു നടത്താറുണ്ടായിരുന്ന സദ്യതന്നെയാണു്. ''വലിയരിവെച്ചു വെള്ളത്തൊരുചോറും— പലപല കറിയും പഴവും നെയ്യും'' മറവും മാത്രമല്ല, ഭടന്മാർക്കു പ്രത്യേക താത്പര്യമുള്ള ''കടൽവാഴയ്ക്കാക്കറി''യും ഉണ്ടായിരുന്നു

വത്രേ. ഷോഷ്യയാത്ര കാണുവാൻ വന്നുനില്ക്കുന്നതു് നിച്ചിരിയത്തി തുടങ്ങിയ അച്ചിമാരാണു്. സുയോധനാദികളുടെ വേഷവിധാനങ്ങളും അന്നത്തെ രാജാക്കന്മാരുടെ അലങ്കാരങ്ങളുംതന്നെ. സഭ്യത്തിൽ, ''പച്ചിലയുള്ളോരു പടവിക്കാരും'' ചന്തക്കാരനും, കൂട്ടിപ്പുട്ടരുമുണ്ടായിരുന്നുവത്രേ. ഉർവ്വശിമേനക തുടങ്ങിയവക്കു പുറമേ, നീലിപ്പെണ്ണു്, കാളിപ്പെണ്ണു് എന്നീ സുന്ദരിമാരുമുണ്ടു് നമ്പ്യാരുടെ സഭയിൽ.

'സ്യമന്തക'ത്തിൽ സൂര്യദത്തമായ മണിയുമായി സത്രാജിത്തു വരുന്ന കാഴ്ചകാണുവാനായിത്തിക്കിത്തിരക്കിക്കൂടിയവരുടെ കൂട്ടത്തിൽ ഇച്ചിരിയമ്മ, നിച്ചിരിയത്തി, കുഞ്ഞിപ്പെണ്ണു്, കുഞ്ഞിക്കവു്, മായച്ചി മുതലായ അച്ചിമാരുമുണ്ടു്. ജാംബവതിയുടേയും സത്യഭാമയുടേയും വിവാഹമഹോത്സവം വർണ്ണിച്ചിരിക്കുന്നതു വായിച്ചാൽ അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടന്ന ഒരു പള്ളിക്കെട്ടമഹോത്സവമെന്നേ തോന്നുകയുള്ളു. വധൂവരന്മാരുടെ പട്ടണപ്രവേശം കാണാൻ വളഭികളിൽ തിക്കിക്കൂട്ടുന്നതു കേരളീയാംഗനമാരാണു്. തന്റെ വീട്ടിൽ ചെരിവാൻ വന്ന ചേന്നൻനായക്കു പായെടുത്തു പുറത്തുകൊടുത്തതിനു ക്ഷോഭിച്ചു കോലാഹലമുണ്ടാക്കിയ മദ്യപനെയാണല്ലോ തനിക്കു ഭർത്താവായി ലഭിച്ചതെന്നൊരുത്തി നിരാശപ്പെടുന്നു. 'അക്കിത്തിരിമാർ ചോമാതിരിമാർ—ചൊൽക്കൊണ്ടീടിന ഭട്ടേരികളും'' മറവും തുത്താലി ചാർത്തിനു വന്നിട്ടുണ്ടു്. ആട്ടക്കാരുടെ പെട്ടികം വെയ്ക്കുന്നതിനു് വേറെ കൊട്ടിലുതന്നെ കെട്ടുന്നു. 'തേച്ചുകുളിക്കുവാൻ എണ്ണയും, ഇഞ്ചയും, താളിയും കൊടുക്കുന്ന എണ്ണത്തട്ടിനും താളിത്തട്ടിനും സമീപത്തു പട്ടന്മാരുടെ കോലാഹലമാണു്. അടുക്കളയിൽ മലയാളബ്രാഹ്മണരുടെ മറെറാരു ബഹളം. ആതുശ്ശേരി, ചിതുമ്പള്ളി, തൊട്ടശ്ശേരി, കടുകുശ്ശേരി, വേങ്ങശ്ശേരി തുടങ്ങിയ നമ്പൂതിരിമാണു് ദേഹണ്ഡക്കാർ. ഇലവെച്ചു നിരന്നുതുടങ്ങിയതോടുകൂടി മണിയാ സ്വാമി, സുബ്ബയ്യൻ, വെങ്കിട്ടരാമൻ, സീതാരാമൻ തുടങ്ങിയ പരദേശബ്രാഹ്മണരുടെ

"പച്ചടിശ്ശേ പരിപ്പുണ്ടാനാ–
ലാച്ചിതുസാപ്പാടെന്നാനൊരുഉൻ
അടനംപൂരി പീത്തായോളീ
രമ്പംപോട്ട പുളിശ്ശാങ്കറിയേ....."

എന്നീ വിധത്തിലുള്ള സംഭോജനകോലാഹലമയി. മറെറാരു ടിക്കിൽ "ജയജേരാമും സീതാരാമും ജേജേ രാമും കോദണ്ഡ രാമും" എന്നിങ്ങനെ ഗോസായികളുടെ ഉദ്ഘോഷണങ്ങളും! ഇതൊക്കെ നടക്കുന്നതു ദ്വാരകയിലാണെന്നുകൂടി നാം ഓർക്കേണ്ടി യിരിക്കുന്നു.

ഈവിധം നോക്കിയാൽ ദേശാതിപാതം, കാലാതിപാതം തുടങ്ങിയ അനൗചിത്യങ്ങളും നമ്പ്യാരുടെ കൃതികളിലുണ്ടെന്നു് ഒരു സാഹിത്യശാസ്ത്രജ്ഞനു വിധിക്കാൻ കഴിയും. എന്നാൽ അനുവാചകന്റെ അല്ലെങ്കിൽ കേരളീയന്റെ ഹൃദയത്തിന്റെ ഉള്ളറകളിലേക്കു കടന്നുചെന്നു് അവനിൽ രസാനുഭൂതി ഉണ്ടാക്കുക യാണു് കവിതയുടെ പ്രധാന ലക്ഷ്യമെങ്കിൽ, ഈ അനൗചിത്യ ങ്ങളും ഒരുതരത്തിലും നമ്പ്യാർക്കവിതയെ താഴ്ത്തുന്നില്ലെന്നു സമ്മ തിക്കാതെ തരമില്ല. മാത്രമല്ല, ഈ അനൗചിത്യങ്ങളാണു് സാധാ രണക്കാരനെ ഏറ്റവും കൂടുതൽ ആകഷ്ടിച്ചിട്ടുള്ളതെന്ന വസ്തുത കാലം വ്യക്തമാക്കുകയും ചെയ്തു കഴിഞ്ഞുവല്ലോ.

വർണ്ണനാരീതി

മറെറ പല സാഹിത്യശാഖകളിലുമെന്നപോലെ വർണ്ണന യിലും, ഏറ്റവും മുൻപന്തിയിലാണു് നമ്പ്യാരുടെ സ്ഥാനം. പ്രതിപാദ്യത്തിന്റെ സ്ഥൂലപ്രതീതി വായനക്കാരുടെ ഹൃദയത്തി ലുണ്ടാക്കുക എന്നതാണല്ലോ വർണ്ണനയുടെ ഉദ്ദേശ്യം. അതായതു്, യുദ്ധമാണു് വർണ്ണ്യവിഷയമെങ്കിൽ അതു വായിക്കുമ്പോൾ താനൊരു യുദ്ധം കാണുന്നതുപോലുള്ള ഒരു തോന്നൽ വായനക്കാ രനുണ്ടാകണം. ഒരു രമ്യോവന വർണ്ണനയാണെങ്കിലോ, അതിനു

യോജിച്ച ഒരു വിശുദ്ധിബോധവും സാത്വികഭാവവുമാണുണ്ടാകേണ്ടതു്. രതി, ശോകം മുതലായ ഭാവങ്ങളും എല്ലാവരുടെ ഹൃദയത്തിലുമുണ്ടു്. അവയെ തട്ടിയുണർത്തുവാൻ പോന്ന രീതിയിലായിരിക്കണം വർണ്ണന സാധിക്കേണ്ടതു്. പ്രതിപാദ്യത്തിനനുസരിച്ച ഭാഷാരീതിയും കല്പനകളും അവശ്യം ഉപയോഗിച്ചിരിക്കണം. എങ്കിൽ മാത്രമേ ഭാവുകഹൃദയത്തിനു് പ്രതിപാദ്യവുമായി തന്മയത്വമുണ്ടാവുകയുള്ളൂ. ഈ വിഷയത്തിൽ അത്യന്തം അഭിമാനകരമായ വിജയം കൈവരിച്ചിട്ടുള്ള ഒരുന്നത കലാകാരനാണു് നമ്പ്യാർ. അത്ഥോപലക്ഷിയായ പദങ്ങളും ശൈലികളും പ്രയോഗിച്ചു് പരമാവധി അത്ഥം സ്ഫുരിപ്പിക്കുവാൻപോന്ന ഭാവപ്രധാനമായ ഒരു വർണ്ണനാരീതിയാണദ്ദേഹം കൈക്കൊണ്ടതു്.

വർണ്ണനാവിഷയത്തിൽ നമ്പ്യാർ എഴുത്തച്ഛനിൽനിന്നും വിഭിന്നനാണു്. ആദർശഭൂതവും ആഹ്ലാദകരവുമായ ഒരു നവീന ലോകത്തിലേയ്ക്കു സഹൃദയഹൃദയങ്ങളെ ഉന്നമിപ്പിച്ചു്, അവയെ സത്യസൌന്ദര്യങ്ങളുടെ പ്രഭാപൂരംകൊണ്ടു വികസിപ്പിച്ചു്, അദ്ഭുതസമ്പൂർണ്ണമാക്കിത്തീർക്കുകയാണു് എഴുത്തച്ഛൻ ചെയ്യുന്നതു്. നമ്പ്യാരാകട്ടെ, ലൌകികജീവിതത്തിന്റെ വിലക്ഷണരീതികളെ ഒരു സാക്ഷിയുടെ നിലയിൽ കണ്ടു രസിക്കുകയും, മറവുള്ളവരെ രസിപ്പിക്കുകയാണു ചെയ്യുന്നതു്.' എഴുത്തച്ഛൻ ഒരു മിതവാക്കാണു്. അത്ഥസംഹൃത്തിക്കു് ആവശ്യമായ ഭാവാത്മകപദങ്ങളാണദ്ദേഹത്തിനിഷ്ടം. എന്നാൽ നമ്പ്യാർ ഒരു വാവദൂകനാണു്.

ഒരു ലഘുവായ കഥാതന്തു സ്വീകരിച്ചുകൊണ്ടു് സ്ഥൂലവർണ്ണനകളും ചെയ്യുകയാണദ്ദേഹത്തിനിഷ്ടം. കഥ പറയുന്നതിനേക്കാളും, കഥ പറയാതിരിക്കുകയല്ലേ അദ്ദേഹത്തിന്റെ ലക്ഷ്യം എന്നുപോലും തോന്നിപ്പോകും പരപ്പിലുള്ള ചില വർണ്ണനകളും വായിച്ചാൽ. 'കല്യാണസൌഗന്ധിക'ത്തിലെ വനവർണ്ണനയും

'സഭാപ്രവേശ'ത്തിലെ സഭാവർണ്ണനയും 'സ്യമന്തക'ത്തിലെ വിവാഹോത്സവവർണ്ണനയും മറ്റും ഇതിനു ദൃഷ്ടാന്തമാണു്. നായാട്ടു്, ഉത്സവാഘോഷം, യുദ്ധം മുതലായവ വർണ്ണിക്കുവാൻ കുഞ്ചനു് വളരെ ഉത്സാഹമാണു്. ഈമാതിരി ഘട്ടങ്ങളിൽ കടിഞ്ഞാണറ്റ കുതിരയെപ്പോലെ എങ്ങോട്ടെന്നില്ലാതെ കവിപ്രതിഭ കുതിച്ചു പായുന്നതു് കണ്ടാം.

നമ്പ്യാരുടെ നായാട്ടവർണ്ണന വളരെ പ്രസിദ്ധമാണു്. അദ്ദേഹത്തിന്റെ കാലത്തെ സാധാരണജനങ്ങൾക്കു് മൃഗയാവിനോദത്തിൽ വലിയ താത്പര്യമുണ്ടായിരുന്നതിനാലാണു് സന്ദർഭം വരുമ്പോഴൊക്കെ നായാട്ടവർണ്ണനയ്ക്കു് അദ്ദേഹം മുതിർന്നിട്ടുള്ളതു്. 'കല്യാണസൗഗന്ധിക'ത്തിൽ ഭീമന്റെ പ്രയാണത്തെ വർണ്ണിക്കുന്ന ഘട്ടത്തിൽ ഒരു നായാട്ടവർണ്ണനയ്ക്കു പുറപ്പെട്ടതു് ഔചിത്യഭംഗം കൂടെയാണെന്നു പറയാതെ തരമില്ല. എങ്കിലും 'ബഭ്രോ കുരയ്ക്കുന്നു വമ്പനും നല്ല കറുമ്പൻ വെളുമ്പനും മുണ്ടനും നീളനും' മറ്റും ചേർന്നു പുറപ്പെട്ടവിക്കുന്ന ബഹുഭൌ ഘോഷങ്ങളും, നായാട്ടുകാരുടെ ''ഹാഹഹാ! ഹൂഹൂഹൂ!'' എന്നിങ്ങനെയുള്ള ശബ്ദകോലാഹലങ്ങളുമെല്ലാം വായിക്കുമ്പോൾ നാമും നായാട്ടിൽ പങ്കെടുക്കുന്നതായി ഒരു താല്ക്കാലിക പ്രതീതിയുണ്ടായിപ്പോകുന്നു.

'സ്യമന്തക'ത്തിലും പ്രസേനന്റെ നായാട്ടിനെപ്പറ്റിയുള്ള ഒരു ദീർഘവർണ്ണനയുണ്ടു്. ''ചാത്തച്ചാരുടെ ചാത്തൻനായും തൊമ്മച്ചാരുടെ തൊമ്മൻനായും'' മറ്റും ഇതിൽ പങ്കെടുക്കുന്നുണ്ടു്.

> ''വെടികൊണ്ടങ്ങു മൃഗങ്ങളും മറിഞ്ഞും
> കടികൊണ്ടങ്ങു ജനങ്ങളും മുറിഞ്ഞും
> കരടികളെത്തിയടിച്ചു കടിച്ചും
> കടുവാക്കൂട്ടമടുത്തു പിടിച്ചും''

മറ്റും നടന്ന ആ സംഘട്ടനം നമ്മുടെ ഹൃദയത്തിലുള്ള ഉത്സാഹമെന്ന സ്ഥായിഭാവത്തെ ഉണർത്തുവാൻ പര്യാപ്തമാണു്.

യുദ്ധവർണ്ണനയിൽ നമ്പ്യാർ എഴുത്തച്ഛന്റെ വളരെ പിന്നി
ലാണ്. രാമായണത്തിലെ ബാലിസുഗ്രീവ യുദ്ധവർണ്ണന
കുംഭോലുള്ളവ നമ്പ്യാരുടെ കൃതികളിൽ കണ്ടുവെന്നു വരിക
യില്ല. എന്നാൽ യുദ്ധത്തിനുമുമ്പും, അതിനിടയ്ക്കും ഇരുഭാഗക്കാരും
ചെയ്യുന്ന വാക്സമരവർണ്ണനയിൽ നമ്പ്യാരെ ജയിക്കുവാൻ
മറ്റാർക്കും കഴിയുകയില്ല. മൂച്ചുകൂടിയ പരിഹാസശരങ്ങളും
പ്രയോഗിക്കുവാനുള്ള നല്ല അവസരമാണല്ലോ ഇതു്. ഈവക
അവസരങ്ങളും അദ്ദേഹം വേണ്ടപോലെ പ്രയോജനപ്പെട്ട
ത്തുന്നുണ്ടെന്നുള്ളതിനു് ഭീമനും സൌഗന്ധികപ്പൊയ്ക
കാക്കുന്ന രാക്ഷസന്മാരും തമ്മിലുള്ള വക്കാണം ഒരുദാഹരണ
മാണു്. 'കൽഹാരപുഷ്പങ്ങളും കട്ടുപറിക്കുന്ന—കള്ളാ, നിനക്കടി
കൊള്ളും' എന്നിങ്ങനെ പതിഞ്ഞ മട്ടിലാണു് അരക്കരുടെ
യുദ്ധോദ്യമം. തമ്പുരാൻ ഉട്ടപ്പാൻ കൊടുക്കുന്നവർ പത്തുനൂറിൽ
കുറവല്ലെന്നും, അവക്കെല്ലാം പൊൻപൂ വെയ്പ്പേറെ പകുത്തുകൊടു
ക്കുന്ന തങ്കമാരു് ''തിമ്മാൻ പുകയില വെറ്റിലപാക്കെ''ന്നിവ
അമ്മമാർ തരുമെന്നും മറ്റും പ്രസ്താവിക്കുന്നുമുണ്ടു്. ഇങ്ങനെ
വന്നടുക്കുന്ന രാക്ഷസന്മാരെയെല്ലാം വൃകോദരൻ ഗദകൊണ്ടു്
'താഡിച്ചു താഡിച്ചു മണ്ടിച്ചു മണ്ടിച്ചു'വെന്നു് സംക്ഷാൽ സംഘ
ട്ടനം ചുരുക്കിയിട്ടു്, അടിയേറ്റ രാക്ഷസന്മാർക്കുണ്ടായ അനുഭവ
ങ്ങളാണു തുടർന്നു വർണ്ണിക്കുന്നതു്. സേനാധിപനായ ക്രോധവ
ശനും വന്നയുടൻ പരിഹാസശരപ്രയോഗമാണു തുടങ്ങുന്നതു്.
യുദ്ധം വളരെ വേഗം കഴിയുന്നു. 'ഘോഷയാത്ര'യിലും, 'കാത്ത
വീയ്യാജ്ജുന'ത്തിലും ഏറെക്കുറെ ഇതാണവസ്ഥ.

എങ്കിലും വെറുമൊരു ഞരമ്പുയുദ്ധക്കാരനല്ല നമ്പ്യാർ.
സംഘട്ടനത്തിന്റെ സജീവചിത്രം വരയ്ക്കുവാനുള്ള കഴിവു്
ചില ഘട്ടങ്ങളിൽ അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ടു്. 'സ്യമന്തക'
ത്തിൽ ശ്രീകൃഷ്ണനും ജാംബവാനും തമ്മിലുള്ള ദ്വന്ദയുദ്ധം വർണ്ണി
ച്ചിരിക്കുന്നതു്,

''വട്ടത്തിൽപ്പുലവട്ടമണഞ്ഞും
കെട്ടിത്തങ്ങളിലൊട്ടുപിണഞ്ഞും

കാലൊട്ടകാലും കൈയ്യൊട്ടകൈയ്യും
മുട്ടൊട്ടമുട്ടും തട്ടൊട്ടതട്ടും''.....

എന്നിങ്ങനെ വിദ്ധ്വംസമായ രീതിയിലാണു്.

ഛായാചിത്രരചനയിൽ പ്രഗത്ഭമായ ഒരു തൂലികയാണു് നമ്പ്യാരുടേതെന്നു പല വർണ്ണനകളും വിളിച്ചുപറയുന്നുണ്ടു്. കല്യാണസൌഗന്ധികത്തിലെ കാട്ടാളരാജാവു്, മൂത്തകുരങ്ങു് എന്നിവയാണു് മകുടോദാഹരണങ്ങൾ. 'ചെമ്പിച്ച താടിയും മീശയും കേശവു'മായിത്തുടങ്ങുന്ന ആ ചിത്രം മുഴുമിച്ചുകഴിയുമ്പോഴേയ്ക്കും 'അത്യന്തഭീഷണ'മായ ഒരു വേഷമാണു നമ്മുടെ കൺമുമ്പിൽ ആവിർഭവിക്കുന്നതു്. ''കൈകളും കാലും കുഴഞ്ഞു വാലുമക്കാലം—മെലിഞ്ഞ കൈകളെക്കൊണ്ടു ചൊറിഞ്ഞു'' എന്നിങ്ങനെ തുടങ്ങുന്ന വർണ്ണന ഒരു മൂത്തകുരങ്ങന്റെ ശരിയായ ഛായാപടംതന്നെ. 'നളചരിത'ത്തിലെ അരയന്നം, 'ബാലീവിജയ'ത്തിലെ ബാലി എന്നിങ്ങനെ മറ്റു ചില ദൃഷ്ടാന്തങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കാവുന്നതാണു്.

നമ്പ്യാരുടെ വർണ്ണനയ്ക്കു മാറ്റു കൂട്ടുന്ന ഒരു ഗുണമാണു് വ്യക്തിവിവരണസാമർത്ഥ്യം. സമഷ്ടിബോധമുളവാകത്തക്കവിധം വ്യക്തി നാമനിർദ്ദേശം ചെയ്യുകയാണിതിന്റെ രീതി. കല്യാണസൌഗന്ധികത്തിൽ, ''താലം തമാലവും നക്തമാലങ്ങളും'' എന്നു തുടങ്ങുന്ന വനവർണ്ണനാഭാഗമാണിതിനുത്തമദൃഷ്ടാന്തം. ദുര്യോധനന്റെ 99 സഹോദരന്മാരുടേയും, ശ്രീകൃഷ്ണന്റെ 32 കളിത്തോഴരുടേയും പേരുകളും പ്രത്യേകം എടുത്തു പറയുവാൻ അദ്ദേഹം ഉത്സുകനായിരിക്കുന്നതു നോക്കുക. സദ്യ വർണ്ണിക്കുമ്പോൾ വിഭവങ്ങളുടേയും, ഉത്സവാഘോഷങ്ങളിൽ തടിച്ചു കൂടുന്ന സ്ത്രീജനങ്ങളുടേയും, വിവിധ വിനോദപ്രകടനങ്ങളുടേയും മറ്റും നീണ്ട പട്ടികകളും സമർപ്പിക്കുവാൻ അദ്ദേഹത്തിനു ബഹുതാല്പര്യമുണ്ടു്.

ഹാസ്യരസവർണ്ണനയിലെന്നപോലുള്ള പ്രാഗത്ഭ്യം ശൃംഗാര രസവർണ്ണനയിൽ നമ്പ്യാർക്കില്ല. ആദർശവനിതകളേയും, ആദർശപ്രേമത്തേയും വർണ്ണിക്കുന്നതിനേക്കാൾ ചപലസ്ത്രീകളേയും കാമചാപല്യങ്ങളേയും വർണ്ണിക്കുവാനാണദ്ദേഹത്തിനുത്സാഹം. എഴുത്തച്ഛൻ ഈ വിഷയത്തിൽ നമ്പ്യാരിൽനിന്നും വളരെ ഭിന്നനാണു്. വാല്മീകി, വ്യാസൻ, കാളിദാസൻ തുടങ്ങിയവരുടെ മാർഗ്ഗമാണു് തുഞ്ചൻ പിൻതുടർന്നിട്ടുള്ളതു്. നമ്പ്യാർ ഈ രീതി അവലംബിക്കാതിരിക്കുന്നതു്, മനുഷ്യസ്വഭാവവൈകല്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്ന ഒരു പരിഹാസമാർഗ്ഗം തിരഞ്ഞെടുത്തതുകൊണ്ടാണു്. അദ്ദേഹത്തിന്റെ സ്ത്രീസൌന്ദര്യവർണ്ണന ആപഴയ അംഗപ്രത്യംഗവർണ്ണനതന്നെയാണു്. മല്ലീവിശിഖന്റെ വില്ലിനു തുല്യമായ ചില്ലികളും, കല്ലോലതുല്യമായ കൺമുനത്തെല്ലും, മുല്ലമൊട്ടിനെ തല്ലിയോടിക്കുന്ന പല്ലും മറ്റുമാണു് സീത, ദമയന്തി തുടങ്ങിയവർക്കെല്ലാമുള്ളതു്. ഓരോ നായികാവർണ്ണനയിലും വൈചിത്ര്യം വരുത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടില്ല. എല്ലാ ചിത്രങ്ങളും ആ പഴയ സങ്കേതങ്ങളും ഉപയോഗിച്ചു് പഴയകരുവിൽ വാർത്തെടുക്കപ്പെട്ടവയാണു്. എന്നാൽ 'നളചരിത'ത്തിൽ ''പല വടിവും വന്നുചമഞ്ഞു—തലമുടിയും വന്നുതികഞ്ഞു'' എന്നു തുടങ്ങുന്ന ദമയന്തിയുടെ യൌവ്വനാരംഭവർണ്ണന ശൃംഗാരവർണ്ണനയിൽ സമർത്ഥമല്ലാത്ത ഒരു തൂലികയിൽനിന്നാണു നിർഗ്ഗമിച്ചതെന്നു പറയുന്നതു് വളരെ സാഹസംതന്നെ.

തുള്ളൽക്കഥകളിൽ പ്രായേണ ദീർഘവർണ്ണനകളാണു് കാണുന്നതെങ്കിലും, ചുരുക്കം പദങ്ങൾകൊണ്ടു് വിപുലമായ അർത്ഥദ്യോതിപ്പിക്കുവാനുള്ള കഴിവും അദ്ദേഹത്തിന്റെ കൃതികളിൽ അങ്ങിങ്ങായി കാണപ്പെടായ്കയില്ല. 'കണ്ണിണകൊണ്ടു കടുകുവറുക്കുന്ന—പെണ്ണിനെക്കണ്ടാലടങ്ങുമോ പൂരുഷൻ' എന്ന സുന്ദോപസുന്ദോപാഖ്യാനപ്രയോഗത്തിൽ എത്ര വിപുലമായ ആശയസമ്പത്താണു് ഉപഗ്രഹനംചെയ്യപ്പെട്ടിരിക്കുന്നതു്. ഉത്താനം

പാടന്റെ അന്തഃപുരത്തിലെ സപത്നീമത്സരത്തെ, ''ജ്യേഷ്ഠത്തി യമനുജത്തിയും തങ്ങളിൽ—ചട്ടികലങ്ങളുംകൂടെടുപ്പുകുത്തുപോൽ'' എന്ന രണ്ടുവരികൊണ്ടു് അദ്ദേഹം ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. മറ്റൊരു കവി, ഈ കുടുംബകലഹം വളരെ വിസ്തരിച്ചു വർണ്ണിച്ചിട്ടുള്ള ഒരു കൃതി മഹാരാജാവിനു സമർപ്പിക്കുകയും, നമ്പ്യാരുടെ സംക്ഷിപ്തവർണ്ണന വായിച്ചിട്ടുള്ള മഹാരാജാവു് മുൻപറഞ്ഞ കൃതി തീയിലിട്ടു ചുട്ടുകളയുകയും ചെയ്തുവത്രെ.

മനുഷ്യസ്വഭാവവൈകല്യങ്ങളും വർണ്ണിക്കുവാനാണു് നമ്പ്യാർക്കു് ഏറെ താൽപര്യമെങ്കിലും, പ്രകൃതിദൃശ്യങ്ങളും, ഭ്രഭാഗഭംഗികളും അദ്ദേഹം വർണ്ണിക്കാതിരുന്നിട്ടില്ല. ''പച്ചക്കടലിക്കരകണക്കിടയ്ക്കിടെ'' എന്നു തുടങ്ങുന്ന കടലീവനവർണ്ണന,

കനലിൽച്ചുട്ടെടുത്തോരു കനകച്ചെങ്കലപോലെ
ദിനകരനുടെ ബിംബം തുടുതുടെ നിറംതേടി
ചരമപർവ്വതത്തിന്റെ മുകളിലങ്ങെഴുന്നള്ളി
പരിചോടസ്തമിപ്പാനുമടുത്തുകാണായിവന്നു''

എന്നു 'കൃഷ്ണലീല'യിലും,

'ലോകമഹാമണിദീപമതായൊരു—ഭാനുവുമബ്ധിയിലാശ്രമറഞ്ഞു
താരഗണങ്ങളുദിച്ചു വിളങ്ങി—സാരസജാലവുമങ്ങുമമങ്ങി
ചന്ദ്രനുദിച്ചുഴകോടഥപൊങ്ങി—ചന്ദ്രികയുലകിലശേഷംതിങ്ങി'

എന്നു് 'അഹല്യാമോക്ഷ'ത്തിലും കാണുന്ന വർണ്ണനകളും നമ്പ്യാരുടെ പ്രകൃതിവർണ്ണനാപാടവത്തിന്റെ ഉത്തമോദാഹരണങ്ങളാണു്.

വർണ്ണനകൾക്കു തന്മയത്വം വരുത്തുവാനായി നമ്പ്യാർ സ്വീകരിച്ചിട്ടുള്ള മറ്റൊരു തന്ത്രം സംഭാഷണസംവിധാനമാണു്. ലോകാവലോകനചതുരനായ നമ്പ്യാർക്കു് കേരളത്തിലന്നുണ്ടായിരുന്ന വിവിധ ജനവിഭാഗങ്ങളുടെ സംഭാഷണരീതിയുമായി നല്ല പരിചയമുണ്ടായിരുന്നു. നാളായണീചരിതത്തിൽ നാളാ

യണിയും ഭർത്താവും ഓരോ രാജ്യത്തും പോയി താമസിക്കുമ്പോഴും, അതാതു രാജ്യത്തെ ഭാഷയിലാണു് സംസാരിക്കുന്നതു്. ''ഹട ബട്ടവാ വിട്ടവിണ്ടുകണക്കോ—പോടെട മെത്തക്കറികിറി സാദം' എന്നു പരദേശബ്രാഹ്മണരുടെയും, 'കുണ്ടൽപ്പറവാൻ കുറവില്ലെന്നുടെ—കുണ്ടമവക്കു വിലക്കിക്കൂടാ'' എന്നു കൃസലില്ലാത്ത നമ്പൂതിരിമാരുടേയും, 'ജേജേറാമ്രാം സീതാറാമ്രാം' എന്നുദ്ഘോഷിക്കുന്ന ഗോസായികളുടേയും മറ്റും വർണ്ണന എങ്ങനെ രസനിഷ്യന്ദിയാകാതിരിക്കും?

ഇതുപോലെതന്നെ വർണ്ണനയുടെ തന്മയത്വം വർദ്ധിപ്പിക്കുന്ന മറ്റൊരു കൌശലമാണു് ശബ്ദാനുകരണം. 'ങ്യാവൂ ങ്യാവൂ' കരയുന്ന പൂച്ചകളും, 'ബഭ്രേ' കരയ്ക്കുന്ന പട്ടികളും, 'ഘണഘണ' സംഘോഷങ്ങളായ ശൃംഖലകളും, 'കകകകംസൻ, കികികികൃഷ്ണൻ' എന്നു പണിപ്പെടുന്ന വിക്കന്മാരും, 'സരിഗമപധനിസ' എന്നു പാടുന്ന പാട്ടുകാരും, 'ഭിണ്ണ'ന്നു കൊള്ളുന്ന അസ്ത്രങ്ങളും, 'തിത്തിമത്തതത്തരികിടതിടതക തികധകിടധിമിതത്തധരികിട' എന്നിങ്ങനെയുള്ള വാദ്യഘോഷങ്ങളും, 'ഭിപ്രുഷപ്രസ്ത്രിഷ്ണുഘോൽസ്നിജങ്മഭോങ്ഡടു്' എന്നുള്ള ക്രുക്ംവിളികളും മറ്റും തുള്ളൽക്കഥകളിലെ വർണ്ണനകളുടെ മാറ്റു് എത്രമാത്രം വർദ്ധിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ.

ഇങ്ങനെ, കേൾക്കുന്ന മാത്രയിൽതന്നെ ഹൃദയസംവാദമുണ്ടാകുവാൻ ഏതേതംശങ്ങളിലെല്ലാം അംഗീകരിക്കണമോ അവയെല്ലാം നമ്പ്യാർ തുള്ളൽക്കഥകളിൽ അംഗീകരിച്ചിട്ടുണ്ടു്. ഇതെല്ലാം പാമരജനങ്ങളേ ഉദ്ദേശിച്ചു് ബോധപൂർവ്വമായി സ്വീകരിച്ചതാണെങ്കിലും നമ്പ്യാരുടെ അപ്രതിമമായ കവനകലാവിലാസത്തിന്റെ നിമിത്തം രസവേദികളായ സഹൃദയന്മാർക്കും മഹാപണ്ഡിതന്മാർക്കുതന്നെയും അവ അത്യന്തം ആഹ്ലാദകാരികളായിച്ചമയുകയും തദ്വാരാ, കുടിൽതൊട്ടു കൊട്ടാരംവരെ അവ ആദരണീയങ്ങളായിത്തീരുകയുംചെയ്തു.

DHARMARAM COLLEGE LIBRARY
20604

ചിരിക്കുന്ന തത്വചിന്തകൻ

ഒരേ ഞെട്ടിൽ വിടർന്ന രണ്ടു മോഹനകുസുമങ്ങളാണ് സാഹിത്യവും തത്വചിന്തയും. ഇവ രണ്ടും അവിഭാജ്യങ്ങളാണ്; പരസ്പരപൂരകങ്ങളുമാണ്. സാഹിത്യത്തിന് ഈടും ഓജസ്സും നൽകുന്നത് തത്വചിന്തയാണെന്ന അഭിപ്രായമാണ് എല്ലാ സാഹിത്യചിന്തകന്മാക്കുമുള്ളത്; ഭാരതീയക്കു പ്രത്യേകിച്ചും.

കുഞ്ചൻനമ്പ്യാരെ സംബന്ധിച്ചു നോക്കുന്നതായാൽ, അദ്ദേഹം ഒരു തത്വചിന്തകനായിരുന്നുവെന്നതിനു സംശയമില്ല.—ഒരു ചിരിക്കുന്ന തത്വചിന്തകൻ! 'പടജനങ്ങടെ നട്ടവിൽ' 'ചിരിക്കുന്ന കഥ' പറയുകമാത്രമായിരുന്ന നമ്പ്യാരുടെ ഉദ്ദേശ്യമെന്നു് ആരെങ്കിലും അഭിപ്രായപ്പെടുന്നുണ്ടെങ്കിൽ, അതൊരന്ധന്റെ ഗജവർണ്ണനയേ ആകുന്നുള്ളു. സൂക്ഷ്മമാലോചിച്ചാൽ, പൊരുത്തക്കേടുകളും വൈരൂപ്യങ്ങളുമില്ലാത്തതും, സമത്വവും നീതിയും പുലരുന്നതുമായ ഒരു വ്യവസ്ഥിതി ഉണ്ടാകണമെന്നതായിരുന്ന അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതുയേറെ സമസൃഷ്ടിസ്നേഹവും, സമഭാവനയും ചുരുക്കം ചില കവികളിലേ കാണപ്പെടുന്നുള്ളു. അദ്ദേഹം തന്റെ പരിചയസീമയിൽപ്പെട്ട എല്ലാ ജനവിഭാഗങ്ങളേയും പ്രഹരിക്കുന്നുണ്ടെങ്കിലും അതു "സാമൂതമായ പാണികൾ"കൊണ്ടാണ്.

നമ്പ്യാരുടെ ഏതു തുള്ളൽക്കഥ എടുത്തു നോക്കിയാലും അതൊരു വിശിഷ്ട സന്ദേശം ഉൾക്കൊള്ളുന്നതായി കാണാം. ഈ സന്ദേശം മിക്കപ്പോഴും കഥാഗതിയിൽനിന്നുമുയിർക്കൊണ്ടു് സഹൃദയനായ വായനക്കാരന്റെ ഹൃദയാന്തർഭാഗത്തു ഗാഢമുദ്ര പതിക്കുന്നു. ചിലപ്പോൾ സ്വാഭിപ്രായപ്രകടനത്തിലും, മറ്റു ചിലപ്പോൾ ഏതെങ്കിലും കഥാപാത്രത്തിന്റെ വാക്കുകളിലൂടെയും ഇതു സൃഷ്ടികരിക്കപ്പെടാറുണ്ടു്. സഭ്യതയുടെ സീമകളെ അതിലംഘിക്കുന്ന ചില പ്രയോഗ

ങ്ങൾ ചിലപ്പോൾ നാം തുള്ളൽക്കഥകളിൽ കണ്ടെത്താറുണ്ടെന്നതു് വാസ്തവംതന്നെ. എന്നാൽ ഇതു് ചുറ്റുപാടുമുള്ള സാമുദായിക ജീവിതത്തെ സചകവിതയിൽ പ്രതിഫലിപ്പിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ പരിണത ഫലമാണു്. സന്മാഗ്ഗ്രജാഗ്രതയിൽ അദ്ദേഹം മറ്റാരുടേയും പിന്നിലായിരുന്നില്ലെന്ന വിചാരിക്കാൻ വേണ്ട തെളിവുകൾ തുള്ളലുകളിൽനിന്നുതന്നെ നമുക്കു ലഭിക്കുന്നുണ്ടു്.

സന്ദർഭത്തിനൊത്തു് ഇത്രയേറെ സാരോക്തികൾ പ്രയോഗിച്ചു ഫലിപ്പിച്ചിട്ടുള്ള കവികൾ മലയാളത്തിൽ വേറേയുണ്ടോ എന്ന സംശയമാണു്. ആശയപുഷ്ടലമായ പഴഞ്ചൊല്ലുകളും സദാചാര്യവാക്യങ്ങളും അദ്ദേഹത്തിന്റെകൃതികളിൽ അങ്ങോളമിങ്ങോളം കാണാം. അതുപോലെതന്നെ അർത്ഥഗൗരവവും ശ്രുപസാരസ്യവുംകൊണ്ടു് പഴഞ്ചൊല്ലുകളുടെ നിലയിലേയ്ക്കുയർന്നിട്ടുള്ള സൂക്തിരത്നങ്ങളും ഒട്ടുവളരെയുണ്ടു്. നോക്കുക:

"വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറുംകിട്ടു–
മൂട്ടിലും കിട്ടാ ദരിദ്രനെന്നോക്കണം"

"പഞ്ചസാരപ്പൊടിയേറെ ചെലുത്തിയാൽ
നെഞ്ചകത്തങ്ങു രുചിയും കുറഞ്ഞുപോം"

"മുല്ലപ്പൂമ്പൊടിയേറു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

"കാലപുരുഷന്റെ കൈവിരലിലെ കനകമോതിരം പോലെ" പരിശോഭിക്കുന്ന ഇത്തരം സാരോക്തികൾ, മുൻപറഞ്ഞ വൈശിഷ്ട്യങ്ങളോടൊപ്പം, കുഞ്ചൻ കവിതയുടെ മാറ്റും മഹിമയും വർദ്ധിപ്പിക്കുന്ന മുഖ്യാംശങ്ങളാണു്. ആകെപ്പാടെ നോക്കുമ്പോൾ, ഒരു കാലത്തും വിസ്മരിക്കാനാവാത്ത സംഭാവനകൾകൊണ്ടു്, മലയാളഭാഷയെ അനുഗ്രഹിച്ച ഒരു യുഗസ്രഷ്ടാവായ ജനകീയകവിയാണ കുഞ്ചൻനമ്പ്യാർ എന്നു പറയുന്നതിൽ എതിർവാദത്തിനു് ഒരവകാശവുമില്ലതന്നെ.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
22 NOV 2002		

DILIP'S PO

DC Library
00020604
T51 G65

കവിതാപഠനങ്ങൾ

Grade I ചെറുശ്ശേ

,, II കുഞ്ചന്റെ കവിത 0-12-0

,, III എഴുത്തച്ഛന്റെ കവിത 0-12-0

തിരഞ്ഞെടുത്ത കവിതകൾ (സവ്യാഖ്യാനം)

Grade I എഴുത്തച്ഛന്റെ ഭജനങ്ങൾ 1-0-0

കല്യാണസൗഗന്ധികം 1-0-0

Grade II സ്തീപർവ്വം 0-12-0

സൗഭദ്രികം 0-12-0

Grade III കണ്ണപ്പർവ്വം 1-0-0

കുചേലസദ്ഗതി 0-8-0

ആധുനിക കവിതകൾ

Grade I വേണഗാനം 1-0-0

,, II ഒരു പൗരൻ പിറക്കുന്നു 1-0-0

,, III കന്യാകുമാരി 1-0-0

DILIP PUBLISHING HOUSE
Karukachal, Changanacherry.

T 5
G